


# അധികാരിക്കുള്ള സഹായഗ്രന്ഥം




## അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനത്തിലേക്ക് സ്വാഗതം!

“മുതിരുമ്പോൾ നിനക്ക് ആരായിത്തീരാനാണ് ആഗ്രഹം?”എന്ന് ഒരു കുട്ടിയോട് നിങ്ങൾ എത്ര തവണ ചോദിച്ചിട്ടുണ്ട്?
ആരായിത്തീരണമെന്ന സ്വപ്നം നമുക്കെല്ലാവർക്കും ഉണ്ട്. വലിയ കാര്യങ്ങൾക്കായി നമ്മെ ഉപയോഗിക്കേണ്ടതിനായി നാം അവനിൽ ആശ വെയ്ക്കുന്നു. ഇത് സ്കൂളുകളിലോ, സഭകളിലോ, രാഷ്ട്രീയത്തിലോ, ആശുപത്രികളിലോ, ലാഭേച്ഛയില്ലാത്ത കമ്പനികളിലോ ആവാം. കഴിവുള്ളവരെ എല്ലാ തലങ്ങളിലും ദൈവത്തിന് ആവശ്യമാണ്. നാം അതിലൊരാളായിത്തീരാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മെ ഉപയോഗിക്കുന്നതായി നാം സ്വപ്നം കാണുന്നതുപോലെ തന്നെ നമ്മുടെ സമൂഹത്തിലും സഭയിലും ഉള്ള കുട്ടികളും സ്വപ്നം കാണുന്നു. ഒരിക്കൽ അവർ ആരായിത്തീരുമെന്ന് അവർ ആശിക്കുകയും സ്വപ്നം കാണുകയും ചെയ്യുന്നു. അവരുടെ ജീവിതത്തെപ്പറ്റി ദൈവത്തിന് വലിയ പദ്ധതികളാണുള്ളത് എന്ന് അവർ സ്വപ്നം കാണുന്നു. ദൈവത്തിന് അവരുടെ ജീവിതത്തെപ്പറ്റി വലിയ പദ്ധതികളാണുള്ളത് എന്നത് സുവാർത്തയാണ്.
ദു:ഖകരമായ വാർത്ത, പലരും തെറ്റുകൾ ചെയ്ത് അവരെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ നഷ്ടമാക്കുന്നു എന്നതാണ്. നഷ്ടപ്പെട്ടു പോകാതെ ദൈവഹിതത്തിൽ നിലനിന്ന് അവരുടെ ജീവിതത്തെപ്പറ്റി ദൈവത്തിനുള്ള വലിയ കാര്യങ്ങൾ നേടുവാൻ കുട്ടികളെ സഹായിക്കുക എന്നതാണ് VBS കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് ചുവടുകൾ ബലമായി ചവിട്ടിക്കൊണ്ട് ധൈര്യത്തോടും ശക്തിയോടും കൂടി ഒരു കൊടുമുടി കയറുവാനുള്ള സമ്മതം പോലെയാണ്.
ഈ വർഷത്തെ വെക്കേഷൻ ബൈബിൾ സ്കൂളിൽ, പ്രത്യേക അതിഥി പ്രസംഗകൻ കുട്ടികളോട് സംസാരിക്കേണ്ടതിനായി കടന്നു വരുന്നുണ്ട്. തന്നെക്കുറിച്ച് ദൈവത്തിന് വലിയ പദ്ധതികൾ ഉണ്ട് എന്ന് സ്വപ്നം കണ്ട യുവാവായ യോസേഫ് തന്നെയാണ് ആ അതിഥി. എന്നിരുന്നാലും യോസേഫിന് “കയറുവാൻ”, ആദ്യമായി അടിമയായിത്തീരേണ്ടതിന് ലോകത്തിലെ ഏറ്റവും ശക്തനായ വ്യക്തി അവനെ നയിക്കേണ്ടത് ആവശ്യമാണ്.

പർവ്വതത്തിലേക്കുള്ള യോസേഫിന്റെ വഴി അവന്റെ പതനമാണ്! ഇപ്രകാരമാണ് ദൈവം നമ്മുടെ ജീവിതത്തിലും പ്രവർത്തിക്കുന്നത്. ഉയരത്തിലേക്കുള്ള വഴി യഥാർത്ഥത്തിൽ താഴ്ചയാണ്! എങ്ങോട്ടെന്നില്ലാതെയോ അല്ലെങ്കിൽ പിന്നിലേക്കോ ആണ് നാം പോകുന്നത് എന്ന് തോന്നിയാലും നാം ഭയപ്പെടരുത്. യോസേഫിനുവേണ്ടി ചെയ്തതുപോലെ അവന് നമ്മെപ്പറ്റിയും മഹത്തായ പദ്ധതികളാണുള്ളത്. നാം അവനെ അനുവദിക്കുമെങ്കിൽ അവൻ നമ്മെ നടത്തും എന്ന് അവൻ വാഗ്ദത്തം നൽകിയിരിക്കുന്നു. “തന്റെ ജീവനെ കണ്ടെത്തുന്നവൻ അതിനെ കളയും, എന്റെ നാമത്തിനുവേണ്ടി ജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും” മത്തായി 10: 39 ദൈവത്തിനുവേണ്ടി നമ്മുടെ ജീവൻ നൽകുമ്പോൾ, നാം താഴ്ന്നു പോകുന്നു എന്ന് തോന്നിയാലും, യഥാർത്ഥത്തിൽ നാം മുന്നേറുകയായിരിക്കും.
നിങ്ങൾ എന്തു പറയുന്നു? നിങ്ങളുടെ വിദ്യാർത്ഥികളെ സാഹസികമായ ഒരു മല കയറ്റത്തിന് നിങ്ങൾ അനുവാദം നൽകുമോ? “കരകൗശല മുറിയിലോ” അല്ലെങ്കിൽ “തണുത്തുറഞ്ഞ മത്സരങ്ങൾക്കിടയിലോ” വൻകാറ്റ് ചുറ്റിയടിക്കുന്ന സമയം നിങ്ങൾ മഞ്ഞിനു മുകളിൽ സ്കീയിങിന് പോകുന്നതായി അഭിനയിക്കുക. “കൊടുമുടിയിലെ ലഘു ഭക്ഷണശാലയിൽ” ഇടവേള ആസ്വദിക്കുകയും അവർ ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ പ്രദർശിപ്പിക്കുകയും ചെയ്യുക. വിദ്യാർത്ഥികൾക്കുള്ള ഷീറ്റുകൾ മടക്കി, ആ ദിവസത്തെ വാക്യം കാണത്തക്ക വിധത്തിൽ കൈവളയായി ധരി



## വേദ വചന വാക്യം

"തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും"
മത്തായി 10: 39

ച്ചിരിക്കുന്നതുകൊണ്ട് തങ്ങളുടെ ഭവനങ്ങളിൽ മാതാപിതാക്കളുമായി അവർ പഠിച്ചതിനെപ്പറ്റി പങ്കുവെയ്ക്കുവാൻ വളരെ എളുപ്പത്തിൽ സാധിക്കും. ഈ VBS ൽ ഒരു പുതിയ ദൗത്യ പരിപാടി കൂടി ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മറ്റുള്ളവരെ സഹായിക്കത്തക്കവിധം അവരുടെ കണ്ണുകൾ തുറക്കപ്പെടാൻ ഇത് സഹായിക്കും. വരാനിരിക്കുന്ന അവധിക്കാലത്തിനായി തയ്യാറാക്കിക്കൊണ്ട് ഇപ്പോൾ, " അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനം" എന്ന ഈ VBS തണുത്തുറഞ്ഞതായി അഭിനയിക്കുക." തണുത്തുറഞ്ഞതിന്റെ ക്ഷീണം അനുഭവപ്പെടുമെങ്കിലും ഒരു സഭ മുഴുവനും ഒരുമിച്ച് മല കയറുന്നതിനാൽ അത് വളരെ രസകരമായിത്തീരും.

## ഉള്ളടക്കങ്ങളുടെ പട്ടിക


ആമുഖം 1
ക്രഡിറ്റുകൾ 2
അവലോകനം 3
ഈ സാമഗ്രികൾ എങ്ങനെ ഉപയോഗിക്കാം? 5
ചുറ്റിത്തിരിയൽ സ്ഥാനങ്ങൾ 8
കൂടുതൽ ചിന്തകൾ 10
പാഠം 1 13
പാഠം 2 19
പാഠം 3 25
പാഠം 4 31
പാഠം 5 37
"പരിധികൾ ഇല്ലാത്ത ലക്ഷ്യസ്ഥാനം" വിഭവങ്ങൾ. 43




കുട്ടികൾ പ്രാധാന്യമുള്ളവർ
CHILDREN ARE IMPORTANT
www.ChildrenAreImportant.com


ഈ പഠനസാമഗ്രി "children are important" എന്ന സംഘടന തയ്യാറാക്കിയതാണ്, തന്മൂലം അതിന്റെ എല്ലാ അവകാശങ്ങളും ഞങ്ങളിൽ അധിഷ്ഠിതമാണ്. ബാധ്യതകളൊന്നും കൂടാതെ സഭകൾക്കും മറ്റു സുവിശേഷ സംഘടനകൾക്കും ഞങ്ങളുടെ പഠനസാമഗ്രികൾ സൗജന്യമായി ഡൗൺലോഡു ചെയ്യുകയും, ഉപയോഗിക്കുകയും, അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്.



കൂടുതൽ വിവരങ്ങൾക്ക്, വിളിക്കുക/സമീപിക്കുക:
info@ChildrenAreImportant.com അല്ലെങ്കിൽ
01525929249041


എല്ലാ ബൈബിൾ വാക്യങ്ങളും NIVയിൽ നിന്നും


എല്ലാ ടീം അംഗങ്ങൾക്കും നന്ദി!
എഡിറ്റർ: Kristina Krauss
ക്രിയാത്മക ടീം അംഗങ്ങൾ: Dwight Krauss, Mike Kangas, Vickie Kangas, Rubén Darío, Suki Kangas, and Verónica Toj.

# അവലോകനം

വേദ വചന പർവ്വതം

സ്കീയിംഗ് ക്ലാസ്സ്

## 1 ദൈവത്തിൽ വിശ്വസിക്കുക

അടിവാരതാവളം

ആക്ഷേപിക്കപ്പട്ട യോസേഫിന്റെ സ്വപ്നങ്ങൾ (ഉല്പത്തി 37:2-11)

സ്വപ്നപ്പെട്ടി



ആക്ഷേപിക്കപ്പട്ട യോസേഫിന്റെസ്വപ്നങ്ങൾ



## 2 ദൈവത്തിൽ ആശ്രയിക്കുക

തണുത്തുറഞ്ഞ നദീമുഖ താവളം

യോസേഫ് തെറ്റായ പെരുമാറ്റത്തിന് ഇരയായി (ഉല്പത്തി 37: 12-35)

മരക്കുരിശ്



യോസേഫ് തെറ്റായ പെരുമാറ്റത്തിന് ഇരയായി



## 3 ദൈവത്തെ സേവിക്കുക

വനത്തിന്റെ അറ്റത്തുള്ള താവളം

പോത്തിഫറിന്റെ ഭവനത്തിൽ യോസേഫ് ശുശ്രൂഷിക്കുന്നു. (ഉല്പത്തി 37: 36, 39: 1–6)

കപടമായി ദൈവത്തെ സേവിക്കുക



പോത്തിഫറിന്റെ ഭവനത്തിൽ യോസേഫ് ശുശ്രൂഷിക്കുന്നു



## 4 ദൈവത്തിലുള്ള പ്രത്യാശ

ഹിമപ്പരപ്പ് താവളം

യോസേഫ് തടവറയിൽ വിസ്മരിക്കപ്പെട്ടു. (ഉല്പത്തി 39: 7-40: 23)

കടലാസുതോണി



യോസേഫ് തടവറയിൽ വിസ്മരിക്കപ്പെട്ടു



## 5 ദൈവത്തോടുള്ള നന്ദി

ഉച്ചകോടി

യോസേഫിന്റെ ദർശനങ്ങൾ സഫലമായി. (ഉല്പത്തി 41: 14-40, 41: 53–57, 42: 1–6)

കൊടുമുടിയിലെ പതാകകൾ



യോസേഫിന്റെ ദർശനങ്ങൾ സഫലമായി





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

| മുറിക്കുള്ളിലെ കരകൗശലങ്ങൾ | കൊടുമുടിയിലെ ലഘുഭക്ഷണശാല | കളികൾ തണുത്തുറഞ്ഞ |
|---|---|---|
| യോസേഫും അവന്റെ വർണ്ണാഭമായ മേലങ്കിയും  | യോസേഫിന്റെ വർണ്ണാഭമായ മേലങ്കി  | മഞ്ഞു കഷണങ്ങൾ കൈമാറുക<br>തണുത്തു മരവിച്ച നൃത്തം  |
| യോസേഫും കിണറും  | കിണർ  | മഞ്ഞുരുകൽ<br>മഞ്ഞു പന്തേറ്  |
| പുസ്തകത്തിൽ വയ്ക്കുന്ന അടയാളം  | മഞ്ഞുപരലുകൾക്കൊണ്ടുള്ള മധുര ബിസ്ക്കറ്റ്  | മഞ്ഞു പന്തു കുലുക്കി എറിയൽ<br>ബ്ലിസ്സാഡ് റിലേ  |
| പിക്ചർ ഫ്രെയിം  | മഞ്ഞു പന്തിന്റെ സത്ത്  | ശവംതീനികളെ വേട്ടയാടൽ<br>മഞ്ഞു പന്ത് ഓട്ടമത്സരം  |
| മഞ്ഞു മൂടിയ പർവ്വതത്തിന്റെ ദൃശ്യം  | പർവ്വതത്തിലെ സത്ക്കാരങ്ങൾ  | ഉത്സവ ദിവസം   |

# ഈ സാമഗ്രികൾ എങ്ങനെ ഉപയോഗിക്കാം?

## ലളിതമായVBS

"അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനത്തേക്ക്"സ്വാഗതം., ലളിതമായ VBSഎളുപ്പത്തിൽ ക്രമീകരിക്കുവാനും നടപ്പിലാക്കുവാനും കഴിയുന്ന ഒന്നാണ്. ഒരു തീയതി തീരുമാനിക്കുക, വൊളണ്ടിയേഴ്സിനെ വിളിച്ചു കൂട്ടുക, ഇപ്പോൾ നിങ്ങൾ തയ്യാറായിക്കഴിഞ്ഞു! ഈ വർഷം,"കുട്ടികൾ പ്രധാനപ്പെട്ടവരാണ് "എന്ന സംഘം വിവിധ രാജ്യങ്ങളിലെ VBS കൾ സന്ദർശിച്ച് പാഠ്യ പദ്ധതികളിൽ എന്ത് മാറ്റമാണ് സഭകൾ ആഗ്രഹിക്കുന്നത് എന്ന് മനസ്സിലാക്കി. ഇന്ത്യയിലെ ചില സഭകൾ VBS ലെകുട്ടികൾക്കൊപ്പം കൂടുതൽ സമയം ചിലവഴിക്കേണ്ടതിന് കൂടുതൽ പ്രവർത്തനങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനായി യോസേഫ് സന്ദർശിക്കുവാൻ വരുന്ന രണ്ട് ചുറ്റിത്തിരിയൽ സ്ഥാനങ്ങളും, ദൗത്യ സ്ഥലങ്ങളും, വേദപുസ്തക സ്ഥാനങ്ങളും കൂടുതലായി ചേർത്തിരിക്കുന്നു! ഇവ വളരെ എളുപ്പത്തിൽ ചെയ്യുവാൻ കഴിയുന്നവയാണ്, കൂടാതെ ഇത് VBS അഭ്യസിക്കുന്നത് കൂടുതൽ രസകരമാക്കുകയും നിങ്ങൾക്ക് ആവശ്യമായ ധാരാളം കാര്യങ്ങൾ കൂടുതൽ സമയത്തേക്ക് ലഭ്യമാക്കുകയും ചെയ്യും.

വിദ്യാർത്ഥികൾക്കുള്ള കടലാസിൽ കൂടുതൽ പ്രവൃത്തികൾ ആവശ്യമാണ് എന്നതായിരുന്നു മറ്റൊരു അപേക്ഷ. 1/2 പേജിൽ തന്നെ 5 പ്രവൃത്തികൾ ഉൾപ്പെടുത്തുവാൻ സാധിച്ചതിൽ ഞങ്ങൾ ആവേശഭരിതരായിത്തീർന്നു. നിങ്ങളുടെ ഓരോ കുട്ടിക്കും അധികം ചിലവില്ലാതെതന്നെ കൂടുതൽ കാര്യങ്ങൾ ഇത് നൽകിത്തരുന്നു.

നിങ്ങൾ ഉപയോഗിക്കുന്നത്"ഊഴം വച്ചുള്ള രീതിയോ, അല്ലെങ്കിൽ പ്രാചീനമായ ക്ലാസ്സ് മുറി" രീതിയോ ഏതാണെങ്കിലും VBS രസകരമാക്കുവാൻ ഉതകുന്ന ധാരാളം പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്,"സ്വന്തം ജീവിതം നഷ്ടപ്പെടുത്തിക്കൊണ്ട് അവരുടെ ജീവൻ എങ്ങനെ നേടാം" എന്ന് മുഴുവൻ സഭയും ഇതോടൊപ്പം പഠിക്കുന്നു.

## നാടകങ്ങൾ



നാടകങ്ങൾഓരോ ദിവസത്തെ പാഠങ്ങളും രസകരമായ രീതിയിൽ പരിചയപ്പെടുത്തുന്നു. അതോടൊപ്പം വിദ്യാർത്ഥികൾക്ക് പഠനങ്ങൾഓരോന്നും സ്വന്തം ജീവിതവുമായി ഇണക്കിച്ചേർക്കുന്നതിന് സാധിക്കുന്നു. ഓരോ ദിവസവും അഭിനേതാക്കൾ ഒന്നു തന്നെ ആയിരിക്കുകയും ഒരാഴ്ച മുഴുവൻ വേഷവും ഒന്നു തന്നെ ആയിരിക്കാനുമാണ് ഞങ്ങൾ ശുപാർശ ചെയ്യുന്നത്. ഓരോ സ്ഥലങ്ങളിലും കുട്ടികളെ സന്ദർശിക്കുവാനും വല്ലപ്പോഴും കുട്ടികൾക്കൊപ്പം "സെൽഫികൾ"എടുക്കുവാനും അവർക്ക് കഴിയും.

ഈ വർഷത്തെ നാടകങ്ങളിൽ മുയൽ, സ്കീയിങ് അഭ്യസിക്കുകയും കലമാൻ പരിശീലകനായിരിക്കുകയും ചെയ്യും. അവരുടെ ലക്ഷ്യം കൊടുമുടിയിൽ കയറി അവിടെ നിന്ന് സ്കീയിങ് നടത്തുക എന്നതായിരിക്കും.എന്നാൽ മുയൽ എളുപ്പവും താഴ്ന്ന നിലയിലുള്ള ചരിവുകളിൽ സ്കീയിങ് ചെയ്തു തുടങ്ങുകയും നന്നായി അഭ്യസിക്കുകയും ചെയ്യണം. ഓരോ നാടകത്തിലും മുയൽ, കുട്ടികൾ അഭ്യസിക്കുന്ന ഓരോ പാഠങ്ങളും പഠിക്കണം. ചില നാടകങ്ങളിൽ മുയലിനു കാലിടറി വീഴേണ്ടതുകൊണ്ട് കഴിയുമെങ്കിൽ ചെറുപ്പക്കാരനായ ഒരു കായികാഭ്യാസിയെ ഇതിനായി നിയമിക്കുക.

അഞ്ചു ദിവസത്തേക്കുള്ള നാടകങ്ങൾ:

1. മുയൽകുഞ്ഞ് ചരിവ് : ദൈവത്തെ വിശ്വസിക്കുക.
2. ചാട്ടങ്ങൾ : ദൈവത്തിൽ ആശ്രയിക്കുക.
3. കൊടികെട്ടിയ മത്സരപ്പാച്ചിൽ : ദൈവത്തെ സേവിക്കുക.
4. കാത്തിരിക്കുക : ദൈവത്തിലുള്ള ആശ
5. കൊടുമുടി : ദൈവത്തിന് നന്ദി അർപ്പിക്കുക.

## VBS ചുറ്റിത്തിരിയൽ രീതി.

ഒരേ സമയം 3 സ്ഥലങ്ങളിൽ ചുറ്റിത്തിരിയൽ നടത്തുവാനായി എഴുതപ്പെട്ടിട്ടുള്ളതാണ് ഈ VBS.ഇതിനർത്ഥം നിങ്ങളുടെ സംഘത്തെ മൂന്നായി തിരിക്കുക എന്നതാണ്, ഈ കൂട്ടങ്ങൾ നൽകപ്പെട്ടിരിക്കുന്ന ആദ്യത്തെ മൂന്ന് സ്ഥലങ്ങളിലൂടെ ചുറ്റിക്കറങ്ങുകയും തുടർന്ന് അടുത്ത 3 സ്ഥലങ്ങളിലും ചുറ്റുകയും ചെയ്യും. ഓരോ സ്ഥലങ്ങളിലും 30–40 മിനിറ്റുകൾ വീതം നീണ്ടു നിൽക്കുന്നു. അങ്ങനെ ഓരോ ദിവസവും മൂന്ന് പ്രാവശ്യം സന്ദർശനങ്ങൾ ആവർത്തിക്കുകയും ചെയ്യുന്നു.

ഞങ്ങൾ വിദ്യാർത്ഥികൾക്കുള്ള പേജുകൾ വിഭാഗിക്കുന്നതുപോലെ നിങ്ങളുടെ സംഘത്തേയും മൂന്നായി വിഭജിക്കുന്നതതാണ് ഏറ്റവും ലളിതമായ മാർഗ്ഗം :

- എളുപ്പമുള്ളത് (4–6 വയസ്സ് വരെ)
- ഇടത്തരം (7–9 വയസ്സുവരെ)
- പ്രയാസമേറിയത് (10–12 വയസ്സുവരെ)

കൗമാരക്കാരായവരെ (13 + വയസ്സ്)

VBS ൽ നിങ്ങളുടെ യുവ സഹായികളായി ഉപയോഗിക്കുവാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. എന്നിരുന്നാലും " പ്രയാസമേറിയ" വിദ്യാർത്ഥികൾക്കുള്ള പേജിൽ തന്നിരിക്കുന്നത് മുതിർന്നവർക്കും പ്രായപൂർത്തിയായവർക്കും ഒരുപോലെ രസകരമായിരിക്കും. സ്ഥലങ്ങളിൽ ചുറ്റിക്കറങ്ങുവാനുള്ള ഞങ്ങൾ തിരഞ്ഞെടുക്കുന്ന ഇഷ്ട മാർഗ്ഗം, കറങ്ങുവാനുള്ള സമയത്ത്പാട്ട് കേൾപ്പിക്കുക എന്നതാണ്. അപ്പോൾ ഒരു സ്ഥാനത്തുനിന്ന് മറ്റൊരു സ്ഥാനത്തേക്ക് കറങ്ങുമ്പോൾ കുട്ടികൾക്ക് വളരെയധികം ഊർജ്ജംലഭ്യമാകുന്നു.

ഈ വർഷം രണ്ട് സ്ഥാനങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നു, ബൈബിൾ സ്ഥാനവും സുവിശേഷ സ്ഥാനവും. ഇത് അഞ്ചു സ്ഥാനങ്ങൾ നൽകുന്നു. അതുകൊണ്ട് ലഘുഭക്ഷണ സ്ഥാനം എന്നൊരു സ്ഥാനവും കൂട്ടിച്ചേർത്തിട്ടുണ്ട്. അങ്ങനെ ഈ ആറ് സ്ഥാനങ്ങളിലൂടെ മൂന്ന് വ്യത്യസ്ത പ്രായക്കാരുടെ സംഘത്തിൽ വളരെ എളുപ്പത്തിൽ ചുറ്റിക്കറങ്ങുവാൻ സാധിക്കും. എന്നാൽ ഇത് ചില പ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം. കാരണം ചില കുട്ടികൾക്ക് ദിവസം അവസാനിക്കുന്ന സമയം വരെ ഒരുപക്ഷേ അവരുടെ ലഘു ഭക്ഷണം കഴിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ മുതിർന്ന കുട്ടികൾ അവരുടെ ലഘുഭക്ഷണത്തിനുവേണ്ടി കാത്തു നിൽക്കുവാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. നിങ്ങൾ ലഘുഭക്ഷണം ദിവസത്തിന്റെ മധ്യ സമയത്ത് നൽകുകയാണെങ്കിൽമറ്റു ചില വഴികൾ കൂടി തിരഞ്ഞെടുക്കുവാൻ കഴിയും, നിങ്ങളുടെ സംഘത്തെ അഞ്ച് ക്ലാസ്സുകളായി തിരിച്ച് 5 സ്ഥാനങ്ങളിൽ ഒരേ സമയത്ത് ചുറ്റിക്കറങ്ങുവാൻ സാധിക്കും. രണ്ട് പ്രായപരിധി കൂട്ടങ്ങളിൽ ഏറ്റവും വലിയ കൂട്ടത്തെ രണ്ടായി വിഭാഗിച്ചുകൊണ്ട് ഇത് നിങ്ങൾക്ക് സാധ്യമാകും. മറ്റൊരു സ്ഥാനം കൂട്ടിച്ചേർത്ത് മന:പാഠ വാക്യങ്ങളും പാട്ടുകൾക്കുള്ള ആംഗ്യങ്ങളും അല്ലെങ്കിൽ ഇത് രണ്ടുംകൂടി പഠിക്കുവാൻ സാധിക്കും. ഇങ്ങനെ നിങ്ങൾക്ക് ലഘുഭക്ഷണത്തിനുള്ള സ്ഥാനം കൂടാതെ മറ്റ് ആറ് സ്ഥാനങ്ങൾ കൂടി ലഭ്യമാകും. ഇടയ്ക്കിടെ ചില സ്ഥാനങ്ങൾ ഒഴിവാക്കിക്കൊണ്ട് നിങ്ങളുടെ VBS നെ ചുരുക്കുവാനും കഴിയും.

## പാരമ്പര്യ ക്ലാസ്സ്–മുറി രീതി

ചുറ്റിക്കറങ്ങൽ രീതി ഉപയോഗിക്കുന്നില്ല എങ്കിൽ നിങ്ങളുടെ VBS നുവേണ്ടി പാരമ്പര്യ ക്ലാസ്സ്മുറി പദ്ധതി ഉപയോഗിക്കുവാൻ സാധിക്കും. ഈ പദ്ധതി കൂടുതൽ സമയം വിനിയോഗിക്കുവാൻ നിങ്ങളെ സഹായിക്കും. അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ VBS കുറച്ചുകൂടി സുവിസ്തരമാക്കിത്തീർക്കുവാൻ സാധിക്കും. എന്നാൽ ഇതിനായി കൂടുതൽ

## കീഴുദ്യോസ്ഥർ

ഒരു വലിയ കൂട്ടം കീഴുദ്യോസ്ഥർക്കൊപ്പം, പങ്കെടുക്കുന്ന ഏവർക്കും VBS ഏറെ രസകരമായി മാറുന്നു. അതുകൊണ്ട് തന്നെ കൂടുതൽ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രവൃത്തികൾ വിഭജിച്ചിരിക്കുന്നു. നിങ്ങൾ ചുറ്റിക്കറങ്ങൽ രീതിയാണ് ഉപയോഗിക്കുന്നതെങ്കിൽ താഴെ നൽകിയിരിക്കുന്ന കർത്തവ്യങ്ങളായിരിക്കും കീഴുദ്യോഗസ്ഥർ നിർവ്വഹിക്കേണ്ടത്.

1 VBS അദ്ധ്യക്ഷൻ

സംഗീതം നയിക്കുന്ന 1 വ്യക്തി

പ്രധാന പാഠങ്ങൾ പ്രസംഗിക്കുന്ന 1 വ്യക്തി

നാടകത്തിലെ അഭിനേതാക്കൾ 2 (കലമാനും മുയലും)

ചെറിയ കൂട്ടത്തിനുള്ള 6 നേതാക്കൾ, ഓരോ പ്രായപരിധി കൂട്ടത്തിനും 2 നേതാക്കൾ വീതം, (ഇവർ വിദ്യാർത്ഥികൾക്കൊപ്പം വ്യത്യസ്ത സ്ഥാനങ്ങളിൽ പോകേണം)



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

അധ്യാപകരെ ആവശ്യമായി വരുന്നു. ഓരോ കൂട്ടത്തിനും കഥാപാത്രമായി യോസേഫിനെയും അതുപോലെ എല്ലാ പ്രവൃത്തികളും അധ്യാപകർ പഠിച്ചിരിക്കേണ്ടതും ആവശ്യമായി വരുന്നു.

സ്ഥാനങ്ങൾ:

2 വേദ പുസ്തകസ്ഥാനങ്ങൾ (1 ഏകോപകൻ, 1 യോസേഫ് അഭിനയിക്കുന്ന അഭിനേതാവ്) (6 മണിക്കൂർ)

1 ക്ലാസ്സ് മുറി ഏകോപകൻ (വിദ്യാർത്ഥികൾക്കുള്ള പ്രവൃത്തി ഷീറ്റുകൾ കൈകാര്യം ചെയ്യുവാൻ)

1 കരകൗശല വിദ്യ ഏകോപകൻ

1 ലഘുഭക്ഷണ ഏകോപകൻ

1 മത്സര ഏകോപകൻ

1 ദൗത്യ ഏകോപകൻ

## പദ്ധതികൾ

### ചുറ്റിക്കറങ്ങൽ പദ്ധതി (3–5 മണിക്കൂർ)

സംഘത്തിന്റെപ്രാരംഭ സമയം (45 മിനിറ്റുകൾ)

- സംഗീതം
- നാടകം (കലമാനും മുയലിനും ഒപ്പം)
- പ്രധാന അദ്ധ്യാപനം







(20–40 മിനിറ്റുകൾ വീതം)







ദൗത്യ പര്യടനങ്ങൾ (20–40 മിനിറ്റുകൾ വീതം)




കൊടുമുടി ഭക്ഷണശാല (20–40 മിനിറ്റുകൾ വീതം)




മഞ്ഞിലെ കളികൾ (20–40 മിനിറ്റുകൾ വീതം)

സംഘങ്ങളുടെ സമാപന സമയം (15 മിനിറ്റുകൾ)

- സംഗീതം
- സമാപനവും പ്രഖ്യാപനങ്ങളും

### പാരമ്പര്യ പദ്ധതി

സംഘത്തിന്റെ പ്രാരംഭ സമയം (1 1/2 മണിക്കൂർ)

30 മിനിറ്റുകൾ : ധ്യാനം : പ്രധാന പാഠങ്ങൾ ഓരോ ദിവസവും ഉപയോഗിക്കുക.

30 മിനിറ്റുകൾ : പാട്ടുകൾ : നിങ്ങൾക്ക് പ്രിയപ്പെട്ട ആരാധനാഗാനങ്ങളും ഒപ്പം VBS ന് ലഭ്യമായിട്ടുള്ള പ്രത്യേക CD കളും ഉപയോഗിക്കുക.

15 മിനിറ്റുകൾ : നാടകം, കലമാനും മുയലിനും ഒപ്പം (ഓരോ ദിവസവും പ്രമേയം പരിചയപ്പെടുത്തുവാൻ സഹായിക്കുന്നു)

15 മിനിറ്റുകൾ : ആ ദിവസത്തെ പ്രധാന പ്രമേയം അവലോകനം ചെയ്യുക, പിന്നീട് ക്ലാസ്സുകളായി തിരിക്കുക

ക്ലാസ്സ്മുറി സമയം (1/2 മണിക്കൂർ)

15 മിനിറ്റുകൾ : അധ്യാപകനും അതിഥി “ യോസേഫും” ക്ലാസ്സുകൾ പങ്കുവെയ്ക്കുന്നു. (വേദപുസ്തക പർവ്വത സ്ഥലത്തുനിന്ന്)

15 മിനിറ്റുകൾ : ക്ലാസ്സ് മുറികളിലെ പ്രവൃത്തികൾ യോസേഫിനൊപ്പം ചെയ്യുക. (വേദപുസ്തക പർവ്വത സ്ഥാനത്തുനിന്ന്)

45 മിനിറ്റുകൾ : വിദ്യാർത്ഥികൾക്കുള്ള പ്രവൃത്തി ഷീറ്റുകൾ (സ്കീയിങ് അഭ്യസന സ്ഥാനത്തു നിന്ന്)

15 മിനിറ്റുകൾ : സമ്മതിദാന പ്രവൃത്തി (സ്കീയിങ് അഭ്യസന സ്ഥലത്തുനിന്ന്)

ലഘുഭക്ഷണ സമയം / ചായയ്ക്കുള്ള ഇടവേള (30 മിനിറ്റുകൾ) (കൊടുമുടിയിലെ ലഘുഭക്ഷണ ശാലാ സ്ഥാനത്തുനിന്ന്)

ക്ലാസ്സ് മുറി സമയം (1/2 മണിക്കൂർ)

20 മിനിറ്റുകൾ : ദൗത്യത്തെപ്പറ്റി പഠിക്കുന്നു (സുവിശേഷ പ്രചാരക-പര്യടന സ്ഥാനത്തുനിന്ന്)

40 മിനിറ്റുകൾ : കരകൗശല പ്രവൃത്തി സമയം (കരകൗശല മുറി സ്ഥാനത്തുനിന്ന്)

മത്സര സമയം (30 മിനിറ്റുകൾ) (മഞ്ഞുമൂടിയ കളിസ്ഥലത്തു നിന്ന്)

സംഘത്തിന്റെ സമാപന സമയം (30 മിനിറ്റുകൾ)

15 മിനിറ്റുകൾ : പാട്ടുകൾ

15 മിനിറ്റുകൾ : അടുത്ത ദിവസത്തേക്കുള്ള അവലോകനവും പ്രഖ്യാപനങ്ങളും



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# ചുറ്റിത്തിരിയൽ സ്ഥാനങ്ങൾ




## വേദപുസ്തക പർവ്വതം



ഈ സ്ഥാനത്ത് ഞങ്ങൾ യഥാർത്ഥത്തിൽ യോസേഫിനെ VBS സന്ദർശിക്കുന്നതിനായി ക്ഷണിച്ചിരിക്കുന്നു! നിങ്ങളുടെ ഒരു നേതാവ് ഈജിപ്റ്റിൽ നിന്നുമുള്ള യോസേഫായി ഒരുങ്ങുന്നു, ഓരോ ദിവസവും തന്റെ ജീവിതകഥ അദ്ദേഹം കുട്ടികളുമായി പങ്കുവെയ്ക്കുകയും അവരെ അഭിവാദ്യം ചെയ്യുകയും ചെയ്യുന്നു. യോസേഫ് പങ്കുവെച്ച ശേഷം, അധ്യാപകൻ യോസേഫിന് നന്ദി പറയുകയും ചില കാര്യങ്ങൾ പങ്കുവെയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം പ്രവൃത്തികൾക്കായി വിദ്യാർത്ഥികളെ നയിക്കുന്നു.

നിങ്ങളുടെ സമയത്തിനൊടുവിൽ ആ ദിവസത്തേക്കുള്ള സമ്മതിദാനം നടത്തുവാനായി വിദ്യാർത്ഥികളെ നയിക്കുക.പിന്നീട് ആ ദിവസത്തെ രണ്ട് തിരഞ്ഞെടുക്കലുകൾ അവതരിപ്പിക്കുക, അത് ശരിയായോ തെറ്റായോ ഉത്തരം നൽകാത്ത രീതിയിൽ ചർച്ച നടത്തുക. വിദ്യാർത്ഥികൾ സ്വയം ചിന്തിച്ച് സമ്മതിദാനം ചെയ്യുവാൻ അനുവദിക്കുക. അവർക്ക് ചുവരിൽ ഒപ്പുവെച്ചോ അല്ലെങ്കിൽ സ്റ്റിക്കർ ഒട്ടിക്കുകയോ ചെയ്യു വാൻ കഴിയും.




## സ്കീയിങ് അഭ്യസനം

തലക്കെട്ടിലുള്ള മന:പാഠ വാക്യങ്ങളും അവലോകനം ചെയ്യുക. വിദ്യാർത്ഥികൾക്കുള്ള ഷീറ്റ് വിതരണം ചെയ്യുകയും അവരെ സഹായിക്കുകയും ചെയ്യുക.രസകരമായ 5 പ്രവൃത്തികളാണ് ഓരോ ഷീറ്റിലും ഉണ്ടായിരിക്കുക!

ഷീറ്റിന്റെ മുൻഭാഗത്ത് രണ്ട് പദപ്രശ്നങ്ങൾ ഉണ്ട്. മുതിർന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു പങ്കാളിക്കൊപ്പം കളിക്കുവാനുതകുന്ന കളികൾ നൽകിയിട്ടുണ്ട്. നിങ്ങളുടെ വിദ്യാർത്ഥികൾഒരു പങ്കാളിയെ തെരഞ്ഞെടുത്ത് കളിക്കുവാൻ അനുവദിക്കുക! അടുത്തത് വാക്കുകൾ കണ്ടെത്തലാണ്. ചെറിയ കുട്ടികൾക്കായി യോസേഫിന്റെ ചിത്രത്തിൽ മറഞ്ഞിരിക്കുന്ന 10 വ്യത്യസ്ത തരം വസ്തുക്കൾ നൽകിയിരിക്കുന്നു. ഒളിഞ്ഞിരിക്കുന്ന വസ്തുക്കൾ കണ്ടെത്തിയ ശേഷം ചിത്രത്തിന് നിറം നൽകുവാൻ അനുവദിക്കുക.അതിനുശേഷം വിദ്യാർത്ഥികളുടെ ഷീറ്റ് കുരുക്കുവഴിയുടെ മുകളിലേക്ക് എറിയുക.വഴി കണ്ടുപിടിച്ചതിന് ശേഷം നിറം കൊടുത്ത് മനോഹരമാക്കിയ കൈവളയാക്കി വീട്ടിൽ കൊണ്ടുപോകാം. അവസാനമായി മന:പ്പാഠവാക്യം കാണത്തക്ക വിധം ഷീറ്റ് മടക്കി ഒട്ടിച്ച് വീട്ടിലേക്ക് കൊണ്ടുപോകാം!





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam




## മുറിയിലെ കരകൗശലങ്ങൾ

ഈ സ്ഥലത്ത് നിങ്ങളുടെ കുട്ടികൾ പാഠങ്ങൾ ഓർമ്മിക്കത്തക്കവിധം കരകൗശല വസ്തുക്കൾ ഉണ്ടാക്കി രസിക്കുകയും തമാശ നിറഞ്ഞ എന്തെങ്കിലും, വീട്ടിലേക്ക് കൊണ്ടുപോവുകയും ചെയ്യാം. കരകൗശല വസ്തുക്കൾ ഉണ്ടാക്കുവാനുള്ള രീതികൾ ഓൺലൈനിലും കരൗശല ലഘുലേഖയിലും ലഭ്യമാണ്.ഒരു ചെറിയ പേപ്പറിൽ ഫോട്ടോകോപ്പി ചെയ്യുകയാണെങ്കിൽ ചില കരകൗശല പ്രവൃത്തികൾ ചെയ്യുവാൻ നിങ്ങൾക്കു സാധിക്കും!




## കൊടുമുടി ലഘുഭക്ഷണശാല

നിങ്ങൾക്ക് സാധാരണ ലഘുഭക്ഷണം, ചായ, ഉച്ചഭക്ഷണം എന്നിവ നിങ്ങളുടെ താല്പര്യപ്രകാരം വിതരണം ചെയ്യുവാൻ കഴിയും.  ഞങ്ങളുടെ ലഘുഭക്ഷണ ആശയം ഭക്ഷണ യോഗ്യമായിരിക്കുന്നത് നിങ്ങളുടെ വിദ്യാർത്ഥികൾക്കുള്ള നല്ല ഒരു പ്രവൃത്തിയാണ്.
യോസേഫിന്റെ വിവിധ വർണ്ണങ്ങൾനിറഞ്ഞ അങ്കി, ബ്രഡും ക്രാക്കേഴ്സും ഉപയോഗിച്ച് നിർമ്മിക്കുന്നതും VBS  ൽ എല്ലാവർക്കും രസകരവും ചിലവ് കുറഞ്ഞതും ആയിരിക്കും. നിങ്ങൾക്ക് എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്ന വിധത്തിൽ ലഘു ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ ഉപയോഗിച്ച് രസകരമാക്കുവാൻ കഴിയും.




## തണുത്തുറഞ്ഞ കളികൾ

കളികൾ ഒരു കുട്ടിയുടെ ജീവിതത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അതുകൊണ്ടു തന്നെ VBS  ൽ മത്സരങ്ങൾ ഉൾപ്പെടുത്തുക എന്നതും വളരെ പ്രാധാന്യം അർഹിക്കുന്നു!  ഓരോ പാഠത്തിലും നൽകിയിരിക്കുന്ന ഒരു കളിയോ അല്ലെങ്കിൽ രണ്ടും ഒരുമിച്ചോ തിരഞ്ഞെടുക്കുവാൻ കഴിയും.  ലഭ്യമാണെങ്കിൽ ഐസ് ഉപയോഗിച്ച് VBS  കൂടുതൽ തണുപ്പുള്ളതും രസകരവും ആക്കുക!

## ദൗത്യപര്യടനങ്ങൾ




"വിബിഎസ് അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനങ്ങൾ" എന്ന പുതിയ പരിപാടി പരിചയപ്പെടുത്തുന്നതിലൂടെ മറ്റു രാജ്യങ്ങളിലുള്ള കുട്ടികൾക്കും വിബിഎസിൽ പങ്കെടുക്കുവാൻ കഴിയേണ്ടതിന് അവരെ സഹായിക്കുന്നതിൽ നിങ്ങൾക്കും പങ്കാളികളായിത്തീരുവാൻ കഴിയും. ഇപ്രകാരം പുതിയ ഒരു ദൗത്യ മേഖല വാഗ്ദാനം നൽകിക്കൊണ്ട് നിങ്ങളുടെ എല്ലാ വിദ്യാർത്ഥികൾക്കും ഇതിൽ പങ്കെടുത്ത് വ്യത്യസ്തമായ രീതിയിൽ മറ്റൊരു രാജ്യത്തെപ്പറ്റി മനസ്സിലാക്കുവാൻ സാധിക്കുന്നു എന്നതിനാൽ ഞങ്ങൾ വളരെ ആവേശഭരിതരായിരിക്കുന്നു. രണ്ട് വ്യത്യസ്ത തരത്തിലുള്ള ദൗത്യ ലേഖകൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അവ ഓരോന്നും ഈ ഗൃഹത്തിന്റെ ഇരു ഭാഗങ്ങളിലും ഉള്ളവർക്കായിട്ടാണ്. ലോകത്തിന്റെ മറുഭാഗത്തേക്ക് സഞ്ചരിക്കുന്നതായും അവിടുത്തെ സംസ്കാരം, ഭാഷ, ആവശ്യങ്ങൾ എന്നിവ മനസ്സിലാക്കുന്നതോടൊപ്പം വിബിഎസ് എന്താണ് എന്ന് മനസ്സിലാക്കുന്നതായും നിങ്ങളുടെ കുട്ടികൾ സങ്കല്പിക്കുക. ലാറ്റിൻ അമേരിക്കയിലെ കുട്ടികൾ ഇന്ത്യയെപ്പറ്റിയും തെക്കൻ ഏഷ്യയിലെ കുട്ടികൾ തെക്കെ അമേരിക്കയെപ്പറ്റിയും മനസ്സിലാക്കും.
ഈ ദൗത്യ പരിപാടിയിൽ ഒരു പ്രത്യേക രാജ്യത്തിന്റെ അല്ലെങ്കിൽ പ്രദേശത്തിന്റെ ചിത്രങ്ങളും വിബിഎസ് വിദ്യാർത്ഥികൾക്ക് വിവിധ ഭാഷകളിലുള്ള ഷീറ്റുകളും ഓരോ ദിവസത്തെയും ദൗത്യ ദാനങ്ങൾ ശേഖരിക്കുന്നതിനായി ഒരു ധനശേഖരണ ബാങ്കും ഉൾപ്പെടുത്തിയിട്ടുണ്ട്. Kristina@losninoscuentan.com എന്ന അഡ്രസ്സിൽ സഹോദരി ക്രിസ്റ്റീനയുമായി ബന്ധപ്പെട്ടാൽ  നിങ്ങളുടെ ദാനങ്ങൾ അയയ്ക്കുന്നതിനും വിബിഎസിൽ പങ്കെടുക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിനും സാധിക്കും. ലോകത്തിന്റെ വവിവിധ ഭാഗങ്ങളിലെ ചിലവുകൾ വളരെ വലിയതും ഞങ്ങൾക്ക് തനിയെ വഹിക്കുവാൻ സാധിക്കാത്തതും ആയതിനാൽ ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാത്തരം ദാനങ്ങളെയും ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ദൗത്യമേഖലകൾ ഉപയോഗിച്ച് നിങ്ങളുടെ വിഭാഗങ്ങളെപ്പറ്റിയും വിവിധ ദൗത്യ പരിപാടികളെപ്പറ്റി പങ്കുവയ്ക്കുന്നതിനും നിങ്ങളുടെ ദാനങ്ങൾ അയയ്ക്കുന്നതിനും കഴിയും.

# കൂടുതൽ ചിന്തകൾ



എങ്കിലും സാധാരണ കടലാസും അതുപോലെ നല്ലതാണ്.

## കടലാസുകൊണ്ടുള്ള മഞ്ഞുപരലുകൾ

ഒരു കടലാസ് പലതവണ മടക്കുക, അതിന്റെ വശങ്ങളിൽ നിന്നും ചില രൂപങ്ങൾ വെട്ടിയെടുക്കുക. കടലാസ് തുറന്ന് മഞ്ഞു പരലുകൾ നോക്കുക. അനേകം വ്യത്യസ്ത രീതികളിൽ വെട്ടിയെടുത്ത് പള്ളിയിൽ പല ഭാഗങ്ങളിലായി തൂക്കിയിടുക. ഘനം കുറഞ്ഞ കടലാസ് ഉപയോഗിക്കുവാൻ എളുപ്പമാണ്.







മരത്തിന്റെ ഒരു ശാഖകൊണ്ട് ഓരോ കുട്ടിക്കും മനോഹരമായ, 'നെയിം കാർഡ്' ഉണ്ടാക്കുക.



കോട്ടൺ പന്തുകൾ ചെറിയ നൂലിലോ കമ്പിയിലോ കോർത്ത് കെട്ടുക. എന്നിട്ട് ഈ മഞ്ഞുചരടുകൾ പള്ളിക്കു ചുറ്റും തൂക്കിയിടുക.

വെള്ളയോ നീല നിറത്തിലോ ഉള്ള കരകൗശല പേപ്പർ അല്ലെങ്കിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ഹാളുകൾ അലങ്കരിക്കുകയും മഞ്ഞുപരലുകൾ എല്ലായിടത്തും തൂക്കുകയും ചെയ്യുക.





കടലാസ് മഞ്ഞുപാളി ഉണ്ടാക്കി മച്ചിൽ തൂക്കുക. പ്രവേശന കവാടത്തിൽ ബലൂണുകൾ കൊണ്ട് ആർച്ച്വേ ഉണ്ടാക്കി, ശൈത്യകാല വണ്ടർലാന്റിൽ ആണ് എന്ന പ്രതീതി കുട്ടികൾക്കുണ്ടാകത്ത രീതിയിൽ അലങ്കരിക്കുക.



## പർവ്വത രൂപരേഖ

ഒരു രൂപരേഖ തയ്യാറാക്കി ഈ കാര്യപരിപാടിയിൽ കൊടുമുടിയിലേക്ക് കുട്ടികൾ എപ്രകാരം മുന്നേറുന്നു എന്ന് കാണുക. ഈ രൂപരേഖയിൽ ഓരോ സ്ഥാനങ്ങളും ഓരോ ദിവസത്തേയും പ്രതിപാദ്യ വിഷയം ഉപയോഗിച്ച് അടയാളപ്പെടുത്തുക.





## മഞ്ഞ് സോപ്പ്

ഇത് ശരിയായ മഞ്ഞുപോലെ ആയിരിക്കുകയില്ല, എന്നാൽ വെളുത്ത പത ഉണ്ടാക്കി അതു ഉപയോഗിച്ച് കളിക്കുവാൻ കഴിയും. ഇതിന് മൈക്രോവേവ് അവനും ഒരു ഐവറി ബ്രാന്റ് സോപ്പും (ഐവറി മാത്രമേ ശരിയായി പ്രവർത്തിക്കുകയുള്ളൂ) ആവശ്യമാണ്. മൈക്രോവേവ് പാത്രത്തിൽ സോപ്പ് വയ്ക്കുക. രണ്ട്-മൂന്ന് മിനിറ്റ് ചൂടാക്കുക. മഞ്ഞുമേഘം പോലെ സോപ്പ് പതഞ്ഞ് വലുതായി വരുന്നത് കുട്ടികൾക്ക് കാണിച്ചുകൊടുക്കുക. അത് കുളിക്കുവാൻ ഉപയോഗിക്കുന്നതിനു മുമ്പ് തണുക്കുവാൻ അനുവദിക്കുക.

## നിങ്ങളുടെ അലങ്കാരങ്ങൾ പരൽ രൂപത്തിലാക്കുക.







നിങ്ങളുടെ ശൈത്യകാല അലങ്കാരങ്ങൾ പരൽ രൂപത്തിലാക്കിക്കൊണ്ട് കൂടുതൽ തിളക്കമുള്ളതാക്കുക. ഈ മഞ്ഞു മനുഷ്യനെപ്പോലെ സൃഷ്ടിക്കുവാൻ ആവശ്യമുള്ള വസ്തുക്കള്

വെള്ളം :

ഒരു കപ്പു വെള്ളത്തിൽ മൂന്നു ടീസ്പൂൺ ബോറാക്സ് വീതം

നിർദേശം :

- ഒരു ജാറിൽ അല്ലെങ്കിൽ പാത്രത്തിൽ തിളച്ച വെള്ളം നിറയ്ക്കുക, ബോറാക്സ് ചേർത്ത് ഇളക്കുക. പാത്രത്തിന്റെ അടിഭാഗത്ത് കുറച്ച് ബോറാക്സ് അടിഞ്ഞാലും കുഴപ്പമില്ല.
- ഒരു പെൻസിലിൽ, സ്പൂണിൽ അല്ലെങ്കിൽ നീളമുള്ള ഏതെങ്കിലും വസ്തുവിൽ ഒരു ചെറിയ അലങ്കാരം കെട്ടുക. പാത്രത്തിന്റെ വശങ്ങളിലോ അടിയിലോ സ്പർശിക്കാത്ത വിധം ആ അലങ്കാരം ചൂടുവെള്ളത്തിന്റേയും ബോറാക്സിന്റേയും മിശ്രിതത്തിൽ ഇറക്കുക.
- പാത്രം ശാന്തമായ ഒരു സ്ഥലത്ത് അനക്കാതെ വയ്ക്കുക. രണ്ടു മണിക്കൂറിനുള്ളിൽ പരലുകൾ രൂപപ്പെടുന്നു. ചില മണിക്കൂറുകൾ അല്ലെങ്കിൽ രാത്രി മുഴുവൻ അങ്ങനെ വച്ച് കൂടുതൽ പരലുകൾ ഉണ്ടാകാൻ അനുവദിക്കുക. തയ്യാറായി കഴിയുമ്പോൾ ഈ അലങ്കാരം ഒരു പേപ്പർ ടൗവ്വലിൽ വെച്ച് ഒരു മണിക്കൂർ ഉണങ്ങുവാൻ അനുവദിക്കുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam





കുട്ടികൾക്ക് സെൽഫികളെടുക്കുവാൻ ഒരു ഫോട്ടോ സോൺ ഒരുക്കുക.



ഒരു ഭൂതക്കണ്ണാടി ഉപയോഗിച്ച് പരലുകൾ കാണുവാൻ കുട്ടികളെ അനുവദിക്കുക. നിങ്ങളുടെ കുട്ടികൾക്കൊപ്പം ഒരു പർവ്വതനിര തയ്യാറാക്കുക. ഓരോ കുട്ടിയും കടലാസ്, കോൺ രൂപത്തിൽ മടക്കി ഒരു പർവ്വതം ഉണ്ടാക്കുക. പശയോ ടേപ്പോ ഉപയോഗിച്ച് ഓരോന്നും ഒട്ടിച്ചു ചേർക്കുക. ചുവടു ഭാഗം ഒരേ നിരപ്പിൽ വെട്ടുക. നീളമുള്ള പർവ്വതങ്ങൾക്ക് മഞ്ഞ് തൊപ്പി ലഭിക്കും.



ഈ ആശയങ്ങൾ ഉപയോഗിച്ച് വിബിഎസിൽ നിങ്ങളുടെ പള്ളി അലങ്കരിക്കുക.

കടലാസ് മഞ്ഞുപരലുകൾ  
തൂക്കുവിളക്കുകൾ  
വെള്ളയും നീലയും ബലൂണുകൾ  
വെള്ള മേശവിരിപ്പുകൾ  
നീലയും വെള്ളയും തോരണങ്ങൾ  
ചുവരിൽ കടലാസ് പർവ്വതങ്ങൾ

വിനൈൽ മഞ്ഞുപരലുകൾ നിറച്ച നീല ജാറുകൾ (വിനൈൽ മഞ്ഞുപരലുകളും 3D കടലാസ് തൂക്കുകളും ലോസ് നിനോസ് ക്യൂൻടാൻ മെക്സിക്കോയിലും ഗാട്ടിമലയിലും ലഭ്യമാണ്, അല്ലെങ്കിൽ ഞങ്ങളുടെ വെബ്സൈറ്റിൽ നിന്ന് മാതൃക ഡൗൺലോഡ് ചെയ്യുക. പ്രാദേശികമായി നിർമ്മിച്ചിരിക്കുന്നത് ഓർഡർ ചെയ്യുക.)









# 1 ദൈവത്തിൽ വിശ്വസിക്കുക

## അടിവാരതാവളം / ആക്ഷേപിക്കപ്പെട്ട യോസേഫിന്റെ സ്വപ്നങ്ങൾ

ഉല്പത്തി 37:2-11

## ദിവസം 1: മുയൽക്കുഞ്ഞ് ചരിവ്

ഏറ്റവും എളുപ്പമുള്ള ചരിവിലേക്ക്, " മുയൽക്കുഞ്ഞ്ചരിവിലേക്ക്" തങ്ങളുടെ സ്കീബോർഡുമായി മുയലും കലമാനും കയറുന്നതിനൊപ്പം തുടങ്ങാം. മുകളിലേക്കുള്ളവഴിയാത്രയിൽ കലമാനും മുയലും ഒരാഴ്ചത്തേക്കുള്ള പദ്ധതികൾ ചർച്ച ചെയ്യുന്നു. ഇന്നു തന്നെ കൊടുമുടിയിലേക്ക് നടന്നുകയറി അവിടെ നിന്ന് താഴേക്ക് സ്കീയിങ് ചെയ്യുമെന്ന് മുയൽ അനുമാനിക്കുന്നു. എന്നാൽ ആദ്യത്തെ ചരിവിൽ നിന്നാണ് അവർ ആരംഭിക്കുന്നത് എന്ന് കലമാന് വിവരിക്കേണ്ടതായി വരുന്നു.മുയൽ ആശയക്കുഴപ്പത്തിലാകുന്നു. കൊടുമുടിയിലേക്ക് കയറാനാണെങ്കിൽഅവർ എന്തിന് താഴേക്ക് സ്കീയിങ് ചെയ്യണം? മുകളിലേക്ക്സ്കീയിങ് ചെയ്യുവാൻസാധിക്കില്ലേ? മുകളിലേക്കുള്ളവഴി താഴ്ചയാണ് എന്ന് കലമാൻ വിവരിക്കുന്നു, അതിനാൽ വളരെ എളുപ്പത്തിൽ സാധ്യമാകുന്നിടത്ത് മുയൽ സ്കീയിങ് ചെയ്യേണ്ടത് ആവശ്യമാണ്. സ്കീയിങ് ബോർഡ് എപ്രകാരം ധരിക്കണം എന്നതു പോലും മുയലിന് അറിയില്ല. അവന്റെ ഹെൽമറ്റ് ഒരു കാലിലും സ്കീബോർഡിൽ ഒരെണ്ണം തലയിലും ധരിക്കുവാൻ അവൻ ആദ്യം ശ്രമിക്കുന്നു. മുയൽ പുറകിലേക്ക് സ്കീയിങ് ചെയ്യുവാൻ ശ്രമിക്കുകയും അവന്റെ സ്കീകൾ വശങ്ങളിലേക്ക് വഴുതുകയും പിളർന്നുപോകുകയും ചെയ്തു. കലമാൻ വളരെ ക്ഷമയോട് ശരിയായി സ്കീയിങ് ചെയ്യേണ്ടത് എങ്ങനെയാണെന്ന് മുയലിനെ പഠിപ്പിക്കുന്നു. സ്കീയിങ് കാണുന്നതുപോലെ എളുപ്പമല്ലെന്നും തനിക്കൊരിക്കലും കൊടുമുടിയിലേക്ക് സഞ്ചരിക്കുവാൻ കഴിയില്ലെന്നും മുയൽ ചിന്തിക്കുന്നു. സ്കീയിൽ നിന്നും വീണു പോകുമെന്നും മരത്തിലേക്ക് ഓടിക്കയറുമെന്നും, നിയന്ത്രണം നഷ്ടപ്പെട്ട് പർവ്വതത്തിൽ നിന്നും താഴേക്ക് തെന്നി വീഴുമെന്നും അവൻ ഭയപ്പെട്ടു! പരിശീലനത്തിലൂടെ അവന് കൊടുമുടിയിൽ കയറുവാൻ കഴിയുമെന്ന് കലമാൻ, മുയലിന് ഉറപ്പ് നൽകുന്നു. " ഞാൻ പറഞ്ഞത് വിശ്വസിച്ച് അതുപോലെ ചെയ്യുകയാണെങ്കിൽനിനക്ക് ഒരു ദിവസം കൊടുമുടിയിലേക്ക് സഞ്ചരിക്കുവാൻ കഴിയും". മുയൽകലമാന്റെ നിർദേശങ്ങളിൽ ശ്രദ്ധിക്കുകയും വിശ്വസിക്കുകയും ചെയ്തുകൊണ്ട് സ്കീയിങ് തുടർന്നുകൊണ്ട് രംഗം വിടുന്നു.

## പ്രധാന പാഠം: ദൈവത്തിൽ വിശ്വസിക്കുക

ഈ ആഴ്ചയിൽ നമ്മൾ ഒരു പർവ്വതാരോഹണം നടത്തുകയാണ് - ആത്മീകമായ ഒന്ന്. ഞങ്ങളോടൊപ്പം ഈ കയറ്റം കയറുവാൻ നിങ്ങൾക്ക് സമ്മതമാണെങ്കിൽ അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനങ്ങൾ ദൈവം നിങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. ഞങ്ങളുടെ പദയാത്ര ആരംഭിക്കുന്നിടത്താണ് അടിവാര താവളം ഉള്ളത്. അവിടെ നിന്ന് നിങ്ങൾക്ക് ആകാശത്തേക്ക് നോക്കുവാൻ കഴിയും, കൊടുമുടിക്കും ഞങ്ങൾക്കും ഇടയിൽ കഠിനമായ ഒരു തടസ്സമായി പർവ്വതം കാണുവാൻ കഴിയും. കയറുന്നതിനു മുൻപ്, മുകളിൽ എത്തിച്ചേരുന്നത് എത്ര വിസ്മയാവഹമാണ് എന്ന് സ്വപ്നം കാണുവാൻ നമുക്ക് കഴിയും !



### വേദ വചന വാക്യം

"എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കും പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ." എബ്രായർ 11:6

ആശ്ചര്യകരങ്ങളായ പ്രവർത്തികൾ ചെയ്യുവാൻ ദൈവം ജനങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവത്തെ അറിയാത്തവരേയും അവൻ ഇപ്പോഴും വിളിക്കുന്നു, ദമസ്ക്കോസിലേക്കുള്ള വഴിയിൽ വച്ച് ദൈവം പൗലോസിനോട് സംസാരിച്ചതുപോലെ; ഒരു ക്രിസ്ത്യാനിയല്ലായിരുന്നു എന്നതുകൂടാതെ, പൗലോസ് സഭയെ നശിപ്പിച്ചിരുന്നവനും ആയിരുന്നു. ഒരു പ്രത്യേക അതിഥി ഈ വിബിഎസിൽ ഉണ്ട് എന്നതിനാൽ ഞങ്ങൾ വളരെ ആവേശഭരിതരാണ്! അത് ഈജിപ്റ്റിലെ മഹാനായ ഭരണാധികാരിയായിരുന്ന യോസേഫ് ആണ്. 17 വയസ്സ് മാത്രം പ്രായമുണ്ടായിരുന്നപ്പോൾ ദൈവം





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

തനിക്കു നൽകിയ ആ വലിയ സ്വപ്നത്തെപ്പറ്റി നമ്മോട് പറയുവാൻ ഇന്ന് അദ്ദേഹം നമ്മെ സന്ദർശിക്കുന്നു. ദൈവത്തിനുവേണ്ടി മഹത്വമേറിയ കാര്യങ്ങൾ ചെയ്യുവാൻ നമുക്ക് വളരെയധികം കഴിവുണ്ട്. വലിയ വലിയ സ്വപ്നങ്ങൾ കാണുവാൻ നാം ഇഷ്ടപ്പെടുന്നു. അടിവാര താവളത്തിൽ നമുക്കെല്ലാവർക്കുമുള്ളത് കഴിവുകളാണ്. ദൈവത്തിന്റെ രാജ്യത്തിൽ യോസേഫിനെപ്പോലെ നാമും മഹത്വമേറിയ ഒരാളായിത്തീരും. അല്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കി പർവ്വതത്തിൽ നിന്നും നാം താഴേക്ക് വീഴും. പാപം, പർവ്വതത്തിൽ കയറുന്നതിൽ നിന്നും നമ്മെ തടയുന്നു. മറഞ്ഞിരിക്കുന്ന പാപങ്ങളായ അഹംഭാവവും സ്വാർത്ഥതയും. പർവ്വതമാകുന്ന ആത്മീകമായ ഉയർച്ച നേടുവാനും നമ്മുടെ സ്വപ്നങ്ങളുടെ കൊടുമുടിയിൽ എത്തിച്ചേരുവാനും വേദനയും വിയർപ്പും ആവശ്യമാണ്. നാം യോസേഫ് ആരംഭിച്ചിടത്തു നിന്നു തന്നെ തുടങ്ങേണ്ടത് ആവശ്യമാണ്. ദൈവത്തിൽ വിശ്വസിക്കുക. ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നു. അവൻ നിങ്ങളെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു, അവന് നിന്റെ ജീവിതത്തെപ്പറ്റി മഹത്വമേറിയ പദ്ധതികളാണ് ഉള്ളത്. നീ അവനിൽ വിശ്വസിക്കുമോ? നിന്റെ സാഹചര്യങ്ങൾ കണക്കിടാതെ അവനുവേണ്ടി പ്രവർത്തിക്കുന്നതിനായി ദൈവത്തിന് നിന്നെപ്പറ്റി പ്രത്യേകമായ കാര്യങ്ങളാണ് ഉള്ളത് എന്ന് നീ വിശ്വസിക്കുമോ? അങ്ങനെയാണ് എങ്കിൽ ഞങ്ങൾക്കൊപ്പം അടിവാര താവളത്തിൽ ഒരുമിക്കുവാൻ നീയും തയ്യാറായിക്കഴിഞ്ഞു. ഞങ്ങൾ കയറുവാൻ പോകുന്ന ആത്മീക പർവ്വതം യഥാർത്ഥത്തിൽ അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനം തന്നെയാണ്!

**പ്രധാന ബിന്ദു**
**ദൈവത്തിൽ വിശ്വസിക്കുക**

# ചുറ്റിത്തിരിയൽ സ്ഥാനങ്ങൾ

കൊടുമുടിയിലെ ലഘുഭക്ഷണശാല

## കൊടുമുടിയിലെ ലഘുഭക്ഷണശാല ദിവസം 1

യോസേഫിന്റെ മനോഹരമായ അങ്കിയിൽ ലഘുഭക്ഷണം കഴിക്കുന്നതിനുള്ള രണ്ടു വഴികൾ ഇവിടെ തന്നിരിക്കുന്നു.

സാമഗ്രികൾ :
ഓരോ കുട്ടികൾക്കുമുള്ള റൊട്ടിക്കഷ്ണങ്ങൾ
മയോണൈസ്
കെച്ചപ്പ് (സോസ്)
പാൽക്കട്ടികൾ
ഇറച്ചിക്കഷണങ്ങൾ
ആവശ്യമെങ്കിൽ പച്ചക്കറികൾ കനം കുറച്ചരിഞ്ഞത്, തക്കാളി, മുളക്, വെള്ളരിക്ക, ലെറ്റ്യൂസ് തുടങ്ങിയവ ഉപയോഗിക്കാം.






നിർദേശങ്ങൾ :
കുട്ടികൾ, റൊട്ടിക്കഷ്ണങ്ങൾ കീറിയോ, കടിച്ചു മുറിച്ചോ അങ്കിയുടെ രൂപത്തിലാക്കുക.
അങ്കിയിൽ വരകൾ ഇടുന്നതുപോലെ കുട്ടികൾക്ക് അവരുടെ ഇഷ്ടപ്രകാരം മയോണൈസ് റൊട്ടിക്കുമുകളിൽ തൂകുവാൻ ഉപയോഗിക്കാം.

മറ്റൊരു ആശയം
സാമഗ്രികൾ
സാലഡ് ക്രാക്കർസ്
പല നിറത്തിലുള്ള ധാന്യങ്ങൾ
പലനിറത്തിലുള്ള ഐസിങ്



നിർദേശങ്ങൾ
ക്രാക്കേർസിനു മുകളിൽ ഐസിങ് വിതറുക. ക്രാക്കേർസ് മുറിച്ച് അങ്കിയുടെ കൈകളുടെ രൂപത്തിലാക്കുക.അങ്കി അലങ്കരിക്കുന്നതിനായി വിദ്യാർത്ഥികൾ കടും നിറത്തിലുള്ള ധാന്യങ്ങൾ ഐസിങിന് മുകളിൽ വരകളായോ അല്ലെങ്കിൽ അലസമായോ തൂവുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

## വേദ വചന പർവ്വതം

ആക്ഷേപിക്കപ്പെട്ട യോസേഫിന്റെ സ്വപ്നങ്ങൾ (ഉല്പത്തി 37:2-11)

# യോസേഫ്

വന്ദനം!

എന്റെ പേര് യോസേഫ് എന്നാണ്. നിങ്ങളുടെ വിബിഎസിൽ നിങ്ങൾക്കൊപ്പം ആയിരിക്കുവാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ആദ്യം എന്നെപ്പറ്റി അല്പം ചിലകാര്യങ്ങൾ നിങ്ങളോട് പറയാം. ദൈവത്തിന് എന്റെ ജീവിതത്തെപ്പറ്റി വലിയ ഒരു ഉദ്ദേശ്യമുണ്ടായിരുന്നു, അങ്ങനെ ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയായിത്തീർന്നു. ഞാൻ കാനാനിൽ നിന്നുള്ളവനാണ്, ഇന്നത്തെ ഇസ്രായേൽ. ഞാൻ ഈജിപ്റ്റിലെ ശ്രേഷ്ഠനായ ഭരണാധികാരിയായിത്തീർന്നു, അതിശയകരമായ ഒരു ദേശം. അനേകം തലമുറയിലുള്ള ആളുകൾ എന്നെപ്പറ്റി കേട്ടിരുന്നു.

ഞാൻ എന്റെ അനുഭവം നിങ്ങളോട് പങ്കുവെയ്ക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ പ്രതീക്ഷിച്ചപോലെയുള്ള പ്രശസ്തി ദൈവം എനിക്ക് നൽകിയിരുന്നില്ല. അത് എന്നെ അതിശയിപ്പിച്ചു. ഞാൻ ഒന്ന് പുറകോട്ട് തിരിഞ്ഞു നോക്കട്ടെ, ഞാൻ ഒരു ബാലനായിരുന്നപ്പോൾ; എന്റെ സഹോദരൻമാരോടൊപ്പം കളിച്ചുകൊണ്ടിരുന്നത് ഞാൻ ഓർക്കുന്നു. വയലിൽ ചെമ്മരിയാടുകളെ മേയിച്ചുകൊണ്ടിരുന്നത് ഓർക്കുന്നു ഞാൻ, പച്ചപ്പുൽപ്പുറങ്ങൾ, വെളുത്തതും ചാരനിറമുള്ളതുമായ ചെമ്മരിയാടുകൾ, ഞാൻ അവയെ നിരീക്ഷിച്ചുകൊണ്ട് ചുറ്റിക്കറങ്ങുകയും കളിക്കുകയും ചെയ്തിരുന്നു.

എനിക്ക് 11 സഹോദരന്മാരുണ്ടായിരുന്നു. അവരിൽ ആരും തന്നെ എന്നെ അത്രയധികം സ്നേഹിച്ചിരുന്നില്ല. കാരണം എന്റെ പിതാവായ യാക്കോബ് (യിസ്രായേൽ എന്നും വിളിക്കപ്പെടുന്നു) എന്നെ വളരെയധികം സ്നേഹിച്ചിരുന്നതുകൊണ്ടും പല നിറങ്ങളുള്ള ഒരു പ്രത്യേക അങ്കി നൽകി തന്റെ സ്നേഹം തെളിയിക്കുകയും ചെയ്തിരുന്നതുകൊണ്ടും ആയിരുന്നു. ഞാൻ ആ അങ്കി ധരിക്കുവാൻ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു, അത് എന്റെ സഹോദരന്മാരെ വിഷമിപ്പിച്ചിരുന്നു. എനിക്ക് 17 വയസ്സ് മാത്രം പ്രായമുള്ള സമയത്ത് ദൈവം ചില പ്രത്യേക സ്വപ്നങ്ങൾ എനിക്ക് നൽകുവാൻ തുടങ്ങി. ദൈവത്തിന് എന്നെപ്പറ്റി ഒരു പ്രത്യേക തെരഞ്ഞെടുപ്പുണ്ട് എന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. നിങ്ങളിൽ എത്ര പേരുടെ ജീവിതത്തിൽ പ്രത്യേകമായ വിളി ഉണ്ട്?

ഒരു ദിവസം ഞാനൊരു സ്വപ്നം കണ്ടു. ഞാൻ എന്റെ സഹോദരന്മാരോടൊപ്പം വയലിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു, പെട്ടെന്ന് എന്റെ കറ്റ എഴുന്നേറ്റു നിന്നു, അപ്പോൾ സഹോദരന്മാരുടെ കറ്റകൾ എല്ലാം വീണു എന്റെ കറ്റയെ നമസ്കരിക്കുന്നു.

പിന്നീട്, ഞാൻ സ്വപ്നം കണ്ടത് 11 നക്ഷത്രങ്ങൾ, കൂടാതെ സൂര്യനും ചന്ദ്രനും എന്നെ നമസ്കരിക്കുന്നു. ഈ സ്വപ്നങ്ങൾ കാരണം എന്റെ സഹോദരന്മാർ എന്നെ കൂടുതൽ വെറുക്കുവാൻ തുടങ്ങി. ഞാൻ എന്റെ സ്വപ്നങ്ങളെപ്പറ്റി എന്റെ പിതാവിനോടും സഹോദരന്മാരോടും പങ്കുവെച്ചപ്പോൾ, എന്റെ പിതാവ് എന്നെ ശാസിച്ചു. എന്റെ പിതാവുമായി പ്രശ്നത്തിലായിത്തീരുന്നത് ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. എനിക്ക് വളരെ പ്രധാനമായ സ്വപ്നങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഞാൻ ആട്ടിടയന്റെ എളിയ ജോലി ചെയ്തു പോന്നു. ഞാൻ ആരായിരുന്നു എന്ന് ആരും അറിഞ്ഞിരുന്നില്ല. പർവ്വതത്തിൽ കയറുന്നതിനു പകരം പർവ്വതത്തിൽ നിന്നും ഇറങ്ങുകയാണ് എന്ന് എനിക്ക് അനുഭവപ്പെട്ടു. ആരംഭത്തിൽ, ദൈവം എനിക്ക് സ്വപ്നങ്ങൾ നൽകിക്കൊണ്ട് ഒരു ദിവസം ഞാൻ വളരെ പ്രത്യേകതയുള്ളവനായിത്തീരും എന്ന് അരുളിച്ചെയ്തു. എന്നാൽ എന്റെ സാഹചര്യങ്ങൾ മാറിയില്ല. അപ്പോഴും ഞാൻ ആ ഇടയച്ചെറുക്കനായി തുടർന്നു. ആരും ഒന്നും അറിഞ്ഞില്ല.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

## അദ്ധ്യാപകൻ

യോസേഫ് നിനക്ക് നന്ദി, ഞങ്ങളുടെ വിബിഎസ് സന്ദർശിച്ചതിന്!
യോസേഫ്, ദൈവത്തിൽ നിന്നും പ്രത്യേകമായ വിളി ലഭിച്ചത് ഒരു പക്ഷേ നിനക്ക് അസാധാരണമായി തോന്നിയിരിക്കാം. എന്നിട്ടും നിന്റെ സാഹചര്യങ്ങൾ വ്യത്യാസപ്പെട്ടില്ല. എങ്കിലും ദൈവം ഇങ്ങനെയാണ് പ്രവർത്തിക്കുന്നത്. വലിയ കാര്യങ്ങൾക്കായി ദൈവം നമ്മെ ഉപയോഗിക്കുവാൻ തുടങ്ങുമ്പോൾ നമ്മുടെ സാഹചര്യങ്ങൾക്കുപരിയായി നാം അവനിൽ വിശ്വസിക്കണം. അത് ഒരുപക്ഷേ ലക്ഷ്യമില്ലാത്തതോ, പിന്നോട്ട് പോകുന്നതോ ആയി അനുഭവപ്പെട്ടാലും നാം ദൈവത്തിലും നമ്മുടെ ജീവിതത്തെപ്പറ്റി അവനുള്ള വിളിയിലും വിശ്വസിക്കേണം. യോസേഫ്, സ്വപ്നത്തെപ്പറ്റി പറഞ്ഞതിന് നിന്റെ പിതാവ് നിന്നെ ശാസിച്ചപ്പോഴും നീ ദൈവത്തിൽ വിശ്വസിച്ചു. നമ്മിൽ നിന്നും, നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളിൽ നിന്നും കണ്ണുകൾ പിൻവലിക്കുക. നാം നമ്മുടെ കണ്ണുകൾ ദൈവത്തിൽ പതിപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്നു. കുട്ടികളേ, യോസേഫിനെപ്പോലെ സാഹചര്യങ്ങൾക്കതീതമായി ദൈവത്തിൽ വിശ്വസിക്കുവാൻ നിങ്ങൾക്കു കഴിയുമോ?

## പ്രവൃത്തി

ശാന്തമായ ഒരു പുൽമേട്ടിൽ നക്ഷത്രങ്ങളെ നോക്കിയിരിക്കുന്നതുപോലെ കുട്ടികളെ നിലത്ത് കിടക്കുവാൻ അനുവദിക്കുക. ഇത് കൂടുതൽ രസകരമാക്കുവാൻ നിങ്ങളുടെ ക്ലാസ്സ് മുറിയിലെ മച്ചിലെ നക്ഷത്രങ്ങൾക്ക് തിളക്കം നൽകിയതിനു ശേഷം, ലൈറ്റുകൾ അണയ്ക്കുക അപ്പോൾ അവർക്ക് നക്ഷത്രങ്ങൾ കാണുവാൻ സാധിക്കും. (നിങ്ങളുടെ വിബിഎസ് ഒരു വൈകുന്നേരം ആണെങ്കിൽ അവർ വെളിയിൽ കിടന്നുകൊണ്ട് യഥാർത്ഥ നക്ഷത്രങ്ങൾ കാണട്ടെ.)
അവിടെ കിടക്കുന്ന സമയത്ത്, ദൈവത്തിന് അവരുടെ ജീവിതത്തിൽ ചെയ്യുവാൻ കഴിയുന്നതും, ചെയ്യുവാൻ പോകുന്നതുമായ വലിയ കാര്യങ്ങൾ സ്വപ്നം കാണുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുക.
സമയം പിന്നിടുമ്പോൾ ഒരു രഹസ്യസ്വപ്നപ്പെട്ടി തയ്യാറാക്കുക. തങ്ങളുടെ ഒരു സ്വപ്നത്തെപ്പറ്റി എഴുതി മടക്കി സ്വപ്നപ്പെട്ടിയിൽ ഇടുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുക.

**അധികമായിട്ടുള്ളത്**
ഇന്നത്തെ വിബിഎസ് ആരംഭിക്കുന്നതിന് മുമ്പ് നിങ്ങളുടെ അദ്ധ്യാപകർക്കൊപ്പം ഭക്തിപൂർവ്വംതുടങ്ങുക. തങ്ങൾക്കുള്ള സ്വപ്നങ്ങൾ രഹസ്യ സ്വപ്നപ്പെട്ടിയിൽ ഇടുവാൻ അവരെയും അനുവദിക്കുക.




## സമ്മതിദാനം

സമ്മതിദാനപ്പട്ടികയ്ക്കു ചുറ്റും കുട്ടികളെ വിളിച്ചു കൂട്ടുക. ഓരോ ചോദ്യങ്ങളും, സാധ്യമായ രണ്ട് തിരഞ്ഞെടുപ്പുകളും അവർക്ക് പരിചയപ്പെടുത്തുക. ഓരോ കുട്ടിയും തങ്ങളുടെ അഭിപ്രായം തെരഞ്ഞെടുത്ത് ഓരോ പ്രായക്കാർക്കുമുള്ള പട്ടികയിൽ തങ്ങളുടെ ഒപ്പ് വയ്ക്കുക. ആവശ്യമെങ്കിൽ സമ്മതിദാനം രേഖപ്പെടുത്തുവാൻ സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവർ കാണാതിരിക്കുവാൻ ശ്രമിക്കുക.
അ. തന്റെ കുടുംബത്തിലുള്ള വ്യക്തികൾ ദൈവത്തെ മഹത്വപ്പെടുത്തുവാൻ, തന്റെ സ്വപ്നത്തെപ്പറ്റി യോസേഫ് അവരോട് പറഞ്ഞത്, ശരിയായ ഒരു കാര്യമായിരുന്നു.
ആ. തന്റെ സ്വപ്നം കുടുംബത്തിലുള്ളവരെ വേദനിപ്പിക്കും എന്ന് അറിഞ്ഞ് യോസേഫ് മിണ്ടാതിരിക്കണമായിരുന്നു.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# തണുത്തുറഞ്ഞ കളികൾ



1 ഐസ് കട്ടികൾ കൈമാറുക.

കുട്ടികളെ ഒരു കൈയകലത്തിൽ വട്ടത്തിൽ ഇരിക്കുവാൻ അനുവദിക്കുക.മ്യൂസിക് തുടങ്ങുമ്പോൾ ഐസ് കട്ടി കൈമാറ്റം ചെയ്ത് തുടങ്ങാൻ അനുവദിക്കുക. മ്യൂസിക് അവസാനിക്കുമ്പോൾ ഐസ് കട്ടി ആരുടെ കൈകളിലാണോ ആ വ്യക്തി ഗെയിമിൽ നിന്ന് പുറത്താകും. അവസാന വ്യക്തിയെ കണ്ടെത്തുന്നത് വരെയോ ഐസ് കട്ട ഉരുകിത്തീരുന്നത് വരേയോ ഇത് തുടരുക.ഈ ഗെയിമിൽ മ്യൂസിക് അവസാനിക്കുമ്പോൾ ഐസ് കട്ട കയ്യിലുള്ള കുട്ടിയല്ല നമ്മുടെ ലക്ഷ്യം.



2 തണുത്തുറഞ്ഞ നൃത്തം

വേഗത്തിൽപദവിന്യാസമുള്ള പാട്ടുകൾ ഇടുകയും അതിനൊപ്പം ചിരിപ്പിക്കുന്ന രീതിയിലുള്ള നൃത്തം ചെയ്യുവാൻ കുട്ടികളോട് ആവശ്യപ്പെടുക. മ്യൂസിക് നിൽക്കുമ്പോൾ " ഫ്രീസ്" എന്ന് ആർപ്പിടുക. അടുത്ത മ്യൂസിക് തുടങ്ങുന്നത് വരെ കുട്ടികൾ നിശ്ചലരായി തുടരുക. ആൺകുട്ടികളേയും ഇതിൽ ഉൾപ്പെടുത്തുക.എല്ലാവരും കുണുങ്ങിച്ചിരിക്കട്ടെ.

# മുറിക്കുള്ളിലെ കരകൗശലങ്ങൾ ദിവസം 1



## യോസേഫും വിവിധ വർണ്ണങ്ങൾനിറഞ്ഞ അവന്റെ അങ്കിയും

1. തല, അങ്കിയുടെ ഭാഗങ്ങൾ, അങ്കിയുടെ രൂപരേഖ, കൈകൾ, കാലുകൾ എന്നിവ മുറിച്ചെടുക്കുക. കാലുകളും കൈകളും പേപ്പറിനും പകരം ഫോം ഉപയോഗിച്ച് മുറിച്ചെടുക്കുക.
2. ടിഷ്യൂ പേപ്പർ, യോസേഫിന്റെ അങ്കിയുടെ നീളത്തിൽ ചെറിയ കഷണങ്ങളായി കീറുക.
3. ഓരോ കുട്ടികൾക്കുമായി 1 തല, 1 അങ്കി, 1 അങ്കിയുടെ രൂപരേഖ, 2 കൈകൾ, 2 കാലുകൾ 6-7 ടിഷ്യൂ പേപ്പർ കഷ്ണങ്ങൾ, ചുരുണ്ട റിബ്ബൺ എന്നിവ നൽകുക.
4. ടിഷ്യൂ പേപ്പറിന്റെ കഷണങ്ങൾ അങ്കിയുടെ താഴെ ഒട്ടിച്ചു ചേർക്കുക. പശ കുറച്ചുപയോഗിച്ചാൽ വേഗത്തിൽ ഉണങ്ങിക്കിട്ടും.
5. ടിഷ്യൂ പേപ്പറിനു മുകളിൽ അങ്കിയുടെ രൂപരേഖ ഒട്ടിച്ചു ചേർക്കുക. അങ്കിയുടെ രൂപം കൂടുതൽ വ്യക്തമാകും. അങ്കിയുടെ നീളത്തിലധികമുള്ള ടിഷ്യൂ പേപ്പർമുറിച്ചു മാറ്റുക.
6. തലയ്ക്ക് നിറം കൊടുത്ത് അതിന്റെ സ്ഥാനത്ത് ഒട്ടിക്കുക.
7. കൈകളുംകാലുകളും അതതിന്റെ സ്ഥാനത്ത് അങ്കിയിൽ ഒട്ടിക്കുക.
8. ഈ കരകൗശല വസ്തു പൂർത്തിയായിക്കഴിയുമ്പോൾ അതിന്റെ പിറകിൽ ഒരു കാന്തം ഒട്ടിക്കുക.

# സ്കീയിംഗ് ക്ലാസ്സ്

## വിദ്യാർത്ഥികളുടെ പ്രവൃത്തികൾക്കുള്ള പേജുകൾ



പ്രവൃത്തികൾക്കുള്ള പേജുകൾ വിതരണം ചെയ്യുക.പദപ്രശ്നങ്ങൾ ചെയ്യുക. മനഃപാഠവാക്യം കാണത്തക്കവിധം, പേപ്പർ ഒരു കൈവള പോലെ മടക്കുക, കാണിച്ചിരിക്കുന്ന രീതിയിൽ ഓരോ കുട്ടികളുടെയും കൈയിൽ കെട്ടുക. ഇപ്പോൾ ഈ പാഠങ്ങൾ അവർക്ക് വീടുകളിൽ കൊണ്ടുപോകുവാൻ കഴിയും!

## ഉത്തരങ്ങൾ









യുദ്ധക്കപ്പൽ എന്ന ഈ മത്സരം നടക്കുമ്പോൾ “എന്റെ ജീവിതത്തിൽ ദൈവം പ്രവൃത്തിക്കുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയുന്നുവോ?” എന്ന്ഓരോ പ്രാവശ്യവും ചോദിക്കുക. വിദ്യാർത്ഥികൾക്കുള്ള കടലാസിലെ രണ്ട് ചതുരക്കളങ്ങൾ ഉപയോഗിച്ചുകൊണ്ട് ഓരോ മത്സരവും രണ്ടുപേർവീതം കളിക്കുന്നു. ഒരു കളത്തിൽ കളിക്കാരൻ സ്വന്തം കപ്പലുകൾ അണിനിരത്തുകയും എതിരാളിയുടെ ശ്രമങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു.അടുത്ത കളത്തിൽ കളിക്കാരൻ സ്വന്തം ശ്രമങ്ങൾ രേഖപ്പെടുത്തുന്നു. പെൻസിൽ ഉപയേഗിച്ച് 5 സമചതുരം നീളമുള്ള ഒരു കപ്പൽ വരയ്ക്കുക, ഒന്ന് 4 സമചതുരത്തിലും, രണ്ട് 3 സമചതുരം നീളമുള്ളതും, രണ്ട് 2 സമചതുരത്തിലും, ഒന്ന് 1 സമചതുരത്തിലും വരയ്ക്കുക.കളി ആരംഭിക്കുക. എതിരാളികളുടെ “കപ്പലു”കളിൽ ദൈവം പ്രവർത്തിക്കുന്നത് ആദ്യം കാണുന്നവർ വിജയിയാകുന്നു.



# 2 ദൈവത്തിൽ ആശ്രയിക്കുക

തണുത്തുറഞ്ഞ നദീമുഖ താവളം/ യോസേഫ് തെറ്റായ പെരുമാറ്റത്തിന് ഇരയായി

ഉല്പത്തി 37: 12–35

## ദിവസം 2: ചാട്ടങ്ങൾ

ഇന്ന്, ചാടേണ്ടത് എങ്ങനെയെന്ന് മുയൽ അഭ്യസിക്കുന്നു.ബുദ്ധിമുട്ടേറിയ ഒരു ചെരിവിന്റെ മുകളിൽ നിന്നും കലമാനും മുയലും ആരംഭിക്കുന്നു. ഇന്നലെ അവൻ സ്കീയിങ് നടത്തിയത് വളരെ വിസ്മയാവഹമായിരുന്നു എന്ന് മുയൽ കലമാനോട് പറയുന്നു. തിരിയുവാൻ, വളരെ വേഗത്തിൽ പോകുവാൻ, സ്കീയിൽ നിൽക്കുവാൻഎല്ലാം അവൻ പഠിച്ചു. താൻ സ്കീയിങ്ങിൽ വളരെ അത്ഭുതമാണെന്നും കലമാന്റെ സഹായമില്ലാതെതന്നെ കൊടുമുടിയിലേക്ക് സഞ്ചരിക്കുവാൻ കഴിയുമെന്നും മുയൽ ചിന്തിക്കുന്നു. കലമാൻ ,ചരിവിന് മുകളിൽ ശരിക്കുള്ള ചാട്ടത്തിന് ശ്രമിക്കുന്നതിന് മുമ്പുള്ള ചലനങ്ങൾ എപ്രകാരമാണെന്ന് മുയലിനെ അഭ്യസിപ്പിക്കുന്നു. ആദ്യമായി മുമ്പോട്ട് ചരിയുകയും മുട്ടുകൾ വളയ്ക്കുകയും ചെയ്യണം.ചാടാൻ തുടങ്ങുമ്പോൾ കാലുകൾ നേരെയാക്കി കൈകൾ വശങ്ങളിൽ പിടിക്കണം. കലമാൻ നിർദ്ദേശങ്ങൾ നൽകുമ്പോഴെല്ലാം മുയൽ അതിനു വിപരീതമായി കൈകൾ വായുവിലേക്ക് വിരിച്ച്, നിലത്തേക്ക് കിടക്കുകയും സ്കീയിങ് വടികൊണ്ട് കലമാനെ തോണ്ടുകയും ചെയ്തു. എന്നാൽ അവസാനംകലമാൻ പറഞ്ഞതുപോലെ ചെയ്തു. എന്നാൽ കലമാൻ ശ്രദ്ധിക്കാതിരിക്കുമ്പോൾ അതിന് വിപരീതമായിചെയ്തു കൊണ്ടിരുന്നു. ശരിയായ ചാട്ടത്തിന് സമയമായപ്പോൾ, മുയൽ നേരെത്തന്നെ നിന്നു പുറകോട്ട് വീണ് കുഴപ്പം പിടിച്ച മഞ്ഞുകൂട്ടത്തിൽ ചെന്നുനിന്നു. മുയൽ വീണ്ടും ചാടാൻ ശ്രമിച്ചപ്പോൾ വീണ്ടും വീണു. കലമാൻ വളരെ ക്ഷമയോടെ എന്താണ് ചെയ്യേണ്ടത് എന്ന് ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.മുയൽ പറഞ്ഞു " നീ പറഞ്ഞത് ശരിയാണ്. നീ ചെയ്യുന്നത് എന്താണെന്ന് നിനക്കറിയാം എന്നുള്ളത് ഞാൻ വിശ്വസിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു." അടുത്ത ചാട്ടത്തിൽ മുയൽ ശരിയായി ചലിക്കുകയും കൃത്യമായി എത്തിച്ചേരുകയും ചെയ്തു. മുയൽപറഞ്ഞു " ഇത് വളരെ അസാധാരണമായി അനുഭവപ്പെട്ടു! അത് ശരിയാകുമെന്ന് ഞാൻ ചിന്തിച്ചില്ലായിരുന്നു.എന്നാൽ അതു ശരിയായി.കൊടുമുടിയിൽ എത്തുന്നതിനായി ഞാൻ വളരെയധികം കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്". കലമാൻ അടക്കിച്ചിരിച്ചുകൊണ്ട് പറഞ്ഞു, "ഞാൻ പറഞ്ഞത് വിശ്വസിക്കൂ, ഒരു ദിവസം നീ കൊടുമുടിയിലേക്ക് സഞ്ചരിക്കും" താഴേക്ക് തുടർന്നുകൊണ്ട് അവർ രംഗം വിടുന്നു.

## പ്രധാന പാഠം: ദൈവത്തിൽ ആശ്രയിക്കുക

ഈ ആഴ്ചയിലെ പർവ്വതാരോഹണത്തിൽ, അടിവാര താവളത്തിൽ നിന്ന് തുടങ്ങി, നാം ഫ്രോസൺ ക്രീക്ക് ക്യാംപിൽ എത്തിച്ചേർന്നു. നമ്മുടെ ആത്മീക യാത്രയിൽ ആദ്യം തങ്ങുന്നത് ഇടം ദൈവാശ്രയത്തിലായിരിക്കും. നമ്മിൽ തന്നെ ആശ്രയിക്കുന്ന പ്രവണതയാണ് നമുക്കുള്ളത്. എന്നിരുന്നാലും ഇത് ദൈവീക പദ്ധതിയല്ല. ദൈവത്തിന്, മുകളിലേക്കുള്ള വഴി ആരംഭിക്കുന്നത് താഴേക്ക് തുടങ്ങിക്കൊണ്ടാണ്. ഇന്ന് നമുക്ക് യോസേഫിന്റെ കഥ കൂടുതൽ കേൾക്കാം. അവന് വളരെ വലിയ സ്വപ്നങ്ങൾ ഉണ്ടായിരുന്നു, എന്നാൽ ആദ്യം സംഭവിച്ചത് വിപരീതമായ കാര്യമായിരുന്നു! അധികാര സ്ഥാനത്തേക്ക് കയറുന്നതിനു പകരം, അവന്റെ സഹോദരൻമാർ വണങ്ങേണ്ടതിനു പകരം അവൻ അടിമയായി വിൽക്കപ്പെട്ടു!



### വേദ വചന വാക്യം

"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാവഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും..." സദൃശ്യവാക്യങ്ങൾ 3:5-6

നമ്മുടെ ജീവിതം ക്രിസ്തുവിന് നൽകിക്കഴിഞ്ഞാൽ എല്ലാ കാര്യങ്ങളും വളരെ എളുപ്പത്തിൽ സാധിക്കുമെന്ന് നാം സങ്കല്പിക്കുന്നു. ഒരിക്കൽ ഒരു പ്രത്യേകമായ സ്വപ്നം ദൈവത്തിൽ നിന്ന് ലഭിച്ചുകഴിഞ്ഞാൽ, ഒരു പ്രത്യക വിളി ഉണ്ടായാൽ എല്ലാക്കാര്യങ്ങളും



ശരിയായി തുടരുമെന്ന് നാം ചിന്തിക്കുന്നു. ഇപ്പോൾ തന്നെ ഒരു വേദിയിലോ, അല്ലെങ്കിൽ ദൗത്യസ്ഥലത്തോ, അല്ലെങ്കിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതായോ, അല്ലെങ്കിൽ കൂടുതൽ സുഹൃത്തുക്കളെ ലഭിക്കുന്നതായോ നാം സങ്കല്പിക്കുന്നു. എങ്കിലും ഇതെല്ലാം സംഭവിക്കാതിരിക്കുമ്പോൾ നാം വളരെയധികം അത്ഭുതപ്പെടുന്നു!
നിനക്ക് സങ്കല്പിക്കാൻ കഴിയുന്നതിലും എത്രയോ അധികമായി നിനക്കുവേണ്ടി ദൈവം കരുതുന്നു. നിനക്ക് എന്തെല്ലാം ആവശ്യമുണ്ട് എന്ന് അവൻ അറിയുന്നു, ഈ കാര്യങ്ങൾ നിന്നെ പഠിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കി അവൻ ഒരു പാതയും ഒരുക്കിയിരിക്കുന്നു. അപക്വമായ ഒരവസ്ഥയിൽ ഒരു വലിയ സ്ഥാനത്ത് നിങ്ങളെ ആക്കിവയ്ക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നിങ്ങളെ പരിശീലിപ്പിക്കുവാനും സംരക്ഷിക്കുവാനും അവൻ ആഗ്രഹിക്കുന്നു. അങ്ങനെ ആ സ്ഥാനത്ത് എത്തുമ്പോൾ പൂർണ്ണമായി അതിന് അനുയോജ്യനായിത്തീരുന്നു!
ഈ ആഴ്ചത്തെ നമ്മുടെ പ്രതിപാദ്യ വാക്യം മത്തായി 10: 39 ആണ്. " ആരെങ്കിലും തന്റെ ജീവിനെ കണ്ടെത്തിയാൽ അതിനെ കളയും, എന്റെ നാമം നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും".
നിങ്ങളുടെ ജീവിതത്തിന്റെ പൂർണ്ണമായ നിയന്ത്രണം ദൈവത്തിനു നൽകി അവനെ നിന്റെ നായകനാക്കുവാൻ അനുവദിക്കുക എന്നത് ഭീതിതമായ ഒരനുഭവമാണ്. നിങ്ങളുടെ ജീവിതത്തെ ദൈവത്തിനു നൽകുമെങ്കിൽ അവൻ നിനക്കുവേണ്ടി പ്രത്യേകമായ കാര്യങ്ങൾ ചെയ്യും. യോസേഫിന് സംഭവിച്ചതുപോലെ പിന്നോട്ടു പോകുന്നതായി നിനക്കനുഭവപ്പെട്ടേക്കാം. നീ അവനിൽ വിശ്വസിക്കുമെങ്കിൽ വലിയ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കി തീർക്കുവാൻ ദൈവത്തിന് കഴിയും.

**പ്രധാന ബിന്ദു**

ദൈവത്തിൽ ആശ്രയിക്കുക

രക്ഷാ പ്രാർത്ഥന:
പ്രിയ ദൈവമേ, ഇന്ന് ഞാൻ എന്റെ ജിവനെ നിനക്ക് നല്കുന്നു. നിന്റെ കൈകളിൽ അതിനെ നൽകുന്നു. പിറകോട്ട് പോകുന്നു എന്ന് അനുഭവപ്പെട്ടാലും നിന്നിൽ ആശ്രയിക്കുന്നത് ഞാൻ തിരഞ്ഞെടുക്കുന്നു. നിന്റെ പർവ്വതത്തിലേക്കുള്ള വഴി താഴ്ചയാണ് എന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. എന്റെ ജീവനെ സ്വീകരിച്ചതിനാൽ നന്ദി പറയുന്നു. ഞാൻ നിന്നിൽ ആശ്രയിക്കുന്നു.

# ചുറ്റിത്തിരിയൽ സ്ഥാനങ്ങൾ

കൊടുമുടിയിലെ ലഘുഭക്ഷണശാല

## കൊടുമുടിയിലെ ലഘുഭക്ഷണശാല

## ദിവസം 2



ഇന്ന് ഒരു കിണറുണ്ടാക്കി യോസേഫിനെ അതിൽ ഇടുക.

സാമഗ്രികൾ :
- വട്ടത്തിലുള്ള ചിപ്സുകൾ, 2 അല്ലെങ്കിൽ 3 എണ്ണം വീതം ഓരോ വിദ്യാർത്ഥിക്കും.
- ഉണങ്ങിയ കറുപ്പു നിറത്തിലുള്ള ബീൻസ്, വെള്ളംചേർത്ത് പശരൂപത്തിൽ പാകം ചെയ്തത്.
- 1 മൃഗരൂപത്തിലുള്ള കുക്കീസ് " യോസേഫ്" പേരു നൽകുവാൻ.

നിർദേശങ്ങൾ :
- കുട്ടികൾ ഓരോരുത്തരായി പശയിൽ മുക്കിയ മോതിരങ്ങൾ ഒട്ടിച്ചു ചേർത്ത് കിണറ്റിൽ ഇറക്കുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

വേദ വചന പർവ്വതം

യോസേഫ് തെറ്റായ പെരുമാറ്റത്തിന് ഇരയായി
( ഉല്പത്തി 37: 12-35)

# യോസേഫ്

വന്ദനം !

എന്റെ പേര് യോസേഫ് എന്നാണ്, ഇന്നത്തെ വിബിഎസിൽ മടങ്ങിയെത്തുവാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയായിതീർന്നു എന്നത്. ഞാൻ ഈജിപ്റ്റിലെ വസീർ ആയിരുന്നു. അതായത് ഒരു പ്രധാന മന്ത്രിയെപ്പോലെ. അവിടെ എന്റെ പേര് സാപ്നത്ത് പനേഹ് എന്നായിരുന്നു, എന്നാൽ നിങ്ങൾക്കെന്നെ യോസേഫ് എന്ന് വിളിക്കാം. (ഉല്പത്തി 41 : 45)

എന്റെ 17–ാം വയസ്സിൽ ദൈവം എനിക്ക് വലിയ കാര്യങ്ങൾ വാഗ്ദാനം നൽകി. അതോർത്ത് ഞാൻ അത്ഭുതപ്പെട്ടിരുന്നു. അങ്ങനെ ഞാൻ എന്റെ ലോകത്തിൽ അന്യനായിത്തീർന്നു! ഞാൻ പ്രതീക്ഷിച്ച രീതിയിൽ ഉയർച്ച ദൈവം എനിക്ക് നൽകിയില്ല.ബാലനായിരുന്നപ്പോഴുള്ള കാര്യങ്ങൾ ഞാൻ തിരിഞ്ഞുനോക്കുകയാണ്.... ദൈവം എനിക്കു തന്നിരുന്ന സ്വപ്നങ്ങൾ ഞാൻ വ്യക്തമായി ഓർക്കുന്നു. അവ സംഭവിക്കുന്നതുപോലെ യഥാർത്ഥമായതായിരുന്നു. എന്നിരുന്നാലും സ്വപ്നങ്ങളെപ്പറ്റി എന്റെ കുടുംബത്തോട് പങ്കുവെച്ചപ്പോൾ എന്റെ സഹോദരങ്ങൾ എന്നെ വളരെയധികം വെറുത്തു. അവർ എന്നെ ഒഴിവാക്കുവാൻ ആഗ്രഹിച്ചു. ഒരു ദിവസം വയലിൽ എന്റെ സഹോദന്മാരെ സന്ദർശിക്കുവാൻ പോയി, അപ്പോൾ അവർ എന്നെ പിടിച്ച് ഒരു പൊട്ടക്കിണറിൽ ഇട്ടുകളഞ്ഞു. ഒരു പക്ഷേ ആ ദിവസം എന്നെ കൊല്ലുവാൻ ആലോചിച്ചിരിക്കാം! അവർ ഈജിപ്റ്റിലേക്കു പോകുന്ന വ്യാപാരികളുടെ വാഹനങ്ങൾ കണ്ടു. കിണറ്റിൽ നിന്നും പുറത്തിറക്കി എന്നെ അടിമയായി വിറ്റുകളഞ്ഞു! സ്വന്തം സഹോദരനോട് അവർ ഇങ്ങനെ ചെയ്തു എന്ന് വിശ്വസിക്കുവാൻ കഴിഞ്ഞില്ല! ഞാൻ മരിച്ചുപോയി എന്ന് അവർ എന്റെ പിതാവിനോട് അറിയിച്ചു, എന്റെ വർണ്ണാഭമായ അങ്കി ചോരയിൽ കുതിർത്ത് അവർ പിതാവിന്റെ അടുക്കൽ കൊണ്ടുവന്നു. എന്റെ പിതാവ് എന്നെ അന്വേഷിക്കേണ്ടതായിരുന്നു, എങ്കിലും അദ്ദേഹം അത് ചെയ്തില്ല. എന്റെ കുടുംബത്തേയും പ്രിയപ്പെട്ടവരേയും കൂടാതെ അടിമയായി ഞാൻ ഒറ്റപ്പെട്ടു. എനിക്ക് ഭാഷ സംസാരിക്കുവാൻ കഴിഞ്ഞിരുന്നില്ല, എങ്ങനെ രക്ഷപ്പെടണമെന്നും അറിയില്ലായിരുന്നു. ആരംഭത്തിൽ സ്വപ്നങ്ങൾ നൽകി ഞാൻ പ്രത്യേകതയുള്ളവനാകും എന്ന് ദൈവം എന്നോട് പറഞ്ഞു. എന്റെ അവസ്ഥ കൂടുതൽ പ്രയാസമേറിയതായിത്തീർന്നു. ഒരു അന്യദേശത്ത് ഞാൻ ഒരു അടിമയായിത്തീർന്നു, എന്റെ അവസ്ഥ എന്തായിത്തീരുമെന്ന് എനിക്ക് യാതൊരു അറിവും ഇല്ലായിരുന്നു.

# അദ്ധ്യാപകൻ

യോസേഫ് വീണ്ടും വിബിഎസ് സന്ദർശിച്ചതിന് നന്ദി പറയുന്നു!

യോസേഫ്, ദൈവത്തിൽ നിന്നും പ്രത്യേകമായ വിളി ലഭിച്ചിട്ടും സാഹചര്യങ്ങൾ കൂടുതൽ മോശമായിത്തീർന്നത് ഒരു പക്ഷേ അസാധാരണമായി തോന്നിയിരിക്കാം!



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

എങ്കിലും ഇപ്രകാരമാണ് ദൈവം പ്രവർത്തിക്കുന്നത്. വലിയ കാര്യങ്ങൾക്കായി നിങ്ങളെ ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, സാഹചര്യങ്ങൾ ബുദ്ധിമുട്ടേറിയതായി തീർന്നാലും നാം അവനിൽ ആശ്രയിക്കേണ്ടതാണ്. നമ്മെ പരിശീലിപ്പിക്കേണ്ടതിന് പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നു. പുറകോട്ട് പോകുന്നു എന്നു തോന്നിയാലും നമ്മുടെ ജീവിതത്തിൽ അവൻ നൽകിയ വിളിയിലും അവനിലും നാം വിശ്വസിക്കേണ്ടതാണ്.
യോസേഫ്, അടിമയായി വിൽക്കപ്പെട്ടു എങ്കിലും നീ ദൈവത്തിൽ ആശ്രയിച്ചു. പ്രതികൂലമായ അവസ്ഥയിൽ നാം നമ്മുടെ കണ്ണുകൾ നമ്മിൽ നിന്ന് മാറ്റി ദൈവത്തെ നോക്കേണ്ടതാണ്. കുട്ടികളേ നിങ്ങളുടെ ജീവിതം കൊണ്ട് ദൈവത്തിൽ ആശ്രയിക്കുവാൻ കഴിയുമോ?

## പ്രവൃത്തി

പിന്നീട് ഒരു വലിയ മരക്കുരിശ് ഉണ്ടാക്കി ക്ലാസ്സ് റൂമിന് മുമ്പിൽ വയ്ക്കുക. ഓരോ കുട്ടികൾക്കും ഒട്ടിക്കുവാൻ പറ്റുന്ന ഒരു കുറിപ്പ് തയ്യാറാക്കുക. തങ്ങളുടെ ജീവിതം കൊണ്ട് ദൈവത്തിൽ ആശ്രയിക്കുന്നതിനെപ്പറ്റി സംസാരിച്ചതിനു ശേഷം കുറിപ്പ് അവർക്ക് നൽകുക. എന്തിനു വേണ്ടിയാണ് ദൈവത്തിൽ ആശ്രയിക്കുന്നത് എന്ന് എഴുതുവാൻ അവരോട് ആവശ്യപ്പെടുക. ഒന്നാമത്തേയും പ്രധാനപ്പെട്ടതുമായ കാര്യം, നമ്മുടെ ജീവിതം കൊണ്ട് ദൈവത്തിൽ ആശ്രയിക്കുക എന്നതാണ്. ഒരു വിദ്യാർത്ഥി തന്റെ ജീവിതം ദൈവത്തിന് സമർപ്പിക്കുകയാണെങ്കിൽ, ആദ്യമായിട്ടോ അല്ലെങ്കിൽ പുന:സമർപ്പണം ചെയ്യുകയോ ചെയ്യുകയാണെങ്കിൽ, തങ്ങൾക്കു ലഭിച്ച കുറിപ്പിൽ "എന്റെ ജീവിതം" എന്ന് എഴുതി ക്രൂശിൽ വയ്ക്കുക. അവർ ക്രിസ്ത്യാനിയാണെിൽ, ദൈവത്തോട് പ്രാർത്ഥിക്കുവാനും എന്തിനായിട്ടാണ് തങ്ങളുടെ ജീവിതം സമർപ്പിക്കുന്നതെന്നും പറയുവാൻ ആവശ്യപ്പെടുക. ആ വസ്തുവിന്റെ പേര് കുറിപ്പിൽ എഴുതി ക്രൂശിൽ വയ്ക്കുവാൻ ആവശ്യപ്പെടുക.



### കൂടുതലായിട്ടുള്ളത്

ഇന്നത്തെ വിബിഎസ് ആരംഭിക്കുന്നതിനു മുമ്പ്, അദ്ധ്യാപകർക്കൊപ്പം ആത്മീക കാര്യങ്ങൾ പങ്കിടുകയും അത് ക്രൂശിൽ വയ്ക്കുവാൻ അനുവദിക്കുകയും ചെയ്യുക.




## സമ്മതിദാനം

സമ്മതിദാനപ്പട്ടികയ്ക്കു ചുറ്റും കുട്ടികളെ വിളിച്ചു കൂട്ടുക. ഓരോ ചോദ്യങ്ങളും, സാധ്യമായ രണ്ട് തിരഞ്ഞെടുപ്പുകളും അവർക്ക് പരിചയപ്പെടുത്തുക. ഓരോ കുട്ടിയും തങ്ങളുടെ അഭിപ്രായം തെരഞ്ഞെടുത്ത് ഓരോ പ്രായക്കാർക്കുമുള്ള പട്ടികയിൽ തങ്ങളുടെ ഒപ്പ് വയ്ക്കുക. ആവശ്യമെങ്കിൽ സമ്മതിദാനം രേഖപ്പെടുത്തുവാൻ സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവർ കാണാതിരിക്കുവാൻ ശ്രമിക്കുക.

അ. കിണറിൽ വീഴ്ത്തപ്പെടുക എന്നത് തമാശയല്ല, എന്നാൽ ആടുകളെ മേയ്ക്കുന്ന തന്റെ മുഷിപ്പിക്കുന്ന ജോലി വിട്ട് ഒരു വിദേശ രാജ്യത്തേക്ക് യാത്ര ചെയ്യുക എന്നത് രസകരമായി ഒന്നായിരിയ്ക്കാം. അതുകൊണ്ടാണ് യോസേഫ് തന്റെ സഹോദരൻമാരോട് രോഷാകുലനാകാതിരുന്നത്.
ആ. യോസേഫ് കായികാഭ്യാസ മുറകൾ പരിശീലിക്കുകയും ആരാണ് യജമാനൻ എന്ന് തന്റെ സഹോദരന്മാരെ കാണിച്ചുകൊടുക്കുകയും തെറ്റായ കാര്യങ്ങൾ സംഭവിക്കുന്നത് തടയുകയും ചെയ്യണമായിരുന്നു.
ഇ. കിണറിൽ നിന്നും പുറത്തുകടക്കുവാൻ കയർ കൊടുത്തപ്പോൾ തന്റെ സഹോദരന്മാർ തന്നെ ഉപദ്രവിക്കുമെന്നും മനസ്സിലാക്കി കിണറിൽ നിന്നും പുറത്തു വരാൻ നിരസിക്കണമായിരുന്നു. അവൻ മരിച്ചതായി നടിക്കണമായിരുന്നു.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# തണുത്തുറഞ്ഞ കളികൾ



1 ഐസ് ഉരുകൽ

വിവിധ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ടീമിനേയും ക്രമമായി അല്ലെങ്കിൽ നേർവരിയിൽ നിർത്തുക. ഓരോ ഗ്രൂപ്പ് നേതാവിനും ഓരോ ഐസ് കട്ടി നൽകുക ഗ്രൂപ്പിലുള്ളവർ ചേർന്ന് ആ ഐസ് ഉരുകുന്നത് വരെ തിരുമ്മുക. ഓരോ കളിക്കാരും കൈ വളരെയധികം തണുക്കുന്നതുവരെ തിരുമ്മുക, അതിന് ശേഷം വരിയിൽ നിൽക്കുന്ന അടുത്തയാൾക്ക് കൈമാറുക. ഏതു ടീം ആണോ ആദ്യം ഐസ് കട്ട ഉരുക്കുന്നത് ആടീം വിജയിക്കും.





2 മഞ്ഞുപന്തെറിയൽ

വെള്ള ടിഷ്യൂ പേപ്പറോ അല്ലെങ്കിൽ ന്യൂസ് പേപ്പറോ മഞ്ഞുപന്തായി ചുരുട്ടിക്കൂട്ടുക. കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി തിരിക്കുക.ഇരു ഗ്രൂപ്പുകളെയും ഒരു നേർ വരയ്ക്ക് ഇരുവശത്തുമായി നിർത്തുക.മഞ്ഞുബോൾ എല്ലാവരും കൈയിൽ പിടിക്കുകയും മത്സരം ആരംഭിക്കുമ്പോൾ അത് വരിക്ക് മുകളിലൂടെ എതിർ ടീമിന്റെ ദിശയിലേക്ക് എറിയുക. മൊബൈലിൽഒരു മിനിറ്റ് തയ്യാറാക്കി വെക്കുക. ഒരു മിനിറ്റുശേഷം ഏത് ഗ്രൂപ്പിലാണോ എണ്ണത്തിൽ കുറവ് മഞ്ഞുപന്തുകൾ ഉള്ളത് ആ ടീം വിജയിക്കുന്നു.

# മുറിക്കുള്ളിലെ കരകൗശലങ്ങൾ ദിവസം 2



നിർദേശങ്ങൾ

1. കിണറിന്റെ രൂപം വെട്ടിയെടുക്കുക. കട്ടിയുള്ള വരകളിൽ വെട്ടുക. കുത്തുകളിട്ട വരകളിൽ മടക്കുക.
2. കിണറിന് നിറം കൊടുക്കുക.
3. കിണറിന്റെ അടിഭാഗം വാക്യങ്ങളോടുകൂടി ഒരു സിലിണ്ടറിൽ ഒട്ടിച്ചു ചേർക്കുക.
4. കുത്തുകളിട്ട വരകളിൽ കട്ടകളുടെ രൂപത്തിൽ മടക്കുക.
5. യോസേഫിനെ വെട്ടിയെടുത്ത് കിണറ്റിൽ ഇടുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# സ്കീയിംഗ് ക്ലാസ്സ്

## വിദ്യാർത്ഥികളുടെ പ്രവൃത്തികൾക്കുള്ള പേജുകൾ



പ്രവൃത്തികൾക്കുള്ള പേജുകൾ വിതരണം ചെയ്യുക.പദപ്രശ്നങ്ങൾ ചെയ്യുക. മനഃപാഠവാക്യം കാണത്തക്കവിധം, പേപ്പർ ഒരു കൈവള പോലെ മടക്കുക, കാണിച്ചിരിക്കുന്ന രീതിയിൽ ഓരോ കുട്ടികളുടെയും കൈയിൽ കെട്ടുക. ഇപ്പോൾ ഈ പാഠങ്ങൾ അവർക്ക് വീടുകളിൽ കൊണ്ടുപോകുവാൻ കഴിയും!

## ഉത്തരങ്ങൾ









യോസേഫിനെ പൊട്ടക്കിണറ്റിൽ ഇടുന്നു (ആരാച്ചാർ)

ഒരാൾ ഒരു വാക്ക് ചിന്തിക്കുന്നു. ആ വാക്കിലെ അക്ഷരങ്ങളുടെ എണ്ണത്തിനനുസരിച്ച് കളങ്ങൾ വിടുന്നു. അടുത്ത കളിക്കാരൻ അത് ഊഹിക്കുന്നു. ഊഹം ശരിയാണെങ്കിൽ അക്ഷരങ്ങൾ ശരിയായ കളങ്ങളിൽ എഴുതിച്ചേർക്കുന്നു. അക്ഷരങ്ങൾ തെറ്റാണെങ്കിൽ, ഒരു ശരീരം വരയ്ക്കുന്നു. ഓരോ പ്രാവശ്യവും ഓരോ അവയവങ്ങളായി. (ശരീരത്തിൽ, തല, ഉടൽ, 2 കാലുകൾ, 2 കൈത്തണ്ടകൾ, 2 കൈകൾ, 2 പാദങ്ങൾ എന്നിവ ഉൾപ്പെടുന്നു.) യോസേഫ് കിണറിൽ വീഴുന്നതിനുമുമ്പ് വാക്കുകൾ ഊഹിച്ച് കണ്ടെത്തുക.






www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# 3 ദൈവത്തെ സേവിക്കുക

## വനത്തിന്റെ അറ്റത്തുള്ള താവളം / പോത്തിഫറിന്റെ ഭവനത്തിൽ യോസേഫ് ശുശ്രൂഷിക്കുന്നു.

ഉല്പത്തി 37: 36, 39: 1–6

## ദിവസം 3: കൊടികെട്ടിയ ദണ്ഡുകളുമായുള്ള മത്സരപ്പാച്ചിൽ

ഇടത്തോട്ടും വലത്തോട്ടും തെന്നുന്നതിനും വേഗത നിയന്ത്രിക്കുന്നതിനും ഇന്ന് മുയൽ പഠിക്കുന്നു. കുത്തനെയുള്ളതും കഠിനമായതുമായ ഒരു ചെരിവിലാണ് അവർ സഞ്ചരിക്കുവാൻ പോകുന്നത്. മുയലിന് അത് ശരിയായ രീതിയിൽ ഉച്ചരിക്കുവാൻ കഴിയുന്നില്ലായിരുന്നു. അങ്ങനെയുള്ള മത്സരപ്പാച്ചിൽ ചെയ്യുവാൻ മുയലിന് ആഗ്രഹമില്ലായിരുന്നു. കാരണം അവൻ അത് ഇഷ്ടപ്പെട്ടിരുന്നില്ല അത് മുഷിപ്പിക്കുന്നതാണെന്ന് അവൻ ചിന്തിക്കുന്നു.കൂടാതെ അത് എങ്ങനെയാണെന്ന്ആദ്യ ദിവസം തന്നെ അവൻ പഠിച്ചിരുന്നു. എത്രയും വേഗത്തിൽ പോകുവാൻ അവൻ പദ്ധതിയിട്ടു. അങ്ങനെയാണെങ്കിൽകൂടുതൽ പ്രാവശ്യം ചാടുവാൻ കഴിയും. എങ്ങനെ ഇടത്തോട്ടും പിന്നെ വലത്തോട്ടും ചരിയണമെന്ന് കലമാൻ അവന് കാണിച്ചുകൊടുത്തു. രണ്ടു പ്രാവശ്യം അഭ്യസിച്ചതിനുശേഷം ചരിഞ്ഞുകിടന്ന് ഉറക്കം തുടങ്ങി. പിന്നെയും തയ്യാറായപ്പോൾ കലമാൻ ആദ്യം പുറപ്പെട്ട് മുയലിനോട് പിറകിൽ തുടരുവാൻ ആവശ്യപ്പെട്ടു. പകരം മുയൽ വളരെ വേഗത്തിൽ കലമാനെ മിറകടന്നു. കലമാൻ മുയലിനോട് പതുക്കെ പോകണം എന്ന് വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു. മുയൽശ്രദ്ധിക്കാതെ വളരെ വേഗത്തിൽ പൊയ്ക്കൊണ്ടിരുന്നതിനാൽ സ്കീയിങ് ബോർഡുകൾ നിയന്ത്രിക്കാൻ കഴിയാതെ ഒരു മരത്തിനോട് സമീപിച്ചു " അയ്യോ അരുത്! മരങ്ങൾ !"വളരെ വേഗത്തിൽ വലത്തോട്ടും ഇടത്തോട്ടും നിലതെറ്റിയപ്പോൾ അവൻ ഉറക്കെ വിളിച്ചു പറഞ്ഞു. മുയൽ ഒരു മരത്തിൽ ഇടിച്ചു കയറി മഞ്ഞിനു മുകളിലേക്കു വീണു. വശത്തുകൂടിതെന്നിച്ചെന്ന് കലമാൻ അവനെ എഴുന്നേൽക്കുവാൻ സഹായിച്ചു. മുയൽപറഞ്ഞു " എത്ര മനോഹരമായ വേഷമാണ് നീ ധരിച്ചിരിക്കുന്നത്. ഞാൻ ചിന്തിക്കുന്നത് കടലാമകളെപ്പിടിക്കാൻ പോകാം എന്നാണ്", എത്രയും പറഞ്ഞ് നാക്കു കുഴഞ്ഞു ബോധം കെട്ടു വീണു. കലമാൻ അവനെ ഉണർത്തി, തലയിൽ നിന്നും മഞ്ഞക്കഷണങ്ങൾ തട്ടിക്കളഞ്ഞു. കലമാനെ ശ്രദ്ധിക്കേണ്ടതായിരുന്നു എന്നു മുയൽ പറഞ്ഞു. കലമാൻ അടക്കിച്ചിരിച്ചുകൊണ്ടു പറഞ്ഞു."എന്നെ വിശ്വസിച്ചു കൊണ്ട്ഞാൻ പറയുന്നത് അനുസരിക്കു, ഒരു ദിവസം നീ കൊടുമുടിയിലേക്ക് തീർച്ചയായും സഞ്ചരിക്കും. താഴത്തെ ചരിവിൽ തന്നെ തുടരാമെന്ന്കലമാൻ അഭിപ്രായപ്പെട്ടു. മുയൽ വേഗത നിയന്ത്രിക്കുവാൻ പഠിക്കുന്നതുവരെ അവിടെതന്നെ തുടരുവാൻ അവർ അവിടേക്ക് തിരിച്ചുപോയി. അവർ രംഗം വിടുന്നു.

## പ്രധാന പാഠം: ദൈവത്തെ സേവിക്കുക



### വേദ വചന വാക്യം

"എനിക്കു ശുശ്രുഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്തു എന്റെ ശുശ്രുഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷചെയ്യുന്നവനെ പിതാവു മാനിക്കും." യോഹന്നാൻ 12:26

വിബിഎസിലെ അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനത്തേക്ക് വീണ്ടും സ്വാഗതം! നമ്മുടെ ജീവിതത്തെപ്പറ്റിയുള്ള ദൈവത്തിന്റെ വലിയ പദ്ധതിയാകുന്ന ആത്മീയ പർവ്വത്തിൽ എത്തിച്ചേരുന്നതിനായി ഇവിടെ ഒരുമിച്ച് കൂടുവാൻ കഴിഞ്ഞതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ദൈവം നമ്മെ സ്നേഹിക്കുന്നു എന്നും നമ്മുടെ ജീവിതത്തിൽ പ്രത്യേകമായ കാര്യങ്ങൾ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു എന്നും നാം അറിയുന്നു. ആയതിനാൽ അവിടെ എത്തിച്ചേരുവാനാണ് നാം ഈ പർവ്വതം കയറുന്നുത്. വിയർപ്പും കണ്ണീരും വേദനയും നാം സഹിക്കേണ്ടി വരും. എന്നാൽ അവയെല്ലാം വിലയുള്ളതായിത്തീരും. ഈ പർവ്വതം വ്യത്യസ്തമായ ഒന്നാണ് എന്ന് നിങ്ങൾ മനസ്സിലാക്കും. നാം ചിന്തിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ഒരു കയറ്റമായിരിക്കും അത്. പർവ്വതത്തിൽ കയറുന്നതിനു പകരം പർവ്വതത്തിൽ നിന്നും താഴേക്കു പോകുന്നതായി നമുക്ക് അനുഭവപ്പെടും!



ഈ ആഴ്ച നാം യോസേഫിനെ കണ്ടുമുട്ടി, പ്രതീക്ഷിച്ചതിൽ നിന്നും വിപരീതമായത് തന്റെ ജീവിതത്തിൽ സംഭവിച്ചതിനെപ്പറ്റി അവൻ പങ്കിട്ടു. എല്ലാവരും എങ്ങനെയാണ് യോസേഫിനെ വണങ്ങുവാൻ പോകുന്നത് എന്ന സ്വപ്നം ദൈവം അവന്



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

നൽകിയപ്പോൾ യോസേഫ് കരുതിയത്, അതിശയകരവും അത്ഭുതകരവുമായ കാര്യങ്ങളാണ് തന്റെ ജീവിതത്തിൽ സംഭവിക്കുക എന്നാണ്! പകരം അവൻ ഉപദ്രവിക്കപ്പെടുകയും അടിമയായി വിൽക്കപ്പെടുകയും ചെയ്തു! അടുത്തതായി എന്താണ് സംഭവിച്ചത് എന്ന് ഇന്ന് നാം പഠിക്കും. ഉപേക്ഷിക്കുന്നതിനു പകരം താൻ ആയിരുന്ന സ്ഥാനങ്ങളിൽ സേവനം ചെയ്യുന്നത് അവൻ തിരഞ്ഞെടുത്തു. അതിനായി കാത്തിരുന്നപ്പോൾ അവൻ പ്രത്യേകമായി ഒന്നും തന്നെ ചെയ്തിരുന്നില്ല. ഒരു നല്ല അടിമയായിരിക്കുവാൻ അവൻ ശ്രമിച്ചു. ഞാനും നീയും അങ്ങനെയായിരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. വലിയ കാര്യങ്ങൾക്കായുള്ള വിളി നമുക്കുണ്ടെങ്കിൽ ചെറിയ കാര്യങ്ങളിൽ സേവനം ചെയ്യുവാൻ നാം തയ്യാറാകണം. ചൂലെടുത്ത് അടിച്ചുവാരാൻ തുടങ്ങുക. സഭയിലും മറ്റെവിടെയും സേവനം ചെയ്യുക. ഏതു കാര്യങ്ങളിലും ഏതു ഇടങ്ങളിലും ഏതു സമയത്തും ദൈവത്തെ സേവിക്കുവാൻ നാം തയ്യാറാകണം. വിശ്വസ്തരായിരിക്കുക. ഉപേക്ഷിച്ചു കളയരുത്. എന്നാൽ ഇത് വളരെ കഠിനമായ ഒന്നായിരിക്കും! ദൈവത്തിന് നമ്മെപ്പറ്റി വലിയ പദ്ധതികളാണ് ഉള്ളത് എന്ന് മനസിലാക്കിക്കഴിയുമ്പോൾ ചെറിയ കാര്യങ്ങൾ ചെയ്യുന്നത് ബുദ്ധിമുട്ടായിത്തീരും. എന്നാൽ ഇങ്ങനെയാണ് അവിടെ എത്തിച്ചരുവാൻ സാധിക്കുക. ദൈവരാജ്യത്തിൽ മുകളിലേക്കുള്ള വഴി താഴ്ചയാണ്! ദൈവത്തെ സേവിച്ചുകൊണ്ട് പർവ്വതത്തിനു മുകളിൽ കാടിന്റെ അറ്റത്തുള്ള താവളത്തിൽ നാം എത്തിച്ചേരുന്നു. “തന്റെ ജീവനെ കണ്ടെത്തുന്നവൻ അതിനെ കളയും; തന്റെ ജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും.” മത്തായി 10:39. അപ്രധാനമായ ജോലികൾ തുടങ്ങുക എന്നത് ഭീതി ജനിപ്പിക്കുന്ന ഒന്നാണ്, എന്നാൽ അത് ചെയ്യുവാൻ നീ തയ്യാറുകുന്നു എങ്കിൽ ദൈവം നിന്നെ പരിശീലിപ്പിക്കും. അവൻ പ്രത്യേകമായ ചിലത് ചെയ്യും. ദൈവീക പരിശീലനം നമുക്ക് ആവശ്യമാണെങ്കിൽ ചെറിയ കാര്യങ്ങളിലും അവനെ സേവിക്കുവാൻ നാം തയ്യാറാകണം. ആദ്യം നാം പരാജയപ്പെട്ട് പിന്നിലേക്ക് പോയേക്കാം, യോസേഫിനെപ്പോലെ. നാം ദൈവത്തെ സേവിക്കുമെങ്കിൽ അവൻ നമുക്കു തന്ന സ്വപനങ്ങൾ ഒരു ദിവസം സഫലമായിത്തീരും.

**പ്രധാന ബിന്ദു**

ദൈവത്തെ സേവിക്കുക

# ചുറ്റിത്തിരിയൽ സ്ഥാനങ്ങൾ

കൊടുമുടിയിലെ ലഘുഭക്ഷണശാല

## കൊടുമുടിയിലെ ലഘുഭക്ഷണശാല ദിവസം 3

കൂടുതൽ മുകളിലേക്ക് കയറുമ്പോൾ മഞ്ഞുകട്ടികൾ നേരിടേണ്ടത് ഉണ്ടെന്ന് മനസ്സിലാക്കുക.

സാമഗ്രികൾ:



- വാനില കുക്കീസ്
- വെളുത്ത നിറമുള്ള ഐസിങ്
- ചെറിയപ്ലാസ്റ്റിക് ബാഗ് (4-5 വിദ്യാർത്ഥികൾക്ക് ഒരു ബാഗ് വീതം)
- പഞ്ചസാര
- നീല നിറമുള്ള ഫുഡ് കളർ
- നിർദേശങ്ങൾ
- സ്പൂൺ ഉപയോഗിച്ച് ഐസ് കട്ടകൾ ബാഗിൽ നിറച്ച് ഐസ് ബാഗുകൾ ഉണ്ടാക്കുക.
- നീല നിറത്തിലുള്ള ഫുഡ് കളർ ചേർത്തിളക്കി നീല നിറത്തിലുള്ള പഞ്ചസാര ഉണ്ടാക്കുക.
- തരി രൂപത്തിലുള്ള ഐസിങ് ഉപയോഗിച്ച് മഞ്ഞുതരികൾ ഉണ്ടാക്കി കുക്കീസിനു മുകളിൽ വരകളായി അലങ്കരിക്കുകയും നീല നിറത്തിൽ തിളങ്ങുന്ന പഞ്ചസാരത്തരികൾ ഒരു നുള്ള് വിതറുകയും ചെയ്യുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

## വേദ വചന പർവ്വതം

പോത്തിഫറിന്റെ ഭവനത്തിൽ യോസേഫ് ശുശ്രൂഷിക്കുന്നു. (ഉല്പത്തി 37: 36, 39: 1–6)

# യോസേഫ്

കുട്ടികളേ വന്ദനം! നിങ്ങൾ ഓർക്കുന്നുവോ! ഞാൻ യോസേഫാണ്. നിങ്ങളുടെ വിബിഎസിൽ മടങ്ങിയെത്തുവാൻ കഴിഞ്ഞത് മഹത്തരമാണ്. അവസാനം എനിക്ക് എന്താണ് സംഭവിച്ചത് എന്ന് ഓർക്കുന്നുവോ? എന്റെ സഹോദരന്മാർ എന്നെ അടിമയായി വിറ്റുകളഞ്ഞു! അവർ എന്നെ ഇഷ്ടപ്പെട്ടിരുന്നില്ല എന്നെനിക്കറിയാം. ഞങ്ങൾ വളരെയധികം വഴക്കടിച്ചിരുന്നു. എന്നാൽ ഇത് എല്ലാ കുടുംബങ്ങളിലും സാധാരണമാണ്. അവർ എന്നെ മിദ്യാന്യർക്ക് വിറ്റുകളയും എന്ന് ഞാൻ പ്രതീക്ഷിച്ചില്ല! മിദ്യാന്യർ എന്നെ ഈജിപ്തിലേക്ക് കൊണ്ടുപോയി.അവർ എന്നെ പോത്തിഫറിന് വിറ്റു, അവൻ രാജാവിന്റെ പ്രധാന ഉദ്യോഗസ്ഥനും പട്ടാലളത്തലവനും ആയിരുന്നു!

എന്റെ യജമാനനുവേണ്ടി എനിക്ക് സേവനം ചെയ്യേണ്ടതുണ്ടായിരുന്നു. എങ്കിലും ദൈവത്തിന്റെ കൃപ എന്നിൽ ഉണ്ടായിരുന്നു. അവൻ എന്നെ സഹായിച്ചു. ചീത്ത മനോഭാവം വച്ചുപുലർത്താൻ എളുപ്പമാണ്. എന്നാൽ എന്റെ കഴിവിലും നന്നായി യജമാനനെ സേവിക്കുവാൻ ഞാൻ തീരുമാനിച്ചു. ദൈവത്തിന് എന്നെപ്പറ്റി വലിയ പദ്ധതികൾ ഉണ്ടെന്ന് എനിക്കറിയാമായിരുന്നു. പൊത്തിഫറിന്റെ ഭവനത്തിൽ ഞാൻ കുടങ്ങിപ്പോയെങ്കിലും എപ്പോഴും എന്റെ യജമാനനെ സേവിക്കുവാൻ ഞാൻ തീരുമാനിച്ചു. എന്റെ യജമാനൻ ആവശ്യപ്പെട്ടിരുന്ന കാര്യങ്ങൾ എല്ലാം ഞാൻ ചെയ്തു. അവ ഒന്നും തന്നെ വളരെ എളുപ്പമായിരുന്നില്ല.

കുട്ടികളേ, നിങ്ങൾക്കെന്റെ സ്വപ്നങ്ങൾ ഓർമ്മയുണ്ടോ? ആകാശത്തിലെ നക്ഷത്രങ്ങളത്രയും എന്നെ നമസ്കരിക്കുന്നതായി ഞാൻ ഒരുത്തൻ മാത്രം സ്വപ്നം കണ്ടിരുന്നു. ദൈവം നൽകിയ സ്വപ്നത്തിലേക്ക് നടന്നടുക്കുന്നതായി എനിക്ക് അനുഭവപ്പെട്ടിരുന്നില്ല. ആത്മാർത്ഥമായും പിന്നിലേക്കു പോകുന്നതായാണ് എനിക്കനുഭവപ്പെട്ടത്. കുറച്ചു നാളുകൾക്കു ശേഷം എന്റെ യജമാനൻ എന്നെ ശ്രദ്ധിക്കുവാൻ തുടങ്ങി. തന്റെ വിശ്വസ്ത സേവകനായി എനിക്ക് സ്ഥാനക്കയറ്റം ലഭിച്ചു. എന്നാൽ ഞാൻ ഒരു അടിമയായിത്തന്നെ തുടർന്നു. അവിടെ എനിക്ക് വളരെ ഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നു. അവൻ എന്നെ അടിമയായി ഒരു അന്യദേശത്ത് കൊണ്ടു വന്നു എങ്കിലും, ദൈവം എന്നെ അനുഗ്രഹിക്കുന്നതായി എനിക്കനുഭവപ്പെട്ടു!

# അദ്ധ്യാപകൻ

യോസേഫ്, ഞങ്ങളുടെ വിബിഎസ് സന്ദർശിച്ചതിന് താങ്കൾക്ക് നന്ദി!

യോസേഫ്, ഒരുപക്ഷേ ദൈവത്തിൽ നിന്നും വിളി ലഭിക്കുക എന്നത് വളരെ അസാധാരണമായി തോന്നിയേക്കാം. അന്യരാജ്യത്ത് നീ അടിമയായിത്തീരുകയും ചെയ്തു!

എങ്കിലും ഇങ്ങനെയാണ് ദൈവം പ്രവർത്തിക്കുന്നത്. വലിയ കാര്യങ്ങൾക്കായി ദൈവം നമ്മെ ഉപയോഗിക്കുവാൻ തുടങ്ങുമ്പോൾ, ചെറിയ കാര്യങ്ങളിൽപോലും നാം അവനെ സേവിക്കണം. മറ്റുള്ളവർക്കു വേണ്ടി പ്രവർത്തിക്കുവാനും സേവനം ചെയ്യുവാനും നാം തയ്യാറാകുമോ എന്ന് ദൈവം നമ്മെ ശ്രദ്ധിക്കുന്നു. പുറകോട്ട് പോകുന്നു എന്നു തോന്നിയാലും, നാം ദൈവത്തെ സേവിക്കേണ്ടതാകുന്നു. കാരണം അതാണ് മുമ്പോട്ടുള്ള വഴി.

യോസേഫ്,  അടിമയായിരുന്നു എങ്കിലും നീ ദൈവത്തെ സ്നേഹിച്ചു. ആൾക്കൂട്ടത്തിനിടയിൽ ഒറ്റപ്പെട്ടു പോകുന്നതായി നിങ്ങൾക്കനുഭവപ്പെട്ടിട്ടുണ്ടോ? നിന്നെ ആരും അറിഞ്ഞിട്ടില്ല എന്നും നിന്റെ ജീവിതത്തിൽ പകരപ്പെട്ടിരിക്കുന്ന ദൈവശക്തി ആരും മനസ്സിലാക്കിയിട്ടില്ല എന്നും നിനക്ക് തോന്നിയിട്ടുണ്ടോ? (“അതെ” യോസേഫ് പ്രതികരിച്ചു.) പർവ്വതത്തിനു മുകളിൽ നിന്നും ദൃഷ്ടി മാറ്റി, ചുവടെടുത്ത് തൂക്കുവാൻ നാം തയ്യാറാകണം. ചെറിയ കാര്യങ്ങളിലും നാം ദൈവത്തെ സേവിക്കേണ്ടതാവശ്യമാണ്. കുട്ടികളേ, നിങ്ങളുടെ ജീവിതം കൊണ്ട് നിങ്ങൾ ദൈവത്തെ സേവിക്കുമോ?



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# പ്രവൃത്തി

സമയം അനുവദിക്കുമെങ്കിൽ മൂകാഭിനയം നടത്തുവാൻ കുട്ടികളെ അനുവദിക്കുക.

കളികൾക്കായുള്ള നിർദേശങ്ങൾ:

1. കളി ആരംഭിക്കുവാൻ ഒരാളെ തിരഞ്ഞെടുക്കുക.
2. എന്ത് സേവനമാണ് ചെയ്യേണ്ടതെന്ന് ലിസ്റ്റിൽ നോക്കി അവൻ തിരഞ്ഞെടുക്കണം. അല്ലെങ്കിൽ  സേവനം എന്താണ് എന്നെഴുതിയിട്ടുള്ള ഒരു കഷണം പേപ്പർ തിരഞ്ഞെടുക്കുക.
3. മൂകമായി അഭിനയിച്ചുകൊണ്ട് ആ വാക്ക് അല്ലെങ്കിൽ സേവനം വെളിപ്പെടുത്തുക.
4. ആദ്യം ഉത്തരം ഊഹിച്ചെടുക്കുന്ന കളിക്കാരൻ വിജയിക്കുന്നു.(കൂടുതൽ പോയിന്റ് നേടുന്ന വ്യക്തി അല്ലെങ്കിൽ ടീം വിജയിക്കുന്നു.)

ദൈവത്തെ സേവിക്കുന്നതിനുള്ള, മൂകാഭിനയം നടത്തുന്നതിനുള്ള ആശയങ്ങൾ:

- കുപ്പ പെറുക്കുക
- തറ തൂക്കുക
- പാത്രങ്ങൾ കഴുകുക
- തുണികൾ എടുക്കുക
- തറ തുടയ്ക്കുക
- സഭാശുശ്രൂഷകനെ സഹായിക്കുക
- നഴ്സറി വിദ്യാർത്ഥികളെ പഠിപ്പിക്കുക
- വരിയിൽ എറ്റവും പിന്നിൽ നിൽക്കുക
- മറ്റുള്ളവരെ സഭയിലേക്ക് ക്ഷണിക്കുക
- വാതിൽക്കൽ മറ്റുള്ളവരെ വന്ദനം ചെയ്യുക
- ചീത്ത വസ്തുക്കൾ കളയുക



# സമ്മതിദാനം

സമ്മതിദാനപ്പട്ടികയ്ക്കു ചുറ്റും കുട്ടികളെ വിളിച്ചു കൂട്ടുക.  ഓരോ ചോദ്യങ്ങളും, സാധ്യമായ രണ്ട് തിരഞ്ഞെടുപ്പുകളും അവർക്ക് പരിചയപ്പെടുത്തുക. ഓരോ കുട്ടിയും തങ്ങളുടെ അഭിപ്രായം തെരഞ്ഞെടുത്ത് ഓരോ പ്രായക്കാർക്കുമുള്ള പട്ടികയിൽ തങ്ങളുടെ ഒപ്പ് വയ്ക്കുക.  ആവശ്യമെങ്കിൽ സമ്മതിദാനം രേഖപ്പെടുത്തുവാൻ സ്റ്റിക്കറുകൾ ഉപയോഗിക്കാം.  ശരിയായ ഉത്തരം അവർ കാണാതിരിക്കുവാൻ ശ്രമിക്കുക.



അ. പോത്തിഫർ നൽകിയ ഏത് ജോലിയും ചെയ്ത് എളിയ ദാസനായി യോസേഫ് മാറിയത് ശരിയായ കാര്യമാണ്.

ആ. താൻ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയാണെന്ന് അഭിനയിച്ചുകൊണ്ട് തന്റെ ജീവിതത്തെക്കുറിച്ച് ദൈവത്തിനുള്ള വലിയ പദ്ധതികളെപ്പറ്റി പോത്തീഫറിനോട് യോസേഫ് വിവരിക്കണമായിരുന്നു. ജോലിക്കുവേണ്ടിയുള്ള കൂടിക്കാഴ്ച ശരിയായി പൂർത്തീകരിച്ച് അവന് പ്രധാനപ്പെട്ട ഒരു ജോലിയിൽ പ്രവേശിക്കാമായിരുന്നു.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# തണുത്തുറഞ്ഞ കളികൾ



1 മഞ്ഞുപന്ത് ടോസിടൽ

വെള്ളബലൂണുകളിൽ വെള്ളം നിറച്ച് അവയെ മഞ്ഞുപന്ത് എന്ന് വിളിക്കുക. ഓരോ പങ്കാളിയുംജോഡികളായി അഭിമുഖമായി നിൽക്കുകയും മഞ്ഞുപന്ത്ഇരുവശത്തേക്കും പരസ്പരം എറിഞ്ഞ് പിടിക്കുക. ഓരോ ടോസിലും കുട്ടി ഓരോ ചുവടും പുറകോട്ട് വെക്കണം. എപ്പോഴാണോ വെള്ളം നിറച്ച ബലൂൺ പൊട്ടുന്നത് അപ്പോൾ ആ ജോഡികൾ പുറത്തുപോകും.



2 ഹിമക്കാറ്റിലെ ഓട്ടമത്സരം

ഒരു കൂട്ടം വെള്ള ബലൂണുകൾ ഊതി വീർപ്പിച്ച് മഞ്ഞായിട്ട് കണക്കാക്കുക. നിങ്ങളുടെ ഗ്രൂപ്പിനെ രണ്ട് ടീമുകളായി തിരിക്കുക. കുട്ടികൾ ആ ബലൂണുകൾ തറയിലൂടെ ഊതി ഫിനിഷിംഗ് ലൈനിൽ എത്തുന്നയാൾ വിജയിക്കുന്നു.

# മുറിക്കുള്ളിലെ കരകൗശലങ്ങൾ

## ബുക്ക്മാർക്ക് ദിവസം 3



നിർദേശങ്ങൾ

1. ബുക്ക് മാർക്കിന്റെ രൂപം വെട്ടിയെടുക്കുക. ഓരോ കുട്ടിക്കും ബുക്ക് മാർക്കിന്റെ രൂപം, ഒരു റിബ്ബൺ അല്ലെങ്കിൽ ചുരുണ്ട റിബ്ബൺ, 2 മഞ്ഞ് കട്ടകൾ, 6 സ്പൈറലുകൾ എന്നിവ നൽകുക.
2. ബുക്ക് മാർക്കിന് നിറം കൊടുക്കുക.
3. മഞ്ഞു കഷ്ണങ്ങളും സ്പൈറലുകളും ബുക്ക് മാർക്കിൽ ഒട്ടിച്ചു ചേർക്കുക.
4. കുഴയിൽ കൂടി റിബ്ബൺ കോർക്കുക, റിബ്ബണിന്റെ രണ്ടറ്റത്തും ഒരു റൊട്ടിക്കഷണം കെട്ടുക, റിബ്ബണിൽ ഒരു കെട്ട് വീഴ്ത്തുക. ബുക്ക് മാർക്ക് കീറിപ്പോകാതെ സൂക്ഷിക്കുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# സ്കീയിംഗ് ക്ലാസ്സ്



## വിദ്യാർത്ഥികളുടെ പ്രവൃത്തികൾക്കുള്ള പേജുകൾ

പ്രവൃത്തികൾക്കുള്ള പേജുകൾ വിതരണം ചെയ്യുക.പദപ്രശ്നങ്ങൾ ചെയ്യുക. മനഃപാഠവാക്യം കാണത്തക്കവിധം, പേപ്പർ ഒരു കൈവള പോലെ മടക്കുക, കാണിച്ചിരിക്കുന്ന രീതിയിൽ ഓരോ കുട്ടികളുടെയും കൈയിൽ കെട്ടുക. ഇപ്പോൾ ഈ പാഠങ്ങൾ അവർക്ക് വീടുകളിൽ കൊണ്ടുപോകുവാൻ കഴിയും!

## ഉത്തരങ്ങൾ











കവടി കളിക്കുവാനുള്ള സമയം ! ഒരു സുഹൃത്തിനെ തെരഞ്ഞെടുത്ത് കളിക്കുവാൻ വിദ്യാർത്ഥികളെ അനുവദിക്കുക.6 മത്സരങ്ങൾകളിക്കുക. 3X3 കളത്തിൽ ഓരോരുത്തരായി “ X ”അല്ലെങ്കിൽ “O”അടയാളപ്പെടുത്തിക്കൊണ്ട് കളി തുടരുക. തിരശ്ചീനമായോ, ലംബമായോ, കോണോടുകോണായോ തങ്ങളുടെ അടയാളങ്ങൾ പൂർത്തിയാക്കുന്ന കളിക്കാരൻ കളി വിജയിക്കുന്നു.

# 4 ദൈവത്തിലുള്ള പ്രത്യാശ്

## ഹിമപ്പരപ്പ് താവളം / യോസേഫ് തടവറയിൽ വിസ്മരിക്കപ്പെട്ടു.

ഉല്പത്തി 39: 7–40: 23

## ദിവസം 4: കാത്തിരിക്കുന്നു.

തനിക്കിഷ്ടമല്ലാത്ത കാര്യം ചെയ്യേണ്ടതിനായി മുയലിന് ഇന്ന് കാത്തിരിക്കേണ്ടതുണ്ട്.അവർ പിറ്റേ ദിവസം പോകുവാനാഗ്രഹിക്കുന്ന സ്കീ ലിഫ്റ്റിന് താഴേക്ക് അവർ സഞ്ചരിച്ചു കൊണ്ടിരുന്നു! കലമാൻ തീയിൽ എന്തോ പാകം ചെയ്യുകയായിരുന്നു. മുയൽ, കലമാനോട് ഇന്ന് കൊടുമുടിയിൽ പോകുവാൻ സാധിക്കുമോ എന്ന് വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടിരുന്നു. കാരണം എന്താണ് എന്ന് പറയാതെ അവനോട് കാത്തിരിക്കാൻ കലമാൻ പറഞ്ഞു. പർവ്വതത്തിൽ പോകേണ്ടതിന് മുയൽ കലമാനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. താഴേക്കും മുകളിലേക്കും ചാടിക്കൊണ്ട് അവന്റെ കാലുകളിൽ മുറിവില്ല എന്ന് അവൻ കലമാനോട് പറഞ്ഞുകൊണ്ടിരുന്നു. പിന്നീട് കലമാൻ നോക്കാതിരിക്കുമ്പോൾ മുറിവുകൾ ഉള്ളതുപോലെ അവൻ കാലുകൾ തടവിക്കൊണ്ടിരുന്നു. കലമാനെ ആക്ഷേപിച്ചുകൊണ്ട് അവൻ സ്കീയിങിന് പോകുവാൻ ഒരുങ്ങി, പിന്നീട് സൂപ്പ് കൊടുത്ത് സഹായിക്കാം എന്ന് പറഞ്ഞുകൊണ്ടും താണുവണങ്ങിക്കൊണ്ടും, സ്കീ ബോർഡ് എടുത്ത് വാതിൽക്കൽ പോയി നിന്നുകൊണ്ടും കലമാനെ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ കലമാൻ സൂപ്പ് ഉണ്ടാക്കുന്നതിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടിരുന്നു. കുറെ സമയം ശ്രമിച്ചതിന് ശേഷം കലമാനെ പുറത്തുപോകുവാൻ നിർബന്ധിക്കുന്നത് ഉപേക്ഷിച്ചു, പകരം ഭ്രാന്ത് പിടിച്ചതുപോലെ കാണിക്കുവാൻ തുടങ്ങി. ആദ്യം കാല് നിലത്തടിച്ചുകൊണ്ട് വാച്ചിൽ നോക്കിക്കൊണ്ടിരുന്നു. തല കറങ്ങി താഴെ വീഴുന്നതുവരെ വട്ടത്തിൽ കറങ്ങിക്കൊണ്ടിരുന്നു. കലമാൻ നോക്കാതിരിക്കുമ്പോൾഅവനെ മുഖം വീർപ്പിച്ചു കാണിച്ചുകൊണ്ടിരുന്നു. ആക്രോശിച്ചു കൊണ്ടും വട്ടത്തിൽ ഓടിക്കൊണ്ടും മുയൽ തന്നോടുതന്നെ പറഞ്ഞുകൊണ്ടിരുന്നു; ഒരു പക്ഷേ കലമാൻ ഒരിക്കലും പർവ്വതത്തിൽ പോകുവാൻ ഉദ്ദേശിക്കുന്നില്ലായിരിക്കും എന്ന് പറഞ്ഞുകൊണ്ട് ഒരു മൂലയിൽ സ്തംഭിച്ചിരുന്നു. കലമാൻ സൂപ്പ് തയ്യാറാക്കി മേശപ്പുറത്തു വെച്ചുകൊണ്ട് മുയലിനെ വിളിച്ചു, പിണക്കം മതിയാക്കുവാൻ പറഞ്ഞു. അവൻ ഒരിക്കൽ കൂടി, എന്തുകൊണ്ടാണ് അവർ ഇതുവരെയും കൊടുമുടിയിൽ പോകാതിരിക്കുന്നത് എന്ന് ചോദിച്ചു. കൊടുമുടിയിലെ കാലാവസ്ഥ മോശമാണെന്നും അത് ശരിയാകുന്നതുവരെ കാത്തിരിക്കേണ്ടതാണെന്നും കലമാൻപറഞ്ഞു. " ഊഹ് ഞാനതിനെപ്പറ്റി ചിന്തിച്ചില്ല", മുയൽ പറഞ്ഞു. കലമാൻ അടക്കിച്ചിരിച്ചു കൊണ്ടു പറഞ്ഞു. " ഞാൻ പറയുന്നത് വിശ്വസിക്കൂ, ഒരു ദിവസം, വളരെ പെട്ടെന്നു തന്നെ നീ കൊടുമുടിയിലേക്ക് സഞ്ചരിക്കും" മുയൽ പറഞ്ഞു " നീ പറഞ്ഞത് ശരിയാണ്. നീ എന്താണ് പറയുന്നതെന്ന്ഞാൻ ആദിമുതൽ വിശ്വസിക്കേണ്ടതായിരുന്നു. നീ സമയമായി എന്നു പറയുന്നതുവരെ ഞാൻ കാത്തിരിക്കാം".

## പ്രധാന പാഠം: ദൈവത്തിലുള്ള പ്രത്യാശ

വിബിഎസിലെ അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനത്തേക്ക് വീണ്ടും സ്വാഗതം!
ദൈവം നിങ്ങളുടെ ജീവിതത്തിൽ പ്രത്യേകമായ ചില പദ്ധതികൾ ഒരുക്കിയിരിക്കുന്നു എന്ന് നിങ്ങളിൽ എത്രപേർ മനസ്സിലാക്കിയിട്ടുണ്ട്? അതെ, ഇത് അത്ഭുതകരമാണ്! നാം എങ്ങനെയാണ് ആത്മീയ പർവ്വതം കയറുന്നത്? (ഉത്തരം പറയുവാൻ കുട്ടികൾക്ക് സമയം നൽകുക.) ഈ പർവ്വതത്തിൽ മുകളിലേക്കുള്ള വഴി താഴ്ചയാണ്! എങ്കിലും താഴേക്കു പോകുമ്പോൾ നാം നിരാശപ്പെടരുത്, ദൈവത്തിൽ ആശവയ്ക്കുക. ഒരു ദിവസം നാം പർവ്വതത്തിന്റെ മുകളിൽ എത്തിച്ചേരും!



### വേദ വചന വാക്യം

"നമ്മുടെ ഉള്ളം യഹോവെക്കായി കാത്തിരിക്കുന്നു; അവൻ നമ്മുടെ സഹായവും പരിചയും ആകുന്നു."
സങ്കീർത്തനങ്ങൾ 33:20

ഈ ആഴ്ച യോസേഫ് തന്റെ ജീവിതാനുഭവം വിവരിച്ചുകൊണ്ട്, എങ്ങനെയാണ് മുകളിലേക്കുള്ള വഴി താഴ്ചയായിരിക്കുന്നത് എന്ന് മനസ്സിലാകുവാൻ നമ്മെ സഹായിക്കും.
ഉന്നതമായ വിധത്തിൽ അവനെ ഉപയോഗിക്കുമെന്നും എല്ലാവരും അവനെ വണങ്ങും





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

എന്നും, രണ്ട് വലിയ സ്വപ്നങ്ങൾ ദൈവം അവന് നൽകി. ആ സ്വപ്നങ്ങൾ സഫലമാകുന്നതിന് പകരം, അവൻ ഒരു കിണറ്റിലേക്ക് വലിച്ചെറിയപ്പെടുകയും അടിമയായി വിൽക്കപ്പെടുകയും ചെയ്തു. ആദ്യമായി, അവന് ദൈവത്തിൽ ആശ്രയിക്കേണ്ടതുണ്ടായിരുന്നു, ദൈവത്തെ സേവിക്കേണ്ടിയിരുന്നു, അപ്രധാനങ്ങളായ പലതും ചെയ്യേണ്ടതുണ്ടായിരുന്നു. അടുത്തായി നാം മനസ്സിലാക്കുവാൻ പോകുന്നത് അവന്റെ ജീവിതത്തിൽ സംഭവിച്ചത് ഏറ്റവും മോശമായ കാര്യങ്ങളായിരുന്നു എന്നതാണ്. അവൻ അവഗണിക്കപ്പെട്ടു, എല്ലാവരും അവനെ വിസ്മരിച്ചു!

കൂടുതൽ മോശമായത്? അതെ, വിസ്മരിക്കപ്പെടുക എന്നതിനേക്കാൾ കൈകാര്യം ചെയ്യാൻ എളുപ്പമാണ് ദ്രോഹിക്കപ്പെടുക എന്നത്. യോസേഫ് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അവൻ വിസ്മരിക്കപ്പെട്ടു. തന്റെ ആശ ദൈവത്തിൽ അർപ്പിക്കുക എന്നതൊഴികെ തന്റെ സേവനത്തെപ്പറ്റി അഭിമാനിക്കുവാൻ അവന് ഒന്നുമില്ലായിരുന്നു. ദൈവം നിനക്കായ് കരുതുന്നു. സ്വപ്നം സഫലമാകുന്നതിന് മുമ്പ് ദൈവം നിന്നെ പരിശീലിപ്പിക്കുകയും ഒരുക്കുകയും ചെയ്യുന്നു. ഇത് സംഭവിക്കുന്നത് ഒരു വലിയ സമൂഹത്തിന്റെ മധ്യത്തിലായിരിക്കില്ല. മറിച്ച് ആരും കാണാത്തിടത്ത് അത് സംഭവിക്കേണ്ടത് ആവശ്യമാണ്. സമയം കടന്നുപോകുമ്പോൾ ദൈവം നിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കും!

നിർഭാഗ്യവശാൽ ഇതിന് വളരെ വർഷങ്ങൾ എടുക്കും. ഇന്ന് നിങ്ങൾ അവനെ കാണുമ്പോൾ, ജയിലിൽ വിസ്മരിക്കപ്പെട്ടു കിടന്നിരുന്ന നാളുകൾ എങ്ങനെയാണ് കഴിഞ്ഞിരുന്നതെന്ന് യോസേഫിനോട് ചോദിക്കണം.

ശ്രദ്ധിക്കപ്പെടാതെയിരിക്കുമ്പോൾ, കാത്തിരിക്കുക എന്നത് വളരെ നിരാശാജനകമാണ്. എങ്കിലും ആശ കൈവെടിയരുത്; നിന്റെ ജീവിതത്തിൽ വളരെ പ്രത്യേകമായ ഒന്ന് ദൈവം ചെയ്യും. ദൈവം എന്താണ് നമ്മുടെ ജീവിതത്തിൽ ആഗ്രഹിക്കുന്നത്, യോസേഫ് ചെയ്തതുപോലെ, അതിനായി കാത്തിരിക്കുവാൻ നാം തയ്യാറാകണം. ദൈവത്തിൽ ആശവയ്ക്കുവാൻ നമുക്ക് കഴിയുന്നുവെങ്കിൽ ആ പഴയ സ്വപ്നങ്ങൾ ദൈവം നമ്മുടെ ജീവിതത്തിൽ സഫലമാക്കിത്തീർക്കും.

### പ്രധാന ബിന്ദു

ദൈവത്തിലുള്ള പ്രത്യാശ

# ചുറ്റിത്തിരിയൽ സ്ഥാനങ്ങൾ

## കൊടുമുടിയിലെ ലഘുഭക്ഷണശാല ദിവസം 4

കയറ്റം നമുക്ക് ദാഹം ഉണ്ടാക്കും!
ഇന്ന് നമുക്ക് തണുത്ത പഴച്ചാറ് കഴിക്കാം.



സാമഗ്രികൾ :
- ഒരു വലിയ പാത്രവും സ്പൂണും
- 1. നീല നിറത്തിലുള്ള പഴച്ചാർ നിറഞ്ഞ പാത്രം
- 1–2ലിറ്റർ സെവൻ അപ്പ്, സ്പ്രൈറ്റ് അല്ലെങ്കിൽ സ്കൂർട്ട് കുപ്പി
- 1 കപ്പ് പൈനാപ്പിൾ ചാർ
- മഞ്ഞു പന്തിനുവേണ്ടി വാനില ഐസ്ക്രീം

നിർദേശങ്ങൾ:

1. പഴഞ്ചാറുകളും സോഡയും കൂട്ടി സോഡയും കൂട്ടിച്ചേർക്കുക.
2. വാനില ഐസ്ക്രീം മുകളിൽ ഇടുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

യോസേഫ് തടവറയിൽ വിസ്മരിക്കപ്പെട്ടു.
( ഉല്പത്തി 39: 7-40: 23)

# യോസേഫ്

വന്ദനം കുട്ടികളേ! സേനാനായകന്റെ വീട്ടിലെ അടിമയായിത്തീർന്ന കാര്യമാണ് കഴിഞ്ഞ തവണ പറഞ്ഞവസാനിപ്പിച്ചത്. എന്നാൽ അത് അധിക നാൾ തുടർന്നില്ല. കാരണം അയാളുടെ ഭാര്യ തെറ്റായ ആരോപണങ്ങൾ എനിക്കെതിരായി ചുമത്തുകയും ഞാൻ ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു!

ജയിൽ ഒരു തമാശയല്ല. എങ്കിലും കാര്യങ്ങൾ നടത്തുവാൻ ജയിലധികാരി എന്നെ ഏൽപ്പിക്കുകയും അവിടെ ഞാൻ തിരക്കുള്ളവനായിത്തീരുകയും ചെയ്തു. എന്നാൽ എന്റെ സ്വപ്നം അതായിരുന്നില്ല! ജയിലിൽ മേൽനോട്ടക്കാരനായിത്തീരുമെന്നും എല്ലാറ്റിന്റെയും ചുമതല വഹിക്കുമെന്നും ഞാൻ ഒരിക്കലും സ്വപ്നം കണ്ടിരുന്നില്ല. എന്നാൽ ഞാൻ ജയിലിൽ അടയ്ക്കപ്പെട്ടു. രക്ഷപ്പെടുവാൻ ഒരു വഴിയും ഇല്ലായിരുന്നു! സമയങ്ങൾ കഴിഞ്ഞു പൊയ്ക്കൊണ്ടിരുന്നു, എല്ലാവരും എന്നെ മറന്നു.

ഒരു ദിവസം രാജാവിന്റെ രണ്ട് പരിചാരകർ ജയിലിൽ അടയ്ക്കപ്പെട്ടു! രാജാവിന്റെ പാനപാത്ര വാഹകനും അപ്പക്കാരനും ജയിലിലായി. രക്ഷപ്പെടാനുള്ള അവസരമായിരിക്കും അത് എന്ന് ഞാൻ ചിന്തിച്ചു. ദൈവം എന്നെ സംരക്ഷിക്കും, അവർ ചെയ്തത് വലിയ തെറ്റായിരുന്നു എന്ന് അവർ മനസ്സിലാക്കും, ദൈവത്തിന് എന്റെ ജീവിതത്തെപ്പറ്റി വലിയ പദ്ധതികൾ ഉണ്ട്, ഞാൻ ഇനി ജയിലിൽ തുടരില്ല! എന്നു ഞാൻ കരുതി. ഒരു രാത്രി അവർ രണ്ടുപേരും സ്വപ്നങ്ങൾ കണ്ടു. അത് വ്യാഖ്യാനിക്കുവാൻ ഞാൻ അവരെ സഹായിച്ചു. പാനപാത്രക്കാരന്റെ സ്വപ്നത്തിന്റെ അർത്ഥം ഇതായിരുന്നു – മൂന്ന് ദിവസങ്ങൾക്കകം അവൻ തന്റെ പഴയ ജോലിയിൽ തിരികെ പ്രവേശിക്കും. എന്നാൽ അപ്പക്കാരന്റെ സ്വപനത്തിന്റെ അർത്ഥം, മൂന്ന് ദിവസങ്ങൾക്കകം അവന്റെ തല ഛേദിക്കപ്പെടും എന്നതായിരുന്നു! രാജകൊട്ടാരത്തിൽ തിരികെ എത്തുമ്പോൾ എന്നെ ഓർക്കേണമേ എന്ന് പാനപാത്ര വാഹകനോട് ഞാൻ അപേക്ഷിച്ചു. ഞാൻ തെറ്റു ചെയ്തിട്ടില്ല എന്നും എന്റെ രാജ്യത്തിൽ നിന്നും പറിച്ചെറിയപ്പെടുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു എന്നും എനിക്ക് പുറത്തുപോകണം എന്നും ഞാൻ അപേക്ഷിച്ചു.

എന്നാൽ പിന്നെയും സമയങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു എല്ലാവരും എന്നെ മറന്നു.

ഞാൻ പ്രവചിച്ചപോലെ പാനപാത്ര വാഹകൻ രാജകൊട്ടാരത്തിൽ തിരിച്ചെത്തി. എന്നാൽ എന്നെപ്പറ്റി രാജാവിനോട് പറയാൻ അയാൾ മറന്നു. പിന്നെയും രണ്ടു വർഷങ്ങൾ കടന്നുപോയി. ഞാൻ ജയിലറയ്ക്കുള്ളിൽ ആയിരുന്നു. ഞാൻ വിസ്മരിക്കപ്പെട്ടു. കുട്ടികളേ, ദൈവത്തിന് എന്റെ ജീവിത്തെപ്പറ്റി വലിയ പദ്ധതികൾ ഉണ്ട് എന്നറിഞ്ഞിട്ടും പിന്നെയും ജയിലിൽ കിടക്കുക എന്നത് ശരിക്കും ദുഃസ്സഹമായിരുന്നു. ദൈവത്തിൽ ആശവയ്ക്കുകയും കാത്തിരിക്കുകയും ചെയ്യേണ്ടി വന്നു, എനിക്ക്. എന്റെ സ്വപനങ്ങൾ സഫലമാകുമെന്ന് പ്രതീക്ഷയോടെ ഞാൻ കാത്തിരുന്നു.

# അദ്ധ്യാപകൻ

ഈ വിബിഎസ് മുഴുവൻ ഞങ്ങളോടൊപ്പം ആയിരുന്നതിന് യോസേഫ്, നിനക്ക് നന്ദി! ദൈവത്തിൽ നിന്നും പ്രത്യേകമായ വിളി ലഭിച്ചിട്ട് വീണ്ടും ജയിലിൽ കിടക്കുക എന്നത് നിനക്ക് വളരെ കഠിനമായി തോന്നിയിരിക്കാം! എന്നാൽ ഇങ്ങനെയാണ് ദൈവം പ്രവർത്തിക്കുന്നത്. വലിയ കാര്യങ്ങൾ ചെയ്യുന്നതിനായി ദൈവം നമ്മെ ഉപയോഗിക്കുമ്പോൾ നഷ്ടപ്പെട്ടു, കുടുങ്ങിപ്പോയി, വിസ്മരിക്കപ്പെട്ടു എന്നു തോന്നിയാലും ദൈവത്തിൽ നാം ആശ വയ്ക്കണം. അവനിൽ ആശവച്ച് അവനായി നാം കാത്തിരിക്കുമോ, എന്ന് ദൈവം നമ്മെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. നമ്മെ മറന്നു, ഉപേക്ഷിക്കപ്പെട്ടു എന്നു തോന്നിയാലും നമുക്ക് ദൈവത്തിൽ ആശയും ആശ്രയവും ഉണ്ടായിരിക്കണം. കാരണം അതാണ് മുമ്പോട്ടുള്ള വഴി.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



യോസേഫ്, ജയിലിൽ ആയിരുന്നിട്ടും ദൈവത്തിൽ നീ ആശവച്ചു. ആൾക്കൂട്ടത്തിനു നടുവിൽ ഒറ്റപ്പെട്ടതായി നിനക്ക് അനുഭവപ്പെട്ടിട്ടുണ്ടോ? നീ ആരാണെന്നും ദൈവത്തിൽ നിന്നും നിനക്ക് ലഭിച്ച ശക്തി എന്താണെന്നും ആരും മനസ്സിലാക്കുന്നില്ല എന്ന് നിനക്ക് തോന്നിയിട്ടുണ്ടോ?("അതെ", എന്ന് യോസേഫ് പ്രതികരിക്കുന്നു.) പർവ്വതത്തിൽ നിന്നും ദൃഷ്ടി മാറ്റി, ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുവാൻ നാം തയ്യാറാകണം. ദൈവത്തിൽ ആശവച്ചു നാം കാത്തിരിക്കുമ്പോൾ ചെറിയ കാര്യങ്ങളിൽ പോലും സേവനം ചെയ്യുവാൻ നാം തയ്യാറാകണം. കുട്ടികളേ, വിസ്മരിക്കപ്പെട്ടു എന്നും ആരും കാണുന്നില്ല എന്നും തോന്നുന്ന സന്ദർഭങ്ങളിലും ദൈവത്തിൽ ആശ വയ്ക്കുവാൻ നിങ്ങൾക്കു കഴിയുമോ?

## പ്രവൃത്തി

ഒരു ചെറിയ പേപ്പർ ബോട്ടുണ്ടാക്കി "നദി"യിൽക്കൂടി താഴേക്ക് ഒഴുകുന്നത് ശ്രദ്ധിക്കുവാൻ കുട്ടികളെ അനുവദിക്കുക. ഈ പ്രവൃത്തി നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവത്തിന് ഒരു തക്ക സമയം ഉണ്ട് എന്നും അവനിൽ നാം ആശവയ്ക്കണം എന്നുമാണ്.
കുട്ടികൾ തങ്ങളുടെ പ്രായത്തിനനുസരിച്ച് പലതരത്തിലുള്ള ബോട്ടുകൾ തയ്യാറാക്കി വെള്ളത്തിൽ ഒഴുക്കുക. (പലതരത്തിലുള്ള ആശയങ്ങൾ ചിത്രത്തിൽ കൊടുത്തിട്ടുണ്ട്. നദിയെ പ്രതിനിധീകരിച്ച് ക്ലാസ്സിൽ ഒരു ചെറിയ നീന്തൽ കുളം ഒരുക്കുക. നീല നിറത്തിലുള്ള തുണി വിരിച്ച് നദിയായി സങ്കല്പിക്കുവാൻ കഴിയും.









## സമ്മതിദാനം

സമ്മതിദാനപ്പട്ടികയ്ക്കു ചുറ്റും കുട്ടികളെ വിളിച്ചു കൂട്ടുക. ഓരോ ചോദ്യങ്ങളും, സാധ്യമായ രണ്ട് തിരഞ്ഞെടുപ്പുകളും അവർക്ക് പരിചയപ്പെടുത്തുക. ഓരോ കുട്ടിയും തങ്ങളുടെ അഭിപ്രായം തെരഞ്ഞെടുത്ത് ഓരോ പ്രായക്കാർക്കുമുള്ള പട്ടികയിൽ തങ്ങളുടെ ഒപ്പ് വയ്ക്കുക. ആവശ്യമെങ്കിൽ സമ്മതിദാനം രേഖപ്പെടുത്തുവാൻ സ്റ്റിക്കറുകൾ ഉപയോഗിക്കാം. ശരിയായ ഉത്തരം അവർ കാണാതിരിക്കുവാൻ ശ്രമിക്കുക.

അ. രാജാവിന്റെ പാനപാത്ര വാഹകനുമായി നിരന്തരമായി ഒരു ബന്ധം യോസേഫിന് ഉണ്ടായിരിക്കേണ്ടതായിരുന്നു. അവന്റെ ഫോൺ നമ്പർ വാങ്ങിക്കുകയോ അല്ലെങ്കിൽ ഒരു ഭടന്റെ കൈവശം കുറിപ്പ് കൊടുത്തയയ്ക്കുകയോ ചെയ്യണമായിരുന്നു.
ആ. തന്നെ ഏൽപ്പിച്ചിരിക്കുന്ന ഏതൊരു ജോലിയും ചെയ്തുകൊണ്ട്, ഒരു ദിവസം ദൈവം തന്റെ ജീവിതത്തിൽ പ്രവർത്തിക്കുകയും താൻ കൗമാരത്തിൽ കണ്ട സ്വപ്നങ്ങൾ സഫലമാകുകയും ചെയ്യുമെന്ന് വിശ്വസിച്ചുകൊണ്ട് യോസേഫ് ക്ഷമയോട് കാത്തിരുന്നതും ശരിയായ കാര്യമായിരുന്നു.





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



# തണുത്തുറഞ്ഞ കളികൾ

1 മഞ്ഞുബോളിനായി ശവംതീനികളെ വേട്ടയാടുക.
പരിസരങ്ങളിൽ കോട്ടൻ ബോളുകൾ ഒളിച്ച് വെക്കുക.



കുട്ടികൾ ചുറ്റുപാടുകളിൽ
ഓടിനടന്ന്മഞ്ഞുബോളുകൾ കൂട്ടിവെയ്ക്കട്ടെ.

2 മഞ്ഞുബോൾ ഓട്ടമത്സരം
കുട്ടികളെ ഒരേ വരിയിൽ നിരയായി നിർത്തുക. ഓരോ കുട്ടിയും ഓരോ സ്ട്രോകൊണ്ട് ശ്വാസം ഉള്ളിലോട്ട് വലിച്ചുപിടിച്ചുകൊണ്ട് കോട്ടൻബോളുമായി ഫിനിഷിങ് ലൈനിലേക്ക് ഓടുക. അഞ്ച് മുതൽ 10 വരെ കുട്ടികൾക്ക് ഒരേ സമയം ഇതിൽ പങ്കെടുക്കാം. വിജയികൾക്ക്അവസാന റൗണ്ടിൽ മത്സരിക്കാം.

# മുറിക്കുള്ളിലെ കരകൗശലങ്ങൾ

## പിക്ചർ ഫ്രെയിം ദിവസം 4



നിർദേശങ്ങൾ

1. ഒരു പേപ്പർ ഫ്രെയിം അല്ലെങ്കിൽ, ഫോം, ഫ്രെയിമിന് പിൻവശത്ത് ഒട്ടിക്കുവാനുള്ള പേപ്പർ എന്നിവ ഓരോ കുട്ടിക്കും നൽകുക. ഫ്രെയിമിൽ വയ്ക്കുവാനുള്ള ഫോട്ടോ ലഭ്യമല്ലെങ്കിൽപർവ്വതവും മഞ്ഞുകട്ടകളും നിറം നൽകി അതിനായി ഉപയോഗിക്കാം.
2. ഫ്രെയിമിന്റെ പുറകിൽ പേപ്പറിന്റെ ഭാഗങ്ങൾ 3 വശങ്ങളിൽ ഒട്ടിച്ചു ചേർക്കുക. നാലാമത്തെ ഭാഗം ചിത്രം അകത്തു തിരുകി വയ്ക്കുവാനായി തുറന്നിടുക.
3. പിക്ച്ചർ ഫ്രെയിമിൽ " അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനം" എന്ന വാക്യം ഒട്ടിക്കുക.
4. പിക്ചർ ഫ്രെയിമിൽ മഞ്ഞു കഷ്ണങ്ങൾ ഒട്ടിക്കുക.
5. ഫ്രെയിം തൂക്കിയിടാനായി ചുരുണ്ട റിബ്ബൺ അതിന്റെ പിറകിൽ ഒട്ടിക്കുക. ഫ്രെയിം ഉണങ്ങാനായി വയ്ക്കുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

# സ്കീയിംഗ് ക്ലാസ്സ്

## വിദ്യാർത്ഥികളുടെ പ്രവൃത്തികൾക്കുള്ള പേജുകൾ



പ്രവൃത്തികൾക്കുള്ള പേജുകൾ വിതരണം ചെയ്യുക.പദപ്രശ്നങ്ങൾ ചെയ്യുക. മനഃപാഠവാക്യം കാണത്തക്കവിധം, പേപ്പർ ഒരു കൈവള പോലെ മടക്കുക, കാണിച്ചിരിക്കുന്ന രീതിയിൽ ഓരോ കുട്ടികളുടെയും കൈയിൽ കെട്ടുക. ഇപ്പോൾ ഈ പാഠങ്ങൾ അവർക്ക് വീടുകളിൽ കൊണ്ടുപോകുവാൻ കഴിയും!

## ഉത്തരങ്ങൾ









എല്ലാ സമചതുരങ്ങളും പൂർത്തിയാക്കുവാൻ ഒരു സുഹൃത്തിനൊപ്പം കളിക്കുക. ഓരോരുത്തരായി കുത്തുകൾ തമ്മിൽ യോജിപ്പിക്കുക. ഒരു സമചതുരം പൂർത്തിയാകുമ്പോൾ നിങ്ങളുടെ ചുരുക്കപ്പേര് അതിൽ എഴുതുക. അതിനു ശേഷം ഒരു അവസരം കൂടുതൽ എടുക്കുക. എല്ലാ ചതുരങ്ങളും വരച്ച് പൂർത്തിയാക്കി കഴിയുമ്പോൾ കൂടുതൽ കൂടുതൽ ചതുരങ്ങൾ ലഭിച്ചയാൾ വിജയിയാകുന്നു. വാക്കുകൾ കണ്ടെത്തുക.



# 5 ദൈവത്തോടുള്ള നന്ദി

## ഉച്ചകോടി / യോസേഫിന്റെ ദർശനങ്ങൾ സഫലമായി.

ഉല്പത്തി 41: 14-40, 41: 53–57, 42: 1–6

## ദിവസം 5: കൊടുമുടി

കൊടുമുടിയിൽ നിന്നു തുടങ്ങി ബ്ലാക്ക്-ഡബിൾ ഡയമണ്ട് ( കഠിനമേറിയ) ചരിവിലേക്ക് കലമാനും മുയലും ഇന്ന് യാത്ര ചെയ്യുകയാണ്! കലമാനും മുയലും ആരംഭസ്ഥാനത്തേക്ക് യാത്ര ചെയ്തു കൊണ്ടിരിക്കുമ്പോൾ അവനത് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നുണ്ട് എന്ന് വിചാരിച്ച് മുയൽ വളരെ ആവേശഭരിതനായിത്തീർന്നു. സാധാരണ വസ്തുക്കളായ മരങ്ങളും മേഘങ്ങളും ചൂണ്ടിക്കാണിച്ചു കൊണ്ട് " ഹോ! അതു നോക്കൂ! എന്ന് ആവേശത്തോടെ പറഞ്ഞുകൊണ്ട് കലമാൻ പ്രതികരിച്ചു. മുയൽ തെറ്റായ ദിശയിൽ കൂടി പൊയ്ക്കൊണ്ടിരുന്നു; കലമാൻ ചരിവിലേക്ക് ഈ വഴിയാണ് പോകേണ്ടത് എന്ന് പറഞ്ഞുകൊണ്ടിരുന്നു. അവർ ചരിവിന്റെ മുകളിൽ എത്തിയപ്പോൾ, അവർ വളരെ ഉയരത്തിലായിരുന്നു, അതുപോലെ ചുറ്റുമുള്ളതും പർവ്വതത്തിലേക്കുള്ള വഴിയും അവർക്ക് കാണുവാൻ കഴിഞ്ഞു. അപ്പോൾ മുയൽ പേടിച്ചുവിറച്ച് അവന്റെ കാൽമുട്ടുകൾ കൂട്ടിയിടിക്കാൻ തുടങ്ങി. കീഴ്ക്കാംതൂക്കായ മലഞ്ചെരിവുകളും, മരങ്ങളും അവൻ തിരിച്ചറിഞ്ഞു തുടങ്ങി, എന്നിട്ട് സൂത്രത്തിൽ താഴേക്കുള്ള വഴിയിലേക്ക് തിരിഞ്ഞു. ഇനി ഒരിക്കലും കൊടുമുടിയിലേക്ക് സഞ്ചരിക്കണമോ എന്ന് മുയലിന് ഉറപ്പില്ലായിരുന്നു." മമ്മീ" അവൻ കരയുവാൻ തുടങ്ങി. "നീ ഇത് വളരെ കാലങ്ങളായി സ്വപ്നം കണ്ടുകൊണ്ടിരുന്നു." മുയൽ പറഞ്ഞു: " പക്ഷേ ഇത് വളരെ കഠിനമേറിയതാണ്!" കലമാൻ അടക്കിച്ചിരിച്ചുകൊണ്ട് പറഞ്ഞു, "എന്നെ വിശ്വസിക്കൂ, ഞാൻ പറയുന്നതുപോലെ ചെയ്യൂ, നിനക്ക് കൊടുമുടിയിലേക്ക് സഞ്ചരിക്കുവാൻ കഴിയും". തങ്ങൾ സഞ്ചരിച്ച ചരിവുകളെക്കുറിച്ചും, ഓരോ ചരിവും എത്രമാത്രം പ്രയാസമേറിയതായിരുന്നു എന്നും, കാട്ടിലൂടെയും ചെങ്കുത്തായ മലഞ്ചരിവുകളിലൂടെയും അപകടം നിറഞ്ഞ മൂലകളിലൂടെയും വീണതും അവൻ മുയലിനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ മുയൽ മുമ്പിലുള്ള ഓരോ ചരിവും സഞ്ചരിക്കുവാൻ തയ്യാറായിക്കഴിഞ്ഞിരുന്നു. താഴെ ചരിവിലേക്ക് സ്കീയിങ് നടത്തുമ്പോൾ വളരെ ശ്രദ്ധയോടെ ആയിരിക്കുകയും കലമാൻ അഭ്യസിപ്പിച്ചത് ചെയ്യുകയും ചെയ്താൽ മാത്രം മതിയായിരുന്നു. അവന് ആവശ്യമായി വരുമ്പോഴെല്ലാം ഓർമ്മിപ്പിക്കുകയും അവനൊപ്പം സ്കീയിങ് ചെയ്യുകയും വേണം." തയ്യാറാണോ?"കലമാൻ ചോദിച്ചു." ഞാൻ – ഞാൻ ...... തയ്യാറാണ് ...... യീക്ക്! മുയൽ പറഞ്ഞു. ചരിവിലൂടെ താഴേക്ക് അവർ സ്കീയിങ് തുടങ്ങിക്കൊണ്ട് ഒരുമിച്ച് ഉച്ചത്തിൽ പറഞ്ഞു, " ഇതാ നമ്മൾ പോകുന്നു.......!"



### വേദ വചന വാക്യം

"ഞാൻ മഹാസഭയിൽ നിനക്കു സ്തോത്രം ചെയ്യും; ബഹുജനത്തിന്റെ മദ്ധ്യേ നിന്നെ സ്തുതിക്കും." സങ്കീർത്തനങ്ങൾ 35:18

## പ്രധാന പാഠം: ദൈവത്തോടുള്ള നന്ദി

വിബിഎസിന്റെ അവസാന ദിവസമായ "അതിരുകളില്ലാത്ത ലക്ഷ്യസ്ഥാനത്തേക്ക് " സ്വാഗതം!
നിങ്ങളുടെ ജീവിതത്തെക്കുറിച്ച് എപ്രകാരമുള്ള പദ്ധതികളാണ് ദൈവത്തിനുള്ളത് എന്നതിനെപ്പറ്റി നാം സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദൈവത്തിൽ നിന്നും ഒരു ദർശനം അല്ലെങ്കിൽ ഒരു സ്വപനം ലഭിക്കുകയും ഒരു ദിവസം അത് യാഥാർത്യമാവുകയും ചെയ്യുന്നത് വളരെ ആവേശഭരിതമായ ഒന്നാണ്. എന്നാൽ സാധാരണയായി നാം ആഗ്രഹിക്കുന്നത് അത് എത്രയും പെട്ടന്ന് സാധ്യമാവണം എന്നാണ്. ദർശനം ലഭിച്ചതിനു ശേഷം ദൈവത്തിൽ നിന്നും അനുഗ്രഹം ലഭിക്കുവാൻ ഒരാഴ്ച നാം കാത്തിരിക്കും. പിന്നീട് ദൈവം എന്നാണ് പ്രവർത്തിക്കുക എന്ന് നാം അത്ഭുതപ്പെടാൻ തുടങ്ങും, അങ്ങനെ നാം അക്ഷമരായി മാറും!
ഈ വിബിഎസിൽ നാം യോസേഫുമായി സംസാരിക്കുകയായിരുന്നു, അവന്റെ സ്വപനങ്ങൾ പെട്ടന്ന് സഫലമായില്ല എന്ന് നമുക്കറിയാം. യഥാർത്ഥത്തിൽ ദൈവത്തിൽ നിന്നും സ്വപ്നങ്ങൾ ലഭിച്ചതിന് ശേഷം അവന്റെ ജീവിതത്തിലെ കഷ്ടപ്പാടുകളെയും യാതനകളെയും കുറിച്ചല്ലാതെ മറ്റൊന്നും കേൾക്കുവാൻ കഴിഞ്ഞിട്ടില്ല! സ്വപ്നം കണ്ടതുമുതൽ എത്ര വർഷത്തെ വേദനയാണ് അവൻ സഹിച്ചത് എന്ന് നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുമോ? കുട്ടികളേ, ഇന്ന് യോസേഫിനെ കണ്ടുമുട്ടുമ്പോൾ നിങ്ങൾ ചോദിക്കണം! ദൈവം അവന് വാഗ്ദാനം നൽകിയ അനുഗ്രഹങ്ങളും നേതൃസ്ഥാനവും എവിടെയെന്ന്. യോസേഫിനെപ്പോലെ, നമ്മുടെ ജീവിതത്തിലും ദൈവത്തിന് ചില പ്രത്യേക





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

പദ്ധതികൾ ഉണ്ട് . നമ്മുടെ ഹൃദയവും ജീവിതവും അവന് നൽകുമ്പോൾ ദൈവം അത് സ്വീകരിക്കുകയും അത്ഭുതകരമായ ഒന്നായി അതിനെ മാറ്റുകയും ചെയ്യും. എങ്കിലും ഒരുപക്ഷേ ദൈവം നമ്മിൽ പ്രവർത്തിക്കുവാൻ വർഷങ്ങളെടുക്കും. അതെ ആഴ്ചകളല്ല, വർഷങ്ങൾ. നാം പുറമെ എന്തായിത്തീരുന്നു എന്നതിനേക്കാൾ അകമെ എന്തായിത്തീരുന്നു എന്നാണ് ദൈവം കരുതുന്നത്. സംഭവിക്കുവാനിരിക്കുന്ന പല കാര്യങ്ങൾക്കുവേണ്ടിയും നമ്മെ പരിശീലിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ തയ്യാറാവുന്നു എങ്കിൽ മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ നമ്മെ ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ, ദൈവരാജ്യത്തിൽ ഉയരത്തിലേക്കുള്ള വഴി എല്ലായ്പ്പോഴും താഴ്ചയാണ്. നാം കയറുന്നു, വിയർപ്പൊഴുക്കുന്നു, ദൈവം ഒരുക്കിയിരിക്കുന്ന കൊടുമുടിയിലെത്തിച്ചേരാൻ വർഷങ്ങളെടുക്കും. അങ്ങ അതിശയകരമായ ആ ദിവസം കൊടുമുടിയിൽ നാം എത്തിച്ചേരുന്നു! അവിടെ എത്തിച്ചേരുമ്പോൾ നാം എന്താണ് ചെയ്യുക ഇതുവരെ കൊണ്ടുവന്നതിന് നമുക്ക് ദൈവത്തിന് നന്ദി പറയാം, ചുറ്റും നോക്കിക്കൊണ്ട് കൊടുമുടിയുടെ സൗന്ദര്യം ആസ്വദിക്കാം. ആ കാഴ്ച അമ്പരപ്പിക്കുന്നതാണ്, അവിടുത്തെ വായു ഉന്മേഷദായകമാണ്. ഒരു നിമിഷം ദൈവത്തിന് നന്ദി പറയാം. എങ്കിലും നാം ചുറ്റും നോക്കിക്കൊണ്ടിരിക്കുമ്പോൾ ഒരത്ഭുതം നമ്മെ കാത്തിരിക്കുന്നുണ്ട്. ഇത് നിങ്ങൾ വിശ്വസിക്കുവാൻ സാധ്യതയില്ല, എങ്കിലും കൊടുമുടിയിൽ നിന്നുകൊണ്ട് നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന മറ്റൊരു പർവ്വതം കാണുവാൻ കഴിയും! അത് സത്യമാണ്. ഒരു പർവ്വത്തിന്റെ കൊടുമുടിയിൽ നിന്നുകൊണ്ട് മറ്റൊരു പർവ്വതത്തിന്റെ അടിവാരത്താവളം കാണാൻ കഴിയും! ഇതാണ് ദൈവത്തിന്റെ ലക്ഷ്യസ്ഥാനത്തെ അതിരുകളില്ലാത്തതാക്കിത്തീർക്കുന്നത്! നാം തയ്യാറാകുമെങ്കിൽ അവൻ നമ്മെ മുകളിലേക്കുയർത്തുന്നത് തുടരും, മുമ്പോട്ട് കൊണ്ടുപോകും, അങ്ങനെ നാം പഠിക്കുകയും വളരുകയും ചെയ്യുന്നു. നമ്മുടെ നേട്ടങ്ങളും വളർച്ചയും മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ നമ്മെ എല്ലായ്പ്പോഴും പ്രാപ്തരാക്കും. നാം ഇത് ഉപേക്ഷിക്കരുത്, കയറുന്നത് തുടരുക, നമ്മുടെ ജീവിതത്തിനായി ദൈവം ഒരുക്കിയിരിക്കുന്ന അതിരുകളില്ലാത്ത പദ്ധതികളിലേക്ക് അവനെ പിന്തുടരാം. കൊടുമുടികൾക്കായി ഒരു നിമിഷം ദൈവത്തിന് നന്ദി പറയാം. മറ്റൊരു പർവ്വതം അവൻ കാണിച്ചു തരുമ്പോൾ മറക്കാതിരിക്കുക, ഉയരത്തിലേക്കുള്ള വഴി താഴ്ചയാണ്!

### പ്രധാന ബിന്ദു

ദൈവത്തോടുള്ള നന്ദി

# ചുറ്റിത്തിരിയൽ സ്ഥാനങ്ങൾ

## കൊടുമുടിയിലെ ലഘുഭക്ഷണശാല ദിവസം 5

ഇന്ന് നമ്മൾ കൊടുമുടിയിൽ എത്തിച്ചേരുന്നു.
ഈ ദിവസം നാം പഠിച്ചത് ഓർമ്മിക്കുന്നതിനായി പർവ്വത നിരകൾ ഉണ്ടാക്കാം.



സാമഗ്രികൾ
തണ്ണിമത്തങ്ങ പർവ്വത ശിഖരം പോലെ മുറിച്ചത്, ഐസ്ക്രീം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വെണ്ണ.
നിർദേശങ്ങൾ
തണ്ണിമത്തൻ " പർവ്വത ശിഖരത്തിൽ" വെണ്ണയാകുന്ന " മഞ്ഞ് " തളിക്കുക.

മറ്റൊരു ആശയം
സാമഗ്രികൾ
റൊട്ടി പർവ്വത ശിഖരം പോലെ മുറിച്ചത്
മുകളിൽ അലങ്കരിക്കുന്നതിന് പാൽക്കട്ടി, സൽസ, ബീൻ അല്ലെങ്കിൽ പുളിയുള്ള ക്രീം എന്നിവ പർവ്വത ശിഖരത്തിന് മുകളിലെ മഞ്ഞും മേഘങ്ങളുമായി ഉപയോഗിക്കാം.
നിർദേശങ്ങൾ
നിങ്ങളുടെ സങ്കല്പത്തിനനുസരിച്ച് വിദ്യാർത്ഥികൾക്ക് രസകരമാകത്ത രീതിയിൽ പർവ്വത നിരകൾ നിർമ്മിച്ചുകൊണ്ട് അവരവരുടെ സ്ഥലങ്ങളിൽ ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് മുകൾഭാഗം അലങ്കരിച്ച് ലഘു ഭക്ഷണം കഴിക്കുന്നതിന് തയ്യാറാക്കുക.





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

വേദ വചന പർവ്വതം

യോസേഫിന്റെ ദർശനങ്ങൾ സഫലമായി.
( ഉല്പത്തി 41: 14-40, 41: 53–57, 42: 1–6)

# യോസേഫ്

കുട്ടികളേ വന്ദനം! നമ്മുടെ വിബിഎസിന്റെ അവസാന ദിവസത്തിൽ വീണ്ടും നിങ്ങളോടൊപ്പം ആയിരിക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. നിങ്ങൾക്ക് രസകരമായി തോന്നുന്നുണ്ടോ? ഞാനാണ് എന്ന് എനിക്കറിയാം! നക്ഷത്രങ്ങളും കറ്റകളും എന്നെ നമസ്കരിക്കുന്ന സ്വപനം കണ്ടതിനു ശേഷം ബുദ്ധിമുട്ടുകളും വേദനയും മാത്രമാണ് എനിക്കനുഭവപ്പെട്ടത്. ദൈവത്തോടും എന്റെ യജമാനനോടും വിശ്വസ്തനായിരിക്കാൻ ഞാൻ ശ്രമിച്ചപ്പോഴും, പുതിയ പ്രയാസങ്ങൾ എനിക്കനുഭവപ്പെട്ടു. ഞാൻ അത്ഭുതപ്പെട്ടു, “ ദൈവമേ ഈ സ്വപനങ്ങൾ വളരെ മുൻപേ നൽകിയതെന്തിനാണ്? 17 വയസ് മാത്രം പ്രായമുള്ളപ്പോൾ, ഭാവിയുടെ അനുഗ്രഹത്തിനായി ദൈവമേ, ഇത്ര വലിയ സ്വപ്നം നൽകിയതും അതിനായി വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നതും എന്തുണ്ടോണ്?” അങ്ങനെ ഒരു ദിവസം, എനിക്ക് 30 വയസ് പ്രായമുള്ളപ്പോൾ അത് സംഭവിച്ചു! ഒടുവിൽ അനുഗ്രഹം എന്നെ തേടി എത്തി! മുകളിലേക്ക് കയറുന്നതിന് പകരം എത്ര വർഷങ്ങൾ ഞാൻ താഴേക്കു പൊയ്ക്കൊണ്ടിരുന്നു എന്ന് നിങ്ങൾക്ക് വിലയിരുത്തുവാൻ സാധിക്കുമോ? ദൈവം സ്വപ്നങ്ങൾ തന്നപ്പോൾ എനിക്ക് 17 വയസായിരുന്നു, അവ നിവർത്തിയായപ്പോൾ 30 വയസും. (13 വർഷങ്ങൾ) ഞാൻ ജയിലിലായിരുന്നു, ഒരുപാട് കാര്യങ്ങളുടെ ചുമതല ഉണ്ടായിരുന്നു. എങ്കിലും പുറത്തു പോകുവാൻ അനുവാദമില്ലായിരുന്നു; അങ്ങനെയിരിക്കെ ചൂടുള്ള ഒരപരാഹ്നത്തിൽ, പെട്ടന്ന് ആരോ ഒരാൾ എന്നെ അന്വേഷിച്ചെത്തി!

ഫറവോന് ദൈവത്തിൽ നിന്നും രണ്ട് സ്വപ്നങ്ങൾ ലഭിച്ചു, ആർക്കും അത് വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല. അവന്റെ സ്വപ്നത്തിൽ ഏഴ് മെലിഞ്ഞ പശുക്കളും ഏഴ് തടിച്ച പശുക്കളും, അതുപോലെ ഏഴ് നല്ല നെൽക്കതിരുകളും ഏഴ് ശോഷിച്ച നെൽക്കതിരുകളും ഉണ്ടായിരുന്നു. പാനപാത്ര വാഹകൻ എന്നെക്കുറിച്ച് ഓർക്കുകയും ഫറവോയോട് പറയുകയും ചെയ്തു. അവൻ എന്നെ ജയിലിന് പുറത്തു കൊണ്ടു വന്നു, കുളിച്ച് നല്ല വസ്ത്രം ധരിച്ചതിനു ശേഷം ഫറവോയുടെ മുന്നിൽ എത്തി. സ്വപ്നങ്ങളുടെ അർത്ഥം ദൈവം എനിക്ക് നൽകിത്തന്നു. ഈജിപ്തിൽ ഏഴ് വർഷങ്ങൾ സമൃദ്ധിയും അടുത്ത ഏഴ് വർഷങ്ങൾ ക്ഷാമവും ഉണ്ടാകും എന്ന് ഞാൻ ഫറവോയോട് പറഞ്ഞു. കുട്ടികളേ, ഫറവോ എന്താണ് ചെയ്തത് എന്ന് നിങ്ങൾക്ക് വിശ്വസിക്കുവാൻ കഴിയില്ല! അവൻ എന്നെ അധികാരിയാക്കി, എന്റെ വേദനകൾ അവസാനിച്ചു.

സുന്ദരിയായ ഭാര്യയേയും അതിശയകരമായ ഭവനവും എനിക്ക് ലഭിച്ചു. മുഴുവൻ ഈജിപ്തിനും ഞാൻ അധികാരിയായിത്തീർന്നു. ഇങ്ങനെ ഒരനുഗ്രഹം ജീവിതത്തിൽ എനിക്ക് സങ്കല്പിക്കുവാൻപോലും കഴിഞ്ഞിരുന്നില്ല. ഏഴ് വർഷങ്ങൾ ധാന്യം ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും ഞാൻ ചിലവഴിച്ചു. ക്ഷാമം ഉണ്ടായപ്പോൾ പല രാജ്യങ്ങളും ബുദ്ധിമുട്ടിലായി. ധാന്യത്തിനായി ജനങ്ങൾ എല്ലായിടവും സഞ്ചരിച്ചു. ഞങ്ങളുടെ രാജ്യത്തു മാത്രമേ ധാന്യം ഉണ്ടായിരുന്നുള്ളു.

നിങ്ങൾ ഇത് വിശ്വസിക്കില്ല. എന്റെ സഹോദരന്മാരും വളരെ ദൂരം സഞ്ചരിച്ച് ഈജിപ്തിൽ എത്തിച്ചേർന്നു. വിധിയുടെ ആ ദിനം വന്നെത്തി. അവർ എന്റെ മുമ്പിൽ നമസ്കരിച്ചു. ഞാൻ ഈജിപ്തിലെ ഏറ്റവും പ്രധാനപ്പെട്ട നേതാവയിരുന്നു, ഫറവോക്ക് രണ്ടാമനായിരുന്നു. അവർ എന്റെ മുമ്പിൽ മുട്ടുകുത്തി! അങ്ങനെ എന്റെ സ്വപനങ്ങൾ സഫലമായി. അതിന് കേവലം ഇരുപത് വർഷങ്ങൾ മാത്രമാണ് വേണ്ടി വന്നത്! പിന്നിലേക്ക് പൊയ്ക്കൊണ്ടിരുന്ന ആ 13 വർഷങ്ങൾ കഠിനമായിരുന്നു.

ക്ഷാമകാലത്ത് അനേകം ജനങ്ങളെ രക്ഷിക്കുവാൻ എന്നെ ഉപയോഗിച്ചതിന് ഞാൻ ദൈവത്തിന് നന്ദി പറഞ്ഞു. എന്റെ കുടുംബത്തിൽ മടങ്ങിയെത്തുവാൻ സാധിച്ചതിനും ഞാൻ ദൈവത്തിന് നന്ദി പറഞ്ഞു.





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam



# അദ്ധ്യാപകൻ

കുട്ടികളേ, ഈ ആഴ്ചത്തെ വിബിഎസിൽ പങ്കെടുത്ത് നമുക്കു മുമ്പിൽ തന്റെ ഹൃദയം തുറക്കുവാൻ തയ്യാറായതിന് യോസേഫിന് ദയവായി ഹൃദ്യമായ ഒരു കൈയടി നൽകിയാലും.

എനിക്കും നിങ്ങൾക്കും വലിയ സ്വപ്നങ്ങൾ ഉണ്ട്, യോസേഫിനെപ്പോലെ. എന്നാൽ അത് നിവർത്തിക്കുവാൻ 20 വർഷങ്ങൾ എടുക്കും എന്നത് നമുക്ക് പ്രതീക്ഷിക്കുവാൻ സാധ്യമല്ല! നമുക്ക് ദൈവത്തിൽ ആശ്രയിക്കുവാൻ കഴിയും. ദൈവം നമ്മുടെ സ്വപ്നങ്ങൾ ഒരു ദിവസം പൂർത്തീകരിക്കും എന്ന് നമുക്കറിയാം. ഒരുപക്ഷേ കൂടുതൽ സ്വപ്നങ്ങൾ തരികയും ചെയ്യും. ഇങ്ങനെയാണ് ദൈവത്തിന്റെ ലക്ഷ്യസ്ഥാനം അതിരുകളില്ലാത്തതാകുന്നത്! നാം തയ്യാറാകുന്നു എങ്കിൽ  അവൻ നമ്മെ മുകളിലേക്കുയർത്തും, മുമ്പോട്ട് കൊണ്ടു പോകും. അങ്ങനെ നാം വളരുവാൻ അഭ്യസിക്കും. ഈ സമയം മുഴുവൻ നമ്മുടെ എല്ലാ നേട്ടങ്ങളും മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരും. യോസേഫിന്റെ സ്വപ്നങ്ങൾ ഒരു രാജ്യത്തിനുമുഴുവൻ ഭക്ഷണം കരുതിയതുപോലെ. ഈ ആഴ്ച ഞങ്ങളെ സന്ദർശിച്ചതിന് യോസേഫ് നിനക്ക് നന്ദി!

# പ്രവൃത്തി





പർവ്വതത്തിലെ കൊടുമുടിയിൽ വയ്ക്കുന്നതിന് ആവശ്യമായ കൊടികൾ ഉണ്ടാക്കുന്നതാണ് ഇന്നത്തെ പ്രവൃത്തി. പർവ്വതത്തിന്റെ ഒരു പോസ്റ്റർ തയ്യാറാക്കുക. കൊടുമുടിയിൽ ധാരാളം സ്ഥലം നൽകുക. തൃകോണാകൃതിയിലുള്ള കൊടികൾ തയ്യാറാക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുക. കൊടിക്കാലുകളുടെ ആവശ്യമില്ല, കൊടികൾ പേപ്പറിൽ ഒട്ടിക്കുകയാണ് ചെയ്യുന്നത്. കുട്ടികൾക്ക് നന്ദി സൂചകമായി ഒരു പ്രാർത്ഥന നടത്തുവാൻ കഴിയും. അല്ലെങ്കിൽ ഉറക്കെ "ദൈവമേ നന്ദി!" എന്നു പറഞ്ഞുകൊണ്ട് കൊടികൾ കൊടുമുടിയിൽ വയ്ക്കുക.

# സമ്മതിദാനം



സമ്മതിദാനപ്പട്ടികയ്ക്കു ചുറ്റും കുട്ടികളെ വിളിച്ചു കൂട്ടുക.  ഓരോ ചോദ്യങ്ങളും, സാധ്യമായ രണ്ട് തിരഞ്ഞെടുപ്പുകളും അവർക്ക് പരിചയപ്പെടുത്തുക. ഓരോ കുട്ടിയും തങ്ങളുടെ അഭിപ്രായം തെരഞ്ഞെടുത്ത് ഓരോ പ്രായക്കാർക്കുമുള്ള പട്ടികയിൽ തങ്ങളുടെ ഒപ്പ് വയ്ക്കുക.  ആവശ്യമെങ്കിൽ സമ്മതിദാനം രേഖപ്പെടുത്തുവാൻ സ്റ്റിക്കറുകൾ ഉപയോഗിക്കാം.  ശരിയായ ഉത്തരം അവർ കാണാതിരിക്കുവാൻ ശ്രമിക്കുക.

അ. തന്റെ സ്വപ്നത്തിലെപ്പോലെ തന്റെ സഹോദരൻമാർ അനുതപിക്കുകയും തങ്ങളുടെ ഭൂതകാലത്തിലെ പ്രവർത്തികളെപ്പറ്റി  അനുതപിക്കുകയും ചെയ്യാൻ യോസേഫ് അവരെ നിർബന്ധിക്കണമായിരുന്നു.  അവർ എത്രത്തോളം അത് ഇഷ്ടപ്പെടുന്നു എന്നറിയുവാൻ അവന് അവസരം ഉണ്ടായിരുന്നു.

ആ. സ്വപ്നത്തിന്റെ  അർത്ഥം ഫറവോന് പറഞ്ഞുകൊടുത്ത്, രാജ്യത്തെ ക്ഷാമത്തിൽ നിന്ന് രക്ഷിക്കുവാൻ മതിയായ കാര്യങ്ങൾ ചെയ്തുകൊണ്ട്, വിദേശീയരേയും ധാന്യം വാങ്ങുവാൻ അനുവദിക്കുകയും അവരെ രക്ഷിക്കുകയും ചെയ്ത് യോസേഫ്  ശരിയായ കാര്യമായിരുന്നു ചെയ്തത്.





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam




# തണുത്തുറഞ്ഞ കളികൾ
# ഉത്സവ ദിവസം

ഈ വ്യത്യസ്ത അഞ്ച് സ്റ്റേഷനുകളിലായി കുട്ടികൾ ഗെയിമുകൾ കളിക്കാൻ അനുവദിക്കുക. കൂടുതൽ രസകരമാകുന്നതിനു വേണ്ടി ഗെയിമുകൾ കളിക്കാനുള്ള ടിക്കറ്റുകൾ വിൽക്കാനുള്ള ഒരു ബൂത്തും തയ്യാറാക്കുക.

- കലമാന്റെ കൊമ്പിൽ റിംഗുകൾ എറിഞ്ഞ് വീഴിക്കുക.
- മുയലിന്റെ വയറ്റിലെ തുളകളിൽ മഞ്ഞുബോളുകൾ എറിഞ്ഞിടുക. (പല തുളകൾ ഇടുക, തുള ചെറുതാകുന്നതിനൊപ്പം പോയിന്റുകൾ വർദ്ധിക്കുന്നു.)
- മഞ്ഞുമീൻ പിടുത്തത്തിനായി വെള്ള ബക്കറ്റിൽ കാന്തം പിടിപ്പിച്ച ചൂണ്ടയും പേപ്പർക്ലിപ്പ് കോർത്ത മീനുകളും ഇടുക.(കാന്തം മീൻ പിടിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തണം)
- ശൂന്യമായ വെള്ളക്കുപ്പികൾ മഞ്ഞുബോളുകൾ കൊണ്ട് എറിഞ്ഞിടുക. സമയമെടുത്ത് ശൂന്യമായ കുപ്പികളും ചായക്കപ്പുകളും അലങ്കരിക്കുക. അവയെ എറിഞ്ഞിടുവാനായി പേപ്പർ ബോളുകൾ ചുരുട്ടി എടുക്കുക. ശൂന്യമായ കുപ്പികൾ എറിഞ്ഞിടാൻ പറ്റിയ ഘനത്തിലാണോ നിങ്ങളുടെ മഞ്ഞുബോളുകൾ എന്ന് പരിശോധിക്കുക.

ഊഹിക്കുന്ന സ്ഥാനം; ഒരു ജാറിൽ എത്ര ഗം ബോളുകൾ അല്ലെങ്കിൽ മിഠായികൾ ഉണ്ടെന്ന് കുട്ടികൾ ഊഹിക്കട്ടെ.









## ദിവസം 5

# മുറിക്കുള്ളിലെ കരകൗശലങ്ങൾ
## മഞ്ഞു നിറഞ്ഞ പർവ്വതത്തിന്റെ ദൃശ്യം



നിർദേശങ്ങൾ

1. ദൃശ്യത്തിന്റെ പ്രധാന ഭാഗം ഓരോ കുട്ടിക്കും നൽകുക. ദൃശ്യത്തിന് നിറം കൊടുക്കുക, കുട്ടികൾക്ക് ചില മരങ്ങൾ, പർവ്വതങ്ങൾ, മേഘങ്ങൾ, ആളുകൾ എന്നിവ അവരുടെ ഇഷ്ടാനുസരണം വരച്ചു ചേർത്ത്നിറം കൊടുക്കുവാൻ കഴിയും.
2. ഓരോ കുട്ടിക്കും 4 മേഘങ്ങൾ, 1 വലിയ മരം, 2 ചെറിയ മരങ്ങൾ എന്നിവ നൽകുക.
3. മരങ്ങളും മേഘങ്ങളും ദൃശ്യത്തിൽ ഒട്ടിച്ചു ചേർക്കുന്നതിനു മുമ്പ് അത് നടുവെ നീളത്തിൽ മടക്കുക. മടക്കിയ ഭാഗം ദൃശ്യത്തിൽ ഒട്ടിച്ചു ചേർത്ത് ഒരു 3ഡി പ്രതീതി വരത്തക്കവണ്ണം സജ്ജീകരിക്കുക.

# സ്കീയിംഗ് ക്ലാസ്സ്

## വിദ്യാർത്ഥികളുടെ പ്രവൃത്തികൾക്കുള്ള പേജുകൾ



പ്രവൃത്തികൾക്കുള്ള പേജുകൾ വിതരണം ചെയ്യുക.പദപ്രശ്നങ്ങൾ ചെയ്യുക. മനഃപാഠവാക്യം കാണത്തക്കവിധം, പേപ്പർ ഒരു കൈവള പോലെ മടക്കുക, കാണിച്ചിരിക്കുന്ന രീതിയിൽ ഓരോ കുട്ടികളുടെയും കൈയിൽ കെട്ടുക. ഇപ്പോൾ ഈ പാഠങ്ങൾ അവർക്ക് വീടുകളിൽ കൊണ്ടുപോകുവാൻ കഴിയും!

## ഉത്തരങ്ങൾ









കഥ വായിക്കാതെ തന്നെ നിങ്ങളുടെ വിദ്യാർത്ഥി ഒരു സുഹൃത്തിനൊപ്പം മാറി മാറി വാക്കുകളുടെ പട്ടിക പൂരിപ്പിക്കുവാൻ അനുവദിക്കുക. നീല നിറത്തിലുള്ള കളത്തിൽ കഥയിലെ,താഴെ നൽകിയിരിക്കുന്ന വാക്കുകൾ എഴുതുക.കഥ ഉറക്കെ വായിക്കുക.വാക്കുകൾ കഥയ്ക്ക് യോജിച്ചതാവണമെന്നില്ല. എത്രത്തോളം ചേരാതിരിക്കുന്നുവോ, പ്രവൃത്തി അത്ര തന്നെ തമാശ നിറഞ്ഞതായിരിക്കും.

1. സ്ഥാനം ______________________

2.നാമം, ബഹുവചനം ____________________

കയറുന്നത്,________________, ________________നിറച്ച ഒരു
(സ്ഥാനം) (നാമം, ബഹുവചനം)
പാത്രത്തേക്കാൾ കൂടുതൽ തമാശ നിറഞ്ഞതായിരിക്കും.

- നാമം :ഒരു വ്യക്തിയുടെ, സ്ഥലത്തിന്റെ, മൃഗത്തിന്റെ അല്ലെങ്കിൽഒരു വസ്തുവിന്റെ പേര്
ബഹുവചനം എന്നാൽ 1 ൽ കൂടുതൽ.
- നാമവിശേഷണം : നാമത്തിനെക്കുറിച്ച് വിവരിക്കുന്നു. അവിശ്വസനീയമായ, വലിയ, നിസ്സാരമായ തുടങ്ങിയവ.
- ക്രിയ : പ്രവർത്തിയെക്കുറിക്കുന്നു. പാടുക, കഴിക്കുക, ഓടുക തുടങ്ങിയവ



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam






| എളുപ്പമുള്ളത് | ഇടത്തരം | പ്രയാസമേറിയത് |
|---|---|---|
| 4–6 വയസ്സ് വരെ | 7–9 വയസ്സുവരെ | 10–12 വയസ്സുവരെ |

ഓൺലൈനിൽ മുഴുവൻ പ്രോഗ്രാമുകളും ഡൗൺലോഡ് ചെയ്യുകയും ഈ വി.ബി.എസിനെപ്പറ്റി നിങ്ങളുടെ അദ്ധ്യാപകരെ ആവേശഭരിതരാക്കുകയും ചെയ്യുക! ഞങ്ങളുടെ "ഡെസ്റ്റിനേഷൻ വിത്തൗട്ട് ലിമിറ്റസ്" വെബ്സൈറ്റിൽ എല്ലാ അവശ്യ വസ്തുക്കളും കണ്ടെത്തുക.
www. ചിൽഡ്രൻ ആർ ഇംപോർട്ടന്റ്.കോം/ഡെസ്റ്റിനേഷൻ
ഞങ്ങൾ മെക്സിക്കോവിലാണ് : 52-592-924-9041
ഇൻഫോ@ചിൽഡ്രൻആർഇംപോർട്ടന്റ്.കോം

## വിദ്യാർത്ഥികൾക്കുള്ള പ്രവൃത്തി പേജുകൾ

ഓരോ ലഘുരേഖയ്ക്കിരുപുറവും നിറയെ പ്രവൃത്തികൾ കൊടുത്തിരിക്കുന്നു. പദപ്രശ്നം പൂർത്തിയാക്കിയ ശേഷം മടക്കി ഒരു കൈവളപോലെ വിദ്യാർത്ഥികളുടെ കൈത്തണ്ടയിൽ, മന:പ്പാഠ വാക്യം മുകളിൽ വരത്തക്കവിധം കെട്ടുക.

കുട്ടികൾ
പ്രാധാന്യമുള്ളവർ




## അധികാരിയുടെ സഹായഗ്രന്ഥം

ഈ പുസ്തകത്തിൽ ഈ വി.ബി.എസിനെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും കണ്ടെത്തുക! സമയപ്പട്ടിക, സന്നദ്ധസേവകർ, പാഠങ്ങൾ, അധികമായ ആശയങ്ങൾ എന്നിവയും.

## ക്ഷണിക്കുവാനുള്ള പോസ്റ്റർ

നിങ്ങളുടെ വി.ബി.എസ്സിലേക്ക് കൂടുതൽ കുട്ടികളെ ക്ഷണിക്കുന്നതിനായി ഈ പോസ്റ്റർ സമീപപ്രദേശത്ത് തൂക്കിയിടുക.




## ക്ഷണിക്കുവാനുള്ള ഫ്ളയർ

ഈ ഫ്ളയേഴ്സ് ഉപയോഗിച്ച് കൂടുതൽ കുട്ടികളോട് യേശുവിനെക്കുറിച്ച് പറയുകയും അവരെ വി.ബി.എസ്സിലേക്ക് ക്ഷണിക്കുകയും ചെയ്യുക.




## പോക്കറ്റ് മാർഗ്ഗനിർദേശിഗ്രന്ഥം

പാഠങ്ങളെപ്പറ്റിയുള്ള പൊതുവായ വിവരങ്ങൾ അടങ്ങിയ ഈ ചെറുഗ്രന്ഥം നിങ്ങളുടെ വി.ബി.എസിലെ എല്ലാ പ്രധാനപ്പെട്ട വ്യക്തികൾക്കും നൽകുക.






www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam




## ദൗത്യപാക്ക്

Choose - go to India or South America!

ദൗത്യത്തെപ്പറ്റി നിങ്ങളുടെ കുട്ടികളെ ആവേശഭരിതരാക്കുക!

- 5 കളർ പോസ്റ്ററുകൾ
- 5 വിവിധ ഭാഷകളിലുള്ള പ്രവൃത്തിപ്പേജുകൾ
- 1 സംഭാവനപ്പെട്ടി – ദൗത്യങ്ങൾക്ക് നൽകുവാൻ









## സംഗീത സിഡിയും ഡിവിഡിയും

വി.ബി.എസിനായി തയ്യാറാക്കിയിരിക്കുന്ന ഞങ്ങളുടെ പാട്ടുകളും നൃത്തങ്ങളും നിങ്ങളുടെ വിബിഎസിനെ ആവേശം നിറഞ്ഞതാക്കി തീർക്കട്ടെ! പാട്ടുകൾ ഓൺലൈനിൽ ഡൗൺലോഡ് ചെയ്യുക. യു ടൂബിൽ വീഡിയോ കാണുക.

ഈ സമയം ഇംഗ്ലീഷിലോ സ്പാനിഷിലോ മാത്രം പാട്ടുകൾ പാടുക.




## വോട്ടിങ് പാക്ക്

ഈ വോട്ടിങ് പോസ്റ്ററുകൾ ഉപയോഗിച്ച് തങ്ങളുടെ അഭിപ്രായ പ്രകടനം നടത്തുവാൻ കുട്ടികളെ അനുവദിക്കുക.





## സർട്ടിഫിക്കറ്റ്

ഈ സർട്ടിഫിക്കറ്റുമായി കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് അവർക്ക് സമ്മാനങ്ങൾ നല്കുക.

## കരകൗശലങ്ങൾ

കുട്ടികൾ കരകൗശലങ്ങൾ ഇഷ്ടപ്പെടുന്നു! ഈ വിബിഎസിൽ 5 കരകൗശലങ്ങളുടെ ഒരു കൂട്ടമാണുള്ളത്. ഓരോ ദിവസവും ഓരോന്ന്, മാതാപിതാക്കൾക്കൊപ്പം. അനായാസം കിട്ടുന്ന പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ച് കുട്ടികൾ കളിക്കുന്നതോടൊപ്പം ഓരോ ദിവസവും പാഠങ്ങൾ പ്രാബല്യത്തിൽ എത്തിക്കുകയും ചെയ്യുക.

## വലിയ പിൻകർട്ടൻ

പിഡിഎഫ് ഡൗൺലോഡ് ചെയ്ത് ചിത്രപ്പണികളുള്ള മെഴുകു തുണിക്ക് ഓർഡർ നൽകുക.









www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers. Malayalam

## തയ്യാറാവുക...

# വിജയിയാകുവാൻ?




www.ChildrenAreImportant.com/champions

Manual Destination
Malayalam

40002


www.ChildrenAreImportant.com
info@childrenareimportant.com
We are located in Mexico.
DK Editorial Pro-Visión A.C.


കുട്ടികൾ പ്രാധാന്യമുള്ളവർ